www.malankaralibrary.com

ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി | ഭാരതവും കത്തോലിക്കാ സഭയും | ബ്രദർ മാവുരൂസ്

# കാരുണികൻ

Vol. 8 No.03 Mar 2011

₹ 25

www.karunikan.com

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക



ന്യൂ ഏജ് പ്രസ്ഥാനങ്ങൾ

കേരളത്തിലെ പുതിയ സഭകൾ

നവീകരണത്തിലെ നെല്ലും പതിരും

## പുതുപുത്തൻ സഭകൾ

www.malankaralibrary.com



'പുതുപുത്തൻ സഭകൾ' ആണ് ഇത്തവണത്തെ പ്രമേയം. കേരളത്തിലെ ക്രൈസ്തവ മതമേഖലയിൽ വളർന്നു വന്നിട്ടുള്ള പുതിയ പ്രവണതകളെ അവതരിപ്പിക്കാനുള്ള ശ്രമമാണിവിടെ.

നവസഭാവിഭാഗങ്ങൾ, ന്യൂ ഏജ് മൂവ്മെന്റ്സ്, നവീകരണ പ്രസ്ഥാനത്തിലെ നെല്ലും പതിരും എന്നിവയാണ് പ്രധാന ലേഖനങ്ങൾ. ഒപ്പം കൊടുങ്ങല്ലൂർ രൂപതാ മെത്രാനായി സ്ഥാനമേറ്റെടുത്ത അഭിവന്ദ്യ ജോസഫ് കാരിക്കശ്ശേരിയുമായുള്ള അഭിമുഖ സംഭാഷണവും.

കാരുണികൻ

സമ്പൂർണ്ണ ദൈവശാസ്ത്ര മാസിക

**വിലാസം:**
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.
എറണാകുളം - 682 015
ഫോൺ : 0484 - 2665233
ഫാക്സ് : 0484 - 2665433
e-mail : karunikan@rediffmail.com
website: www.karunikan.com

www.malankaralibrary.com



കാരുണികൻ
പുസ്തകം എട്ട് ലക്കം മൂന്ന്
2011 മാർച്ച്

**രക്ഷാധികാരി**
ഡോ. ഫ്രാൻസിസ് കൊടിയൻ
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. എമ്മാവൂസ് പ്രവിശ്യ

**സഹ രക്ഷാധികാരി**
ഡോ. തോമസ് പ്ലാത്തോട്ടത്തിൽ

**പത്രാധിപർ**
ജെ. നാലുപറയിൽ

**സഹപത്രാധിപർ**
ജി. കടൂപ്പാറയിൽ

**എക്സിക്യൂട്ടീവ് എഡിറ്റർ**
വിൻസന്റ് ശ്രാമ്പിക്കൽ

**സബ്ബ് എഡിറ്റർ**
ജാസ്മിൻ ജേക്കബ്

**പത്രാധിപസമിതി**
പോൾ തേലക്കാട്ട്
ബോബി ജോസ് കട്ടികാട്
സാധു ഇട്ടിയവിരാ
ജേക്കബ് ആക്കനത്ത്
തോമസ് കൂട്ടുങ്കൽ

**സർക്കുലേഷൻ മാനേജർ**
തോമസ് കുഴിയടിച്ചിറ

**ചിത്രീകരണങ്ങൾ**
സതീഷ്. കെ.

**രൂപകല്പന**
അബ്ദു നെല്ലിമറ്റത്തിൽ

ഒരു എമ്മാവൂസ് പ്രസിദ്ധീകരണം

## നിശബ്ദമായ ജനകീയ പ്രക്ഷോഭങ്ങൾ

പത്ത് ആഴ്ചകൾ അത്ര വലിയൊരു കാലമല്ല. പ്രത്യേകിച്ചും ഒരു ജനകീയ പ്രക്ഷോഭത്തിന്റെ കാര്യമാകുമ്പോൾ. എന്നിട്ടും ഈ ചെറിയ കാലത്തിനുള്ളിൽ അറബ് ലോകത്തിലൂടെ ജനകീയ പ്രക്ഷോഭം പടർന്നു കയറിയ വേഗത ആരെയും അത്ഭുതപ്പെടുത്തും. ഉപമിക്കാനാവുന്നത് തീകൊടുത്ത മാലപ്പടക്കത്തിന്റെ ശ്രേണിയോടാണ്.

തുടക്കം ടുണീഷ്യയിലായിരുന്നു. അതിനെത്തുടർന്ന് ബഹറിൻ, അൾജീരിയാ, യോർദ്ദാൻ, യമൻ, അൽബേനിയ. പിന്നീട് സിറിയ, ലെബനോൻ, ഈജിപ്ത്. ഇപ്പോഴിതാ ലിബിയയിലെ ഗദ്ദാഫിക്കെതിരെ എത്തി നിൽക്കുന്നു ജനകീയ സമരത്തിന്റെ രോഷം. എത്ര വേഗത്തിലാണ് ജനകീയ വിപ്ലവം മധ്യപൂർവ്വദേശത്തും ആഫ്രിക്കയിലും പടർന്നു പിടിച്ചത്!

2010 ഡിസംബർ 17 ന് ആയിരുന്നു ടുണീഷ്യയിൽ സമരത്തിന്റെ തീപ്പൊരി വീണത്. മുഹമ്മദ് ബുവാസിസി എന്ന ചെറുപ്പക്കാരന് 26 വയസ്സായിരുന്നു പ്രായം. പഴക്കച്ചവടമായിരുന്നു തൊഴിൽ. ലൈസൻസ് ഇല്ലാത്തതിന്റെ പേരിൽ പോലീസ് അയാളുടെ ഉന്തുവണ്ടി പിടിച്ചെടുത്തു. ജീവിതമാർഗ്ഗം തകർന്ന അയാൾ നൈരാശ്യത്താൽ ആത്മാഹുതി ചെയ്യാനായി സ്വയം തീകൊളുത്തി. കുറേദിവസങ്ങൾക്കുള്ളിൽ അയാൾ മരിച്ചു. അതോടെ സർക്കാർ വിരുദ്ധ പ്രക്ഷോഭം ടുണീഷ്യയിൽ പൊട്ടിപ്പുറപ്പെട്ടു. അധികം താമസിയാതെ പ്രസിഡന്റ് ബെൻ അലി ഏകാധിപത്യ ഭരണം ഉപേക്ഷിച്ച് നാട്ടിൽ നിന്നും പലായനം ചെയ്തു.

www.malankaralibrary.com

അറബി ലോകത്ത് പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ജനകീയ അസ്വസ്ഥതയ്ക്ക് എന്താണ് കാരണം? പല കാരണങ്ങളും ചൂണ്ടികാട്ടാനാവുമെങ്കിലും, ജനകീയ ആവശ്യങ്ങളോടു തൃപ്തികരമായി പ്രതികരിക്കാൻ ഭരണകർത്താക്കൾക്ക് കഴിയാതെ പോയതു തന്നെയാണ് പ്രധാന കാരണം. സാമാന്യജനത്തിന്റെ ആവശ്യങ്ങൾ നല്ല വിദ്യാഭ്യാസവും ജോലിയും, വരുമാനവും, മനുഷ്യോചിതമായ ജീവിതസൗകര്യങ്ങളുമായിരുന്നിരിക്കണം. അതിലുപരി, ലോകത്തിലെ മറ്റു മനുഷ്യർ അനുഭവിക്കുന്ന പൗര സ്വാതന്ത്ര്യവും. ഇതൊന്നും നേടികൊടുക്കുന്നതിൽ ഏകാധിപതികൾക്ക് താല്പര്യമുണ്ടാകാൻ വഴിയില്ലല്ലോ?

ചരിത്രകാരന്മാർ ഇപ്പോഴത്തെ ഈ സമരത്തെ ഉപമിക്കുന്നത് 1848–ലെ യൂറോപ്യൻ വിപ്ലവത്തോടാണ്. സിസിലിയിൽ ആരംഭിച്ച് ഫ്രാൻസിലൂടെ വളർന്നു യൂറോപ്പിലെങ്ങും പടർന്നു വ്യാപിച്ച ജനകീയരോഷമായിരുന്നു അത്. യൂറോപ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾക്ക് ആധുനിക അറബ് വിപ്ലവത്തിന്റെ കാരണങ്ങളുമായി സമാനതകൾ കാണാനാവുമെന്നതാണ് ഏറെ രസകരം.

ഇത് പറയുമ്പോൾ യൂറോപ്പിൽ നിശബ്ദമായി നടപ്പിലായ മറ്റൊരു ജനകീയ പ്രതിഷേധത്തെ ഓർമ്മിക്കുന്നത് നന്നായിരിക്കും. മാലപ്പടക്കത്തിന്റെ വേഗതക്കുപകരം നീറിക്കത്തുന്ന ഉമിത്തീയുടെ സ്വഭാവമായിരുന്നു സാവധാനം വ്യാപിച്ചുകയറിയ ആ ജനകീയപ്രതികരണത്തിന് ഉണ്ടായിരുന്നത്. മതമേഖലയിൽ സാമാന്യജനം സാവധാനം നടപ്പിൽ വരുത്തിയ പ്രതിഷേധമായിരുന്നു അത്.

ഇന്നത്തെ അറബ് ലോകത്തെ വെല്ലുന്ന മതാത്മകതയും ഭക്തിയും പുലർത്തിയ ജനതയായിരുന്നു ഒരു കാലത്ത് പാശ്ചാത്യർ. യൂറോപ്പിലെങ്ങും ഉയർന്നു നിൽക്കുന്ന പള്ളികളും, ബസിലിക്കകളും, ആശ്രമങ്ങളും, മഠങ്ങളും അത് സാക്ഷ്യപ്പെടുത്തുന്നു. അതിലുപരി പ്രധാന പട്ടണങ്ങളെല്ലാം തന്നെ ബസിലിക്കകളെ വലയം ചെയ്ത് വളർന്നു വന്നിരിക്കുന്ന രീതി ഇതല്ലാതെ മറ്റെന്താണ് നമ്മളോട് പറഞ്ഞുതരുന്നത്?

എന്നാൽ ഇന്നത്തെ യൂറോപ്യൻ മതമേഖലയുടെ അവസ്ഥയോ? ആശ്രമങ്ങളും മഠങ്ങളും ശൂന്യമായിക്കൊണ്ടിരിക്കുന്നു. പള്ളികളും ബസിലിക്കകളും കാഴ്ചവസ്തുക്കളായി മാറിക്കൊണ്ടിരിക്കുന്നു. സാവാധാനത്തിൽ നിശബ്ദമായി സാമാന്യജനം മതമേഖലയിൽ നടത്തിയ പ്രതിഷേധവും വിപ്ലവുമായി ഇതിനെ കാണുന്നവരുണ്ട്. എന്തായിരുന്നിരിക്കണം ഈ മതവിപ്ലവത്തിനു കാരണം? പൊതുജനത്തിന്റെ മാനുഷികാവശ്യങ്ങൾ യഥാകാലം സാധിച്ചുകൊടുക്കാൻ വ്യവസ്ഥാപിത മതത്തിനു കഴിയാതെ പോയതായിരിക്കില്ലേ കാരണം?

പുതുപുത്തൻ സഭകളിലേക്കും ന്യൂ ഏജ് മൂവ്മെന്റിലേക്കും ആളുകൾ ഇന്ന് കുടിയേറിക്കൊണ്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. വിശ്വാസത്തിന്റെ സിദ്ധാന്തപരമായ പിഴയില്ലായ്മ പഠിപ്പിച്ചുകൊണ്ട് അതിനെ നേരിടാനുള്ള ശ്രമമാണ് പലപ്പോഴും നടക്കുന്നത്. എന്നിട്ടും ജനത്തിന്റെ ഒഴുക്ക് നിലയ്ക്കുന്നില്ലെങ്കിലോ?

ഇവിടെയാണ് യൂറോപ്പും അവിടുത്തെ മൗനമായ മതവിപ്ലവവും നമുക്ക് പാഠമാകേണ്ടത്. അവിടെ സംഭവിച്ച അബദ്ധങ്ങൾ നൂറ്റാണ്ടിനുശേഷം നാമിവിടെ

www.malankaralibrary.com

ആവർത്തിക്കുന്നത് അനവധാനത മാത്രമല്ല ശുദ്ധമായ വിവരക്കേട് കൂടിയാണ്.

ഒരു മീൻ ചന്ത. മീൻ കച്ചവടക്കാർ നിരനിരയായി ഇരിക്കുന്നു. തലമുറകളായി മീൻക്കച്ചവടം നടത്തുന്ന ആഢ്യമീൻകാരനായിരുന്നു രാമൻ. പെട്ടെന്നൊരു ദിവസം രാമന്റെ കടയിൽ ആളുകളുടെ വരവു കുറഞ്ഞു. അന്വേഷിച്ചപ്പോൾ മനസ്സിലായി ഒരു പുതിയ മീൻക്കച്ചവടക്കാരൻ വന്നിരിക്കുന്നു. അങ്ങോട്ടാണ് ആളുകളുടെ ഒഴുക്കെന്ന്.

രാമൻ തന്റെ മീനിന്റെ ഗുണവും തന്റെ കടയുടെ പാരമ്പര്യവും ആൾക്കാരെ പറഞ്ഞുബോധ്യപ്പെടുത്താൻ ശ്രമിച്ചു. പക്ഷേ ഫലിച്ചില്ല. അങ്ങനെ നിരാശനായിട്ട് ഇരിക്കുമ്പോഴാണ് സുഹൃത്തിന്റെ ഉപദേശം: "ന്യായവാദം നിർത്തിയിട്ട് അയാളുടെ കടയിലെ പുതിയ മീൻ താനും വാങ്ങി വക്കൂ. അതാണ് ആളുകൾക്ക് ആവശ്യം"

ഒരുതരത്തിൽ ചിന്തിച്ചാൽ പുതിയ സഭാവിഭാഗങ്ങൾ വ്യവസ്ഥാപിത മതമേഖലയെ വെല്ലുവിളിക്കുകയും ആത്മപരിശോധനക്ക് പ്രേരിപ്പിക്കുകയുമല്ലേ ചെയ്യുന്നത്? സാമാന്യജനത്തിന്റെ നവീന ആവശ്യങ്ങൾ തിരിച്ചറിയാനും അവയോട് തൃപ്തികരമായി പ്രതികരിക്കാനും കഴിയുന്നുണ്ടോ എന്ന ആത്മപരിശോധന ഗുണമേ ചെയ്യൂ. സംശയമില്ല.

പത്രാധിപർ

www.malankaralibrary.com

# ഉള്ളടക്കം

16

**കാരുണ്യശ്ശേരി**

തച്ചന്റെ മകൻ ദൈവരാജ്യം പണിയുന്ന അത്ഭുതമാണ് കോട്ടപ്പുറം രൂപതയിൽ നടക്കുന്നത്. കോട്ടപ്പുറം രൂപതയുടെ പുതിയ മെത്രാനായി സ്ഥാനമേറ്റ അഭിവന്ദ്യ ജോസഫ് കാരിക്കശ്ശേരിപിതാവുമായി ഫാ. മാർട്ടിൻ ശങ്കൂരിക്കൽ നടത്തുന്ന അഭിമുഖം.

20

**നവ സഭാവിഭാഗങ്ങൾ**

കേരളത്തിൽ പൊട്ടിമുളച്ച് പ്രചാരം നേടുന്ന പുതിയ സഭാവിഭാഗങ്ങളെയും അവയുടെ സവിശേഷതകളെയും ഫാ. ജോമോൻ ഫ്രാൻസിസ് പരിചയപ്പെടുത്തുന്നു.

24

**നവയുഗപ്രസ്ഥാനങ്ങൾ**

ന്യു ഏജ് മൂവ്മെന്റ്സ് എന്ന നവീന ആത്മീയ രീതികളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്? വ്യവസ്ഥാപിത ക്രൈസ്തവ മതങ്ങളിൽ നിന്നും അവ എങ്ങനെ വ്യതിരക്തമാകുന്നു? ഫാ. മനോജ് ഫ്രാൻസിസ് വിശദീകരിക്കുന്നു.

28

**കരിസ്മാറ്റിക്-നെല്ലും പതിരും**

കരിസ്മാറ്റിക് നവീകരണപ്രസ്ഥാനം ഒരു പുതിയ പന്തക്കുസ്താ ആയിരുന്നു. കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ തുടക്കവും ചരിത്രവും കൂടാതെ അതിന്റെ നന്മ തിന്മകളെക്കുറിച്ചും ഫാ. മാർട്ടിൻ ശങ്കൂരിക്കൽ നടത്തുന്ന വിലയിരുത്തൽ




25

34

**ഭാരതവും കത്തോലിക്കാവിശ്വാസവും**

വിശ്വാസതിരുസ്സംഘവും ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാരുടെയും ദൈവശാസ്ത്രജ്ഞരുടെയും പ്രതിനിധികളും തമ്മിലുള്ള സംവാദം ജനുവരി 16–19 ന് ബാംഗ്ലൂരിൽ വച്ച് നടന്നു. ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷൻ പ്രസിഡന്റ് ഫാ. ജേക്കബ് പറപ്പള്ളി സംവാദത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് മനസ്സുതുറക്കുന്നു.

www.malankaralibrary.com










03 എഡിറ്റോറിയൽ

08 പ്രതികരണങ്ങൾ

39

## ഭ്രമാത്മക കാഴ്ചകൾ

'പുനർജനിമലയിലെ കാറോടിക്കുന്ന ഭൂതം', 'മഞ്ഞനിറമുള്ള കുതിര,' 'കവചിതം.'എന്നീ കഥകളെ പ്രൊഫ. മാത്യു താഴത്തേൽ പരിചയപ്പെടുത്തുന്നു.

41

## ഏകദിന സുൽത്താന്മാർ

അടുത്തുവരുന്ന തിരഞ്ഞെടുപ്പിനെ രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും അരാഷ്ട്രീയമേളയാക്കി മാറ്റികൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തിരഞ്ഞെടുപ്പിൽ വിഷയമാകേണ്ട പ്രധാന ജനകീയ പ്രശ്നങ്ങളിലേക്ക് ശ്രദ്ധക്ഷണിക്കുന്നു ഡോ. മാത്യു ഇല്ലത്തുപറമ്പിൽ.

37

## സ്നേഹത്തിന്റെ തിളക്കങ്ങൾ

ഉണ്ണികൃഷ്ണൻ കിടങ്ങൂരിന്റെ "രമണനും കന്യകയും", ബിന്ദുകൃഷ്ണന്റെ "തിളങ്ങുന്ന സ്ത്രീകൾ", രാജലക്ഷ്മിയുടെ "നിനക്കു ഞാൻ", രാജീവ് മുളക്കുഴയുടെ "വെറുതെ", എൻ. ഗോപാലകൃഷ്ണന്റെ "ആയി" എന്നീ കവിതകളെ പ്രൊഫ. തോമസ് പാറയ്ക്കൽ പരിചയപ്പെടുത്തുന്നു.

44

## മുക്കുവന്റെ കൂടാരത്തിലേക്ക്

കൊച്ചി നഗരത്തിലെ രണ്ടായിരത്തോളം അനാഥ ബാല്യങ്ങൾക്ക് താങ്ങും തണലുമായിത്തീർന്ന ബ്രദർ മാവൂരൂസെന്ന നിശ്ശബ്ദസഞ്ചാരിയുടെ ജീവിതവും സാമൂഹ്യസേവനവും വരച്ചുകാട്ടുന്ന ജാസ്മിൻ ജേക്കബിന്റെ ഫീച്ചർ

www.malankaralibrary.com

# പ്രതികരണങ്ങൾ




ജനുവരി ലക്കം കാരുണികനോടുള്ള വായനക്കാരുടെ പ്രതികരണം അസാധാരണമാം വിധം കൂടുതലായിരുന്നു. സാധിക്കുന്നിടത്തോളം പ്രതികരണങ്ങൾ ഉൾപ്പെടുത്തി ക്രിയാത്മകമായൊരു സംവാദത്തിലേക്ക് വിഷയത്തെ നയിക്കാനാണ് ഞങ്ങളുടെ ശ്രമം. വായനക്കാരുടെ ഏതു പ്രതികരണവും ബഹുമാനപൂർവ്വം സ്വീകരിക്കാനും മാന്യമായി അവതരിപ്പിക്കാനുമുള്ള പ്രതിബദ്ധത ഞങ്ങൾ ഏറ്റുപറയുന്നു.

**പത്രാധിപർ**

## അളന്നുമാറ്റിയതിനെ എണ്ണണ്ട;

ഫെബ്രുവരി ലക്കത്തിൽ റവ. ഡോ. പോൾ തേനായന്റെ ഒരു കത്ത് ഉണ്ടായിരുന്നല്ലോ. പത്താം പീയൂസ് മാർപാപ്പ തെക്കുംഭാഗ സമുദായത്തിന് വികാരിയാത്ത് അനുവദിച്ചത് തെറ്റിപ്പോയി എന്നാണദ്ദേഹം ഇപ്പോഴും പറയുന്നത്. അങ്ങനെയെങ്കിൽ അതിനു ശുപാർശ ചെയ്ത മാർ ളൂയീസ് പഴേപ്പറമ്പിലും മാർ യോഹന്നാൻ മേനാച്ചേരിയും ചെയ്തത് തെറ്റായിരുന്നില്ലേ? അതിനുശേഷം വികാരിയാത്ത് 1921 -ൽ രൂപതയാക്കിയപ്പോഴും അന്നത്തെ പാപ്പാ ചെയ്തത് തെറ്റായിരുന്നില്ലേ? 1995-ൽ സീറോ മലബാർ സഭയുടെ അധികാര പരിധി വർദ്ധിപ്പിച്ചപ്പോൾ കോട്ടയം രൂപതയുടെ പരിധിയും വർദ്ധിപ്പിച്ച മാർപാപ്പയും തെറ്റു ചെയ്തു എന്നാണോ? ക്നാനായ രൂപതപോലെ ഇസ്രായേലിൽ യഹൂദരെ ക്രൈസ്തവർക്കായി 2003-ൽ ഒരു വംശീയ മെത്രാനെ അനുവദിച്ച ജോൺപോൾ രണ്ടാമനും തെറ്റ് ആവർത്തിച്ചു എന്നാണോ? 2005-ൽ കോട്ടയം രൂപത അതിരൂപതയാക്കിയ സീറോ മലബാർ സിനഡും അതിനുകൂട്ടു നിന്ന മാർപാപ്പായും തെറ്റു ചെയ്യുകയായിരുന്നല്ലോ? ഒരു കേസ്സുമായി ബന്ധപ്പെട്ട് കക്ഷിയുടെ പരാതിയിന്മേൽ മറുപടി കൊടുത്ത റോം കോട്ടയം രൂപതയുടെ തൽസ്ഥിതി 2003 ഡിസംബറിൽ ആവർത്തിച്ചുറപ്പിച്ചുള്ള രേഖ പുറപ്പെടുവിച്ചിരുന്നു. അതും തെറ്റായിരുന്നു എന്നാണോ? എങ്കിൽ ക്നാനായി തൊമ്മന്റെ കപ്പൽ കൊടുങ്ങല്ലൂർ തുറമുഖത്ത് അടുക്കാൻ അനുവദിച്ച ചേരമാൻ പെരുമാളാണ് ആദ്യത്തെ തെറ്റുകാരൻ. മറ്റെല്ലാവർക്കും തെറ്റി; എനിക്കുമാത്രം തെറ്റിയില്ല എന്നുപറയുന്നവർ എല്ലാക്കാലത്തും ഉണ്ടായിരുന്നു. പണ്ട് നക്സലൈറ്റുകളും ഇന്ന് കമ്മ്യൂണിസ്റ്റുകളും മാവോയിസ്റ്റുകളും അൽ ഖയ്ദായും ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കുന്നു. അതിനുവേണ്ടി പ്രവർത്തിക്കുന്നു. Round the world in Eighty day's എന്ന Jules Verne യുടെ നോവലിൽ ഫിലിയാസ് ഫോഗ് എന്ന കഥാപാത്രം പറയുന്നത് എന്റെ വാച്ചിനു തെറ്റുപറ്റില്ല, സൂര്യനാണ് തെറ്റിയതെന്നാണ്. ഒരു കാര്യം മനസ്സിലാക്കണം. റോം ന്യായത്താലേ എല്ലാം ചെയ്തിട്ടുള്ളൂ ഉപായത്താൽ ഒന്നും ചെയ്തിട്ടില്ല. റോം അളന്നുമാറ്റിയതിനെ ഇനി ആരും എണ്ണേണ്ടതില്ല.

കോട്ടയം രൂപത പ്രേഷിതപ്രവർത്തനരഹിതമാണെന്നും തേനായനച്ചൻ പ്രതിപാദിക്കുന്നുണ്ട്. അച്ചൻ ചരിത്രം ശ്രദ്ധിക്കുന്നില്ലെന്ന് തോന്നുന്നു. കേരളത്തിൽ നിന്നും മിഷനറിമാർ പുറത്തേക്കു പോകാൻ തുടങ്ങിയ കാലത്തുതന്നെ ക്നാനായക്കാരും ആ ദൗത്യം ഏറ്റെടുത്തിരുന്നു. ഏതാനും വർഷംമുമ്പ് മാർ ഗ്രേഷ്യൻസ് മുണ്ടാടൻ പറഞ്ഞ



www.malankaralibrary.com

വാക്കുകൾ ഉദ്ധരിക്കാം. മറ്റു രൂപതകളിൽ നിന്നും കുട്ടികൾ മിഷനുപോകാൻ അപേക്ഷിക്കുമ്പോൾ ഇവിടുത്തെ ആവശ്യം കഴിഞ്ഞിട്ടുമതി എന്നു പറഞ്ഞുകൊണ്ട് അപേക്ഷ തള്ളുമ്പോൾ കുന്നശ്ശേരി പിതാവ് മറിച്ചാണ് ചിന്തിക്കുന്നത്. മൂന്നുകൊല്ലം മുമ്പുള്ള കണക്കിൽ രൂപതാവൈദികർ 250 ഉള്ളപ്പോൾ 350 പേർ മിഷനിൽ പ്രവർത്തിക്കുന്നു എന്നാണ്. കൂടാതെ നാഗപ്പൂർ അതിരൂപതാ മെത്രാൻ ക്നാനായക്കാരനായ എബ്രഹാം വിരുത്തികുളങ്ങരയും, മിയാവ് രൂപതാ മെത്രാൻ ജോർജ് പള്ളിപ്പറമ്പിലും ഞങ്ങളുടെ കൂടെയുള്ള ആളാണ്. ഈ ചെറിയ സമൂഹത്തിന്റെ മിഷൻ പ്രവർത്തനം മനസ്സിലായോ? മറ്റു പല മിഷൻ രൂപതകളിലും താക്കോൽ സ്ഥാനങ്ങളിൽ ക്നാനായ വൈദികരുണ്ട്. ആസ്ത്രേലിയായിൽ നിന്നും ആഫ്രിക്കയിൽ നിന്നുമൊക്കെ മെത്രാന്മാർ വൈദികരെ ആവശ്യപ്പെട്ട് കോട്ടയം അരമനയിൽ അന്വേഷിക്കാറുണ്ട്. തേനായനച്ചൻ ഇതൊന്നും അറിയുന്നില്ലന്നേയുള്ളൂ.

സമുദായം വിട്ട് വിവാഹം കഴിക്കുന്ന ക്നാനായ യുവാവ് ഏതാനും വർഷം കഴിയുമ്പോൾ തിരികെപ്പോരാൻ ശ്രമിക്കുന്നതിന്റെ കാരണം തേനായനച്ചൻ അന്വേഷിക്കണം. നിങ്ങളുടെ ഇടവകയിൽ ചേരുന്ന ഒരു വ്യക്തി തിരികെപ്പോരുന്നത് എന്തുകൊണ്ട്? ഇവിടുത്തെപ്പോലെ അവിടെയും വലിയപള്ളിയും പള്ളിക്കൂടവും ഒക്കെ ഉണ്ടായിട്ടും നില്ക്കാത്തതെന്തേ? ക്രൈസ്തവജീവിതത്തിൽ ഇടവകയിൽ കൂട്ടായ്മ പരമപ്രധാനമാണ്. ഇവിടുത്തെപോലെയുള്ള ഐക്യവും പരസ്നേഹവും അവിടെ ഉണ്ടോ എന്ന് തേനായച്ചൻ അന്വേഷിക്കേണ്ടതാണ്.

**ഡൊമിനിക് സാവിയോ**
കുഴിമറ്റം പി. ഒ., കോട്ടയം

## വീട്ടിലെ കാരണവർ

വീട്ടിലെ കാരണവർക്ക് അടുപ്പിൽ... എന്ന തലക്കെട്ടിൽ മനുഷ്യപുത്രന്റെ ചിതറിയ ചിന്തകൾ വായിച്ചു. ഗംഭീരമായിരിക്കുന്നു. ഏറ്റവും അക്ഷരസമ്പന്നരെന്നും സംസ്ക്കാരമുള്ളവരെന്നുമൊക്കെ അഭിമാനിക്കുന്ന മലയാളി ഇനിയും എത്രദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു... എത്രകാലം ഇങ്ങനെത്തന്നെ പൊയ്ക്കൊണ്ടിരിക്കും!! മുൻസർക്കാർ സ്മാർട്ട് സിറ്റി കൊണ്ടുവന്നപ്പോൾ എന്തൊക്കെ പുകിലായിരുന്നു. ഇന്നത്തെ സർക്കാർ കൂടുതൽ നീക്കുപോക്കോടെ ഒപ്പുവച്ചു. എക്സ്പ്രസ്സ് വേ കേരളത്തെ രണ്ടായിതിരിക്കും എന്ന ആശയം ഏത് വിദ്യാഭ്യാസ സംസ്ക്കാര വിദൂഷകന്മാരുടെ തലയിൽ ഏത് ആത്മാവ് തോന്നിപ്പിച്ചതോ എന്തോ... NH ന്റെ വീതികൂട്ടൽ, സ്ഥലമെടുക്കൽ, നാലുവരിപ്പാത എന്നൊക്കെയുള്ള ആശയം ചർച്ചചെയ്യാൻ തുടങ്ങിയിട്ട വർഷങ്ങളായി. ഇതൊക്കെ കണ്ട് നമ്മൾ വിവരമില്ലെന്നും സംസ്ക്കാരമില്ലെന്നുമൊക്കെ അടച്ചാക്ഷേപിക്കുന്ന തമിഴ്നാട് വാളയാർ വരെ നാലുവരിപാതയുടെ പണി പൂർത്തിയാക്കിത്തുടങ്ങി... നമ്മുടെ സ്വന്തം ദൈവത്തിന്റെ നാടിന് ഇനിയും പ്രിയം... ജാഥ, പ്രകടനം, ഹർത്താൽ, കുറ്റംപറച്ചിൽ, പാരവയ്പ്, പരദൂഷണം... മണ്ണാൻകട്ട

എന്റെ കേരളമേ നിന്റെ ചിന്തകൾ എന്ന് പുരോഗതി ഗർഭംകൊണ്ട് മനുഷ്യത്വത്തെ പ്രസവിക്കും?

**ഫാ. ആൻസൻ പനങ്ങാടൻ**
കാർമൽ, ഈ റോഡ്

## തേനായനച്ചന്റെ മറുപടി

2011 ഫെബ്രുവരി ലക്കം കാരുണികനിലെ എന്റെ കത്ത് ഗൗരവമായിക്കണ്ട് പ്രതികരിച്ചതിൽ സന്തോഷമേയുള്ളൂ. നൂറ്റാണ്ടുകളായി ഒരു സമുദായം കർക്കശമായി പാലിച്ചുപോരുന്ന ആചാരമര്യാദകൾ പൂർണ്ണമായും പഴയനിയമത്തിലധിഷ്ഠിതവും ക്രൈസ്തവാരൂപിക്കു നിരക്കാത്തതുമാണെന്ന് ചൂണ്ടിക്കാട്ടുമ്പോൾ പ്രതികരണം വൈകാരികമായില്ലെങ്കിലേ അത്ഭുതമുള്ളൂ.

മുഖ്യമായും രണ്ട് ആരോപണങ്ങളാണ് പ്രതികരണങ്ങളിലുള്ളത്: 1. ഞാൻ മാർപാപ്പയെയും ഹൈരാർക്കിയെയും തിരുത്താൻ ശ്രമിക്കുന്നു, 2. ക്നാനായ സമുദായത്തിന്റെ പ്രേഷിതപ്രവർത്തനങ്ങളെ ക്കുറിച്ച് എനിക്കറിയില്ല.

1. പരിശുദ്ധ സിംഹാസനത്തിന് താൽപര്യ

www.malankaralibrary.com

മില്ലാത്ത ചില തീരുമാനങ്ങൾ സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടും തത്പരകക്ഷികളുടെ ഹൃദയ കാഠിന്യം കൊണ്ടും കൈക്കൊള്ളേണ്ടിവരാറുണ്ട്. വി.പത്താം പിയൂസിന്റെ ഉത്തരവിൽ 'നിങ്ങളുടെ ഹൃദയ കാഠിന്യം മൂലം' എന്നു ചേർത്തിരുന്നു എന്നാണറിയുന്നത്. അപ്രീതി ഒഴിവാക്കാനും അപ്രിയസത്യങ്ങൾ പറയാതിരിക്കാനുമായി പലപ്പോഴും പ്രാദേശിക ഹൈരാർക്കി ഇതിനു സമ്മതം മൂളാറുണ്ട്. കേരളസഭയിൽ അടുത്തകാലത്തു നടന്ന ഒരു സംഭവം ചൂണ്ടിക്കാണിക്കട്ടെ. മംഗലപ്പുഴസെമിനാരിയുടെ വിഭജനം.

മംഗലപ്പുഴ സെമിനാരി വിഭജിച്ച് വലിയ സെമിനാരി ലത്തീൻകാർക്കും കാർമ്മൽഗിരി സീറോമലബാർകാർക്കും നൽകാൻ ആവശ്യപ്പെട്ട് കുറെ മെത്രാൻമാർ പാപ്പയ്ക്കെഴുതി. അതിനെതിരായി ശക്തമായ വാദമുഖങ്ങൾ അവതരിപ്പിച്ച് പടിയറ പിതാവു വഴി ഞാൻ റോമിലേക്കെഴുതി. സെമിനാരി പൂർവ്വ സ്ഥിതിയിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് റോം തീരുമാനമെടുത്തു. എന്നാൽ ഏതാനും മാസം കഴിഞ്ഞപ്പോൾ സെമിനാരി വിഭജനത്തിനനുകൂലമായ തീരുമാനം റോം തന്നെ കൈക്കൊണ്ടു. ഞാൻ റോമിലെത്തി വത്തിക്കാൻ കാര്യാലയത്തിലെ ഉദ്യോഗസ്ഥരുമായി ഇക്കാര്യം ചർച്ചചെയ്തു. കേരളത്തിലെ മൂന്നു റീത്തിലും പെട്ട മുഴുവൻ മെത്രാന്മാരും ഒറ്റക്കെട്ടായി ഒരു കാര്യം ആവശ്യപ്പെട്ടാൽ ഞങ്ങൾ എന്തു ചെയ്യും എന്നാണ് അവർ പറഞ്ഞത്. മാർപാപ്പയോ, ഹൈരാർക്കിയോ കൈക്കൊള്ളുന്ന തീരുമാനങ്ങളിൽ പാളിച്ചകളുണ്ടെന്നു ബോധ്യം വന്നാൽ അത് ചൂണ്ടിക്കാട്ടാൻ ഏതൊരു വിശ്വാസിക്കും സാധിക്കും.

അടുത്ത കാലത്ത് ബനഡിക്റ്റ് 16-ാമൻ മാർപാപ്പ, വിമത മെത്രാപ്പോലീത്താ ലെഫെവ്റ് അനധികൃതമായി വാഴിച്ച നാലുമെത്രാന്മാരുടെ മഹറോൻ ശിക്ഷ എടുത്തുകളഞ്ഞു. അതിൽ ഒരാൾ, യഹൂദ കൂട്ടക്കൊല (holocaust) യെ നിഷേധിച്ച് ഒരു പ്രസ്താവന internet- ൽ കൊടുത്തിരുന്നത് മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടു. ലോകമെങ്ങും മാർപാപ്പയ്ക്കെതിരായ രോഷം പൊട്ടിപ്പുറപ്പെട്ടു. പാപ്പ റാറ്റ്സിങർ ക്ഷമാപണം നടത്തുകയും മേലിൽ ഈ പുതിയ വാർത്താസ്രോതസ്സുകൂടി പരിശുദ്ധ സിംഹാസനം ശ്രദ്ധിക്കുമെന്നു പറഞ്ഞ് എല്ലാ മെത്രാന്മാർക്കും കത്തെഴുതുകയും ചെയ്തു. ഭാവിയിൽ ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായി ഒരു ക്രൈസ്തവകൂട്ടായ്മയും രൂപതയും അംഗീകരിച്ചതിന്റെ പേരിൽ ഒരു മാർപാപ്പ മാപ്പുപറയില്ലെന്നാരു കണ്ടു!

പ്രേഷിതാവബോധം: സഭ സ്വഭാവത്താലേ പ്രേഷിതയാണ്, സുവിശേഷവേല ചെയ്യുന്നില്ലെങ്കിൽ സഭയ്ക്കു നിലനിൽക്കാൻ അവകാശമില്ല. Dr. D.S Amothbhavadas എഴുതിയിട്ടുള്ളതുപോലെ "The Church is no church if it is closed and introverted, if it is not related to others, if it is possessive and not sharing with others; for fellowship which is the essence of the church as a Mystery is not possible without openess and sharing (N.B.C.L.C, Series No.7, Bangalore 1973).

കൂലിപ്പണിക്കാരെപ്പോലെ ആർക്കാനോ വേണ്ടി മാമോദീസ മുക്കിക്കൊടുക്കുന്നത് യഥാർത്ഥ പ്രേഷിതാവബോധത്തിൽ നിന്നാകണമെന്നില്ലല്ലോ.

വിവാഹപ്രായം കഴിഞ്ഞിട്ടും യുവാക്കൾ സമുദായസ്നേഹം മൂലം വിവാഹിതരാകാതെ കഴിയുന്നുവെന്ന് മൂലക്കാട്ട് പിതാവ് പറഞ്ഞത് വായിച്ചു. വീട്ടുകാരും സഭാധികാരികളും സമുദായത്തിൽ നിന്നു പുറത്താക്കുമെന്ന ഭയമാകാം മുഖ്യകാരണം, ''Strong and solid community feeling'' മറ്റുസഭാവിഭാഗങ്ങളുമായി കലഹത്തിന് ഇടവരുന്നതായി യൂറോപ്പിലെയും അമേരിക്കയിലെയും അനുഭവങ്ങൾ പഠിപ്പിക്കുന്നുണ്ട്.

**ഫാ. പോൾ തേനായൻ,** പാലാരിവട്ടം

## കാഴ്ചപ്പാടിന്റെ തകരാറ്

ഈ മാസം കാരുണികൻ മാസികയിൽ വന്നപോൾ തേനായൻ അച്ചന്റെ കത്തിനുള്ള പ്രതികരണമാണീ കത്ത്. ഒരു കത്തോലിക്കാ പുരോഹിതൻ മറ്റൊരു അതിരൂപതക്കാരെ വിലയിരുത്തിയാൽ കുഴപ്പമില്ലായിരുന്നു. എന്നാൽ, അതിൽ പത്താം പീയൂസ് മാർപാപ്പയ്ക്കും തെറ്റുപറ്റി എന്നു പറയുവാൻ അദ്ദേഹം ഒരുമ്പെടരുതായിരുന്നു. ലത്തീൻകാർക്കോ മലങ്കരക്കാർക്കോ ക്നാനായ കത്തോലിക്കാ രൂപതക്കാർ അങ്ങനെതന്നെ നില്

www.malankaralibrary.com

ക്കുകയും വളരുകയും ചെയ്യുന്നതിന് എതിർപ്പുള്ളവരല്ല. കൂടെയുള്ള സഹോദരന്മാർക്കുതന്നെയാണ് കാര്യമില്ലാതെയുള്ള കണ്ണിക്കടിയും അസൂയയും. ഒരുതരത്തിൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലുള്ള തകരാറായിരിക്കും കാരണം. ദൈവം നല്ല കാഴ്ചപ്പാട് കൊടുക്കുന്നതിനും കത്തോലിക്കാ സഭയേയും മാർപാപ്പാമാരേയും പറ്റി കൂടുതൽ പഠിക്കുന്നതിന് തേനോയനച്ചന് ഈ അനുഭവം ഒരു പാഠമാകട്ടെ എന്ന് ആശംസിക്കുന്നതിനോടൊപ്പം തന്നെ ശ്രീ. ജെയിംസ് ഐസക് കുടമാളൂരിനെ അദ്ദേഹത്തിന്റെ തുറന്നമനസ്സും അസൂയയില്ലാത്ത നിലപാടിനേയും ഓർത്തുകൊണ്ട് നന്ദിപറയുകയും ചെയ്യുന്നു.

**തോമസ്കുട്ടി**, നാരകക്കാനം, ഇടുക്കി

## ക്രിസ്തുവിനെപ്പോലെ...

'വൈദികർക്കായുള്ള മാസിക' എന്നറിയപ്പെടുന്ന കാരുണികൻ അത്മായരുടെ അഭിപ്രായങ്ങളും സ്വീകരിക്കുന്നു എന്നതു വലിയ സന്തോഷം തരുന്ന അനുഭവമാണ്. ഫെബ്രുവരി ലക്കത്തിന്റെ ആമുഖലേഖനവും വൈദികർ ക്രിസ്തുവിനെപ്പോലെ പെരുമാറണം എന്ന ആഹ്വാനവും ഹൃദയസ്പർശകമായി. ഈ ലേഖനങ്ങൾ എല്ലാ വൈദികരും വായിച്ചിരുന്നെങ്കിൽ എന്ന് ആശിച്ചുപോയി.

ഞാൻ പരിചയപ്പെട്ടിട്ടുള്ള കത്തോലിക്കാ വൈദികരിൽ ബഹുഭൂരിപക്ഷവും നല്ലവരാണ്. ഏതാനും ചിലർ വി. ജോൺ വിയാനിയെപ്പോലെ അല്ലെങ്കിൽ ക്രിസ്തുവിനെപ്പോലെ തന്നെ അനുദിന ജീവിതത്തിൽ മാതൃക കാട്ടിയിട്ടുണ്ട്. എന്നാൽ ചുരുക്കം ചിലർ ക്രിസ്തുവിന്റെ കാലത്തെ ഫരിസേയ പ്രമാണിമാരെ അനുസ്മരിപ്പിക്കുന്നു. ചില യഥാർത്ഥ സംഭവങ്ങൾ ഇവിടെ കുറിക്കുന്നു.

ഇടവകയിലെ പാവപ്പെട്ട ഒരു യുവതി തന്റെ മാതാവിനേയും കൂട്ടി വികാരിയെ സന്ദർശിച്ചു. താൻ സ്നേഹിക്കുന്ന യുവാവ് ഓർത്തഡോക്സ് സഭാംഗമാണ്. വിവാഹത്തിനു തടസ്സമുണ്ടോ എന്നായിരുന്നു അന്വേഷണം. എല്ലാം ക്ഷമയോടെ കേട്ടശേഷം വൈദികൻ പറഞ്ഞു: ഇപ്പോഴത്തെ നിയമപ്രകാരം ഈ വിവാഹത്തിനു കുറി നല്കാൻ സാധ്യമല്ല. യുവാവ് കത്തോലിക്കാസഭയിൽ അംഗ



മാകുമെങ്കിൽ തടസ്സമില്ല. എങ്കിലും വിഷമിക്കേണ്ട. ഞാൻ മാമ്മോദീസ സർട്ടിഫിക്കറ്റ് തരാം. ഓർത്തഡോക്സ് ദേവാലയത്തിൽ വച്ചുതന്നെ വിവാഹം നടക്കട്ടെ. പിന്നെ വിവാഹശേഷം നിങ്ങൾ രണ്ടുപേരും എന്നെ വന്ന് കാണണം. നിന്റെ ഭർത്താവ് കത്തോലിക്കാസഭയെ വെറുക്കാൻ ഇടയാകരുത്. ഭാവിയിൽ ഇരുവരും ഈ ഇടവകാംഗങ്ങളായി തുടരണം. വലിയ നന്ദി പറഞ്ഞുകൊണ്ട് അച്ചന്റെ അനുഗ്രഹം വാങ്ങിക്കൊണ്ടാണ് ആ യുവതി പോയത്.

മറ്റൊരു വികാരിയുടെ നയവും ഇവിടെ പ്രസക്തമാണ്. പാവപ്പെട്ട ഒരു ഇടവകാംഗം മകളെ ഓർത്തഡോക്സ് സഭയിലേയ്ക്കു വിവാഹം ചെയ്യിക്കുന്നതിനു കുറി ചോദിച്ചുകൊണ്ടുവന്നു. അച്ചൻ പൊട്ടിത്തെറിച്ചു. കുറി തരാൻ സാധ്യമല്ല എന്നു തുറന്നു പറഞ്ഞു. അപ്പോൾ വിവാഹ നിശ്ചയചടങ്ങിനു ഇടവക പാരിഷ്ഹാൾ വാടകയ്ക്കു നൽകണമെന്ന് ആവശ്യപ്പെട്ടു. അതും അനുവദനീയമല്ല എന്നായിരുന്നു വികാരിയുടെ തീരുമാനം. പാരിഷ്ഹാൾ പണിയുന്നതിനു തന്റെ സംഭാവനയും തന്നിരുന്നു എന്നു പറഞ്ഞിട്ടും അതിനൊക്കെ ചില നിയമങ്ങൾ ഉണ്ടെന്നു പറഞ്ഞ് ഒഴിഞ്ഞുമാറി. ഈ പെരുമാറ്റം ക്രിസ്തുവിന്റെ പ്രതിനിധികൾക്കു

www.malankaralibrary.com

യോജിച്ചതാണോ? മുറിവേറ്റു മടങ്ങുന്ന വിശ്വാസികൾ മറ്റുസഭകളിൽ ചേരുവാൻ സാധ്യതയുണ്ട്.

കാൻസർ രോഗികളെ സംരക്ഷിക്കുന്ന ഒരു അനാഥാലയത്തിൽ മരിക്കാറായ ഒരു രോഗി ഒരു വൈദികനെ കാണണമെന്നും കുമ്പസാരം, വിശുദ്ധ കുർബാന എന്നീ കൂദാശകൾ വേണമെന്നും ആഗ്രഹിച്ചു. അനാഥാലയത്തിന്റെ ഡയറക്ടർമാരിൽ ഒരാളായ ഡോക്ടർ കാറുമായി വികാരിയുടെ അടുത്തെത്തി. രോഗി കത്തോലിക്കാസഭയുടെ മാമ്മോദീസ സ്വീകരിച്ചിട്ടുണ്ട് എന്നതിന് തെളിവു വേണമെന്നാണ് വൈദികൻ ആവശ്യപ്പെട്ടത്. ഡോക്ടർ നിരാശയോടെ മടങ്ങി. അദ്ദേഹം തന്നെ മരിക്കാറായ രോഗിയുടെ സമീപത്തുനിന്നു പ്രാർത്ഥിച്ചു സാന്ത്വനപ്പെടുത്തി.

എല്ലാ കത്തോലിക്കാ വൈദികരും യേശുക്രിസ്തുവിനു ഉന്നതസാക്ഷ്യം നല്കുന്നവരാകാൻ പ്രാർത്ഥിക്കുന്നു.

**ജെയിംസ് ഐസക്,** കുടമാളൂർ

## അജപാലനാവകാശങ്ങൾ

2010 ഒക്ടോബറിൽ മധ്യപൂർവ്വ ദേശത്തുനിന്നുമുള്ള മെത്രാന്മാരുടെ ഒരു സിനഡ് റോമിൽ മാർപാപ്പ വിളിച്ചു ചേർത്തിരുന്നു. സീറോമലബാർ സഭയെ പ്രതിനിധീകരിച്ച് ബോസ്കോ പുത്തൂർ പിതാവാണ് സംബന്ധിച്ചിരുന്നത്. അതിൽ പുത്തൂർ പിതാവ് സഭയ്ക്കുവേണ്ടി ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളും മാറ്റേണ്ടുന്ന പ്രശ്നങ്ങളും അതുപോലെ തന്നെ സീറോമലബാർ ഹയരാർക്കിയിൽ നിന്നു തന്നെ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗമാണ് ക്നാനായ കത്തോലിക്കാ സമുദായവും അവരുടെ അതിരൂപതയും.

സീറോമലബാറുകാരുടെ അജപാലന ശുശ്രൂഷ അവരെത്തന്നെ ഏല്പിക്കണമെന്ന് ആവശ്യപ്പെടുമ്പോൾ, ക്നാനായ കത്തോലിക്കരുടെ അതേ ആവശ്യത്തിന്മേൽ എന്തിനീ മൗനം. ഗൾഫ് മേഖലകളിലെ ലത്തീൻ മെത്രാന്മാർക്ക് വ്യക്തിഗത സഭകളുടെ പാരമ്പര്യത്തിനനുസൃതമായ അജപാലനശുശ്രൂഷ നൽകുവാൻ അവർക്ക് പ്രാപ്തിയില്ല എന്നു പുത്തൂർ പിതാവ് സിനഡിൽ പറയുമ്പോൾ, വടക്കേ അമേരിക്കയിലെ ചിക്കാഗോ രൂപതയിൽ തെക്കുംഭാഗക്കാർക്ക് അജപാലന ശുശ്രൂഷ അവരുടെ പാരമ്പര്യത്തിനനുസൃതമായി നൽകുവാൻ ആ രൂപതയിലെ സീറോമലബാർ വൈദികരെല്ലാവരും സജ്ജരാണോ?

പൗരസ്ത്യകത്തോലിക്കാ സഭകൾക്കുവേണ്ടി റോമാ സിംഹാസനം 1990 ഒക്ടോബർ 18 ന് പ്രത്യേകമായൊരു കാനോൻ നിയമസംഹിത പ്രസിദ്ധപ്പെടുത്തി. അതിൽ പൗരസ്ത്യസഭകളെ നാലുതരത്തിലുള്ള ഭരണസംവിധാനങ്ങളുള്ള സഭകളായി തരംതിരിച്ചിരിക്കുന്നു (CCEO) ഒന്ന്: പാത്രിയാർക്കീസ് പദവിയുള്ളത്. രണ്ട്: മേജർ ആർച്ച് ബിഷപ് പദവിയുള്ളത്. മൂന്ന്: സ്വയം ഭരണാവകാശമുള്ള മെത്രാപ്പോലീത്തായുള്ളവ. നാല്: മറ്റുള്ള സ്വയം ഭരണ സഭകൾ എന്നിവയാണവ. ഇവയിൽ സ്വയം ഭരണാവകാശമുള്ള മെത്രാപ്പോലീത്തായുള്ള ഒരു വ്യക്തിഗതസഭയായി കോട്ടയം അതിരൂപത സ്വതന്ത്രമാകുന്നതിന്, കത്തോലിക്കാസഭയിലെ ഇന്നുള്ള ഘടനകളും നിയമങ്ങളും പര്യാപ്തമാണെന്നാണ് നിഷ്പക്ഷമതികളുടെ അഭിപ്രായം.

ക്നാനായ കത്തോലിക്കർക്കായി മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിന് തടസ്സമായി എന്നു ചിലർ പറയുന്ന കാര്യങ്ങളിൽ ഒരു കാര്യമിതാണ്; ക്നാനായ കത്തോലിക്കാ അതിരൂപത സീറോമലബാർ സഭയുടെ ആരാധനാക്രമം തന്നെ പാലിക്കുന്നതിനാൽ മറ്റൊരു വ്യക്തിഗതസഭയായിത്തീരുവാൻ സാധിക്കില്ല എന്നാണ്.

ആഗോള കത്തോലിക്കാ സഭയുടെ അവിഭാജ്യ

## ക്നായി തൊമ്മന്റെ സംഭാവന

മാർത്തോമാ പൈതൃകം പേറുന്ന ഭാരതസഭയ്ക്ക് തോമാശ്ലീഹായ്ക്കുശേഷം വ്യക്തമായ നേതൃത്വമോ ആരാധനാസംവിധാനങ്ങളോ ഇല്ലാതിരുന്ന അവസരത്തിൽ ക്നാനായ തൊമ്മെന്റെ നേതൃത്വത്തിൽ കേരളത്തിലെത്തിയ പ്രേഷിതസംഘം കേരളസഭയ്ക്കു നൽകിയ സംഭാവനകളെ ആർക്കാണ് വിസ്മരിക്കാൻ കഴിയുക.

**ആലീസ് ചിരമേപ്പുറത്ത്**
കോട്ടയം

www.malankaralibrary.com

ഘടകമായ ബൈസന്റൈൻ കത്തോലിക്കാസഭയിൽ ഒരേ ആരാധനാക്രമം പിന്തുടരുന്ന പത്തിൽ കൂടുതൽ വ്യക്തിസഭകൾ ഉണ്ട്. ഓരോ ബൈസന്റൈൻ സഭകളും സ്വയം ഭരണാവകാശമുള്ളവയാണ്.

കത്തോലിക്കാസഭയിൽ ഒരു വ്യക്തിഗത സഭയായി (Sui Juris) ഏതെങ്കിലുമൊരു സമൂഹത്തെ ഉയർത്തണമെന്നുണ്ടെങ്കിൽ അതിനായി പല ഘടകങ്ങളും എടുത്തുകാട്ടുവാനുണ്ടാകണം. ആരാധനാക്രമം, ദൈവശാസ്ത്രം, നിയമസംവിധാനം, ആദ്ധ്യാത്മികത മുതലായവ. ഇവയൊന്നും തന്നെ കോട്ടയം അതിരൂപതയ്ക്കില്ല എന്നാണ് യോഗ്യതാ നിർണ്ണയ കമ്മറ്റിയുടെ കണ്ടെത്തൽ. എന്നാൽ സുറിയാനി ഭാഷയും സുറിയാനി ആരാധനാ ക്രമവും കേരളത്തിൽ കൊണ്ടുവന്നത് ക്നാനായക്കാരാണ് എന്ന സത്യം നേർക്കാഴ്ചയുള്ള എല്ലാവരും സമ്മതിക്കുന്നുണ്ട്.

അഭിവന്ദ്യ പൗവ്വത്തിൽ പിതാവ് ആശംസയർപ്പിച്ച ശ്രീ. ജോസഫ് കോട്ടപ്പറമ്പൻ എഴുതിയ "തത്തം പള്ളി എന്ന ദേശത്തിന്റെ കഥ" എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "കേരള ക്രൈസ്തവർക്ക് സുറിയാനി ക്രിസ്ത്യാനികൾ എന്ന നാമധേയം ലഭിച്ചത് ക്നായിത്തൊമ്മന്റെ കുടിയേറ്റത്തിനു ശേഷമാണ്. ക്നായിത്തൊമ്മനോടുകൂടി വന്ന മാർ ജോസഫ് മെത്രാൻ കേരളസഭയുടെ മെത്രാൻ സ്ഥാനമേറ്റെടുത്തപ്പോൾ പകരം വടക്കുംഭാഗ സമുദായത്തിൽപ്പെട്ട പകലോമറ്റം കുടുംബത്തിന് നൽകിയതാണ് ആർച്ചുഡീക്കൻ സ്ഥാനമെന്നും, അതാണ് കേരളത്തിലെ ജാതിക്ക് കർത്തവ്യനെന്നും ചരിത്രകാരന്മാർ പറയുന്നു (മുൻ ഗ്രന്ഥം, പേജ് 45)". സ്വന്തമായി മെത്രാന്മാരുണ്ടായിരുന്ന ഈ ക്നാനായ സഭാഘടകത്തിന് സഭാശാസ്ത്രവും, ദൈവശാസ്ത്രവും നിയമസംവിധാനങ്ങളുമുണ്ടായിരുന്നു എന്നുള്ളത് ഇതിൽ നിന്ന് വ്യക്തമാണ്.

**വർഗീസ് കെ.പി. മറ്റക്കര**, കോട്ടയം

## മാർപാപ്പയെ തിരുത്തേണ്ട

കാരുണികൻ 2011 ഫെബ്രുവരി മാസത്തെ എഡിറ്റോറിയൽ വായിച്ചു. നമ്മുടെ ഇടവകകളിൽ അരങ്ങേറുന്ന കാഴ്ചകളുടെ സത്യസന്ധമായ ഒരു കണ്ടെത്തലായിരുന്നു അത്. അനുഭവസമ്പത്തുള്ള വൈദികർ ഇത് വളരെ പക്വതയോടുകൂടി കൈകാര്യം ചെയ്യുന്നതായും അനുഭവപ്പെട്ടിട്ടുണ്ട്.

റവ. ഡോ. പോൾ തേനായന്റെ കോട്ടയം തെക്കുഭാഗഅതിരൂപതയെ സംബന്ധിക്കുന്ന അഭിപ്രായം കാണുകയുണ്ടായി. വിശുദ്ധനായ പത്താം പീയൂസ് മാർപാപ്പയ്ക്ക് തെറ്റുപറ്റിയതായും, അതിനിയും ആവർത്തിക്കേണ്ടതില്ലായെന്നും കാണുകയുണ്ടായി. അതിനോടുള്ള എന്റെ എതിർപ്പ് അറിയിക്കട്ടെ:

1889-ൽ മത്തായി കത്തനാർക്ക് ലവീഞ്ഞു മെത്രാന്റെ കീഴിൽ തെക്കുംഭാഗക്കാർക്കായുള്ള വികാരി ജനറൽ സ്ഥാനം, കോട്ടയം വികാരിയാത്ത്, കോട്ടയം രൂപത, 2005-ൽ അതിരൂപത എന്നീ പദവികളും പരിശുദ്ധ സിംഹാസനം അനുവദിച്ചു നല്കി.

> കേരള ക്രൈസ്തവർക്ക് സുറിയാനി ക്രിസ്ത്യാനികൾ എന്ന നാമധേയം ലഭിച്ചത് ക്നായിത്തൊമ്മന്റെ കുടിയേറ്റത്തിനു ശേഷമാണ്.

അതിനുശേഷം മാർ മാക്കിലിനെ സഭ ഇന്ന് ദൈവദാസനായും പ്രഖ്യാപിച്ചിരിക്കുന്നു. ഇതൊന്നും തന്നെ ഒരു മാർപാപ്പയും അറിയാതെയാണ് സംഭവിച്ചതെന്നാണോ റവ. ഡോ. തേനായൻ പറയുക?

ആർച്ചു ബിഷപ് മാർ മാത്യു മൂലക്കാട്ട് സീറോ മലബാർ സിനഡിലെ സ്ഥിരം അംഗങ്ങളിൽ ഒരാളാണ്. കോട്ടയം അതിരൂപയിൽ പതിനായിരക്കണക്കിന് വിശ്വാസികളുണ്ട്. അവരെ തരംതാഴ്ത്തി സംസാരിക്കുന്ന ശൈലി ഒരു കത്തോലിക്കാ പുരോഹിതനിൽ നിന്നുമുണ്ടായത് നിസ്സാരമായി കാണുവാനാകില്ല. മാർപാപ്പയ്ക്ക് തെറ്റുപറ്റിയാൽ എറണാകുളത്തിരുന്നുകൊണ്ട് ഒരു റവ. ഡോ. പുരോഹിതൻ അത് തിരുത്തേണ്ട ഉത്തരവാദിത്വം അദ്ദേഹത്തിനില്ല. അതിനിവിടെ അതാത് ഹയരാർക്കി ഉണ്ട്. അവർ അത് നോക്കിക്കൊള്ളും. ഗലീലിയോ പ്രശ്നം പഠിച്ച് റിപ്പോർട്ട് അവതരിപ്പിക്കുന്നതിന് 1979-ൽ ജോൺ

www.malankaralibrary.com

പോൾ രണ്ടാമൻ മാർപാപ്പ റോമിലെ പൊന്തിഫിക്കൽ സയൻസ് അക്കാദമിയോട് ആവശ്യപ്പെട്ടിരുന്നു. ദീർഘനാളത്തെ പഠനത്തിനുശേഷം 1992 ഒക്ടോബർ 2-ാം തീയതി കർദ്ദിനാൾ പോൾ പൂപ്പാർഡ് മാർപാപ്പായ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഗലീലിയോ പ്രശ്നത്തിൽ തെറ്റുപറ്റിയതിനാൽ മാർപാപ്പ പരസ്യമായി കുറ്റസമ്മതം നടത്തുകയും ലോകത്തോട് മാപ്പു ചോദിക്കുകയും ഉണ്ടായി. ക്രിസ്തീയ വീക്ഷണത്തിൽ സഭയുടെ തേജസ്സ് വീണ്ടും തിളങ്ങി ജ്വലിച്ച അഭിമാനകരമായ ഒരു സംഭവമായിരുന്നു അത്.

> ക്നാനായ സമുദായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അതിന്റെ ന്യൂന പക്ഷപരാധീനതയാണ്.

എന്നാൽ, പ്രസ്തുത പൊന്തിഫിക്കൽ അക്കാദമി അംഗവും ബനഡിക്ടൻ സന്യാസിയുമായ ഫാ. സ്റ്റാൻലി-യാക്കി ഗലീലിയോ കേസ് പ്രൊട്ടസ്റ്റന്റ് സൃഷ്ടിയാണെന്നുള്ള പുതിയ കണ്ടുപിടുത്തവുമായി മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ഉദ്യമത്തിന്റെ ലക്ഷ്യം എന്തായിരുന്നു എന്നുള്ളത് പിടികിട്ടാത്ത ഒരു മഹാരഹസ്യമായി ഇന്നും അവശേഷിക്കുന്നു. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയ്ക്ക് അങ്ങനെയൊരു തോന്നൽ ഇല്ലായിരുന്നതിനാലായിരുന്നു പ്രസ്തുത ക്ഷമാപണവും ഉണ്ടായത്.

ഫിസിക്സിലും, ദൈവശാസ്ത്രത്തിലും ഡോക്ടറേറ്റ് ബിരുദങ്ങളും 30-ൽ അധികം ഗ്രന്ഥങ്ങളുടെ കർത്താവുമായ റവ. ഡോ. സ്റ്റാൻലി-യാക്കി ഇപ്പോഴും സൂര്യൻ ഭൂമിയെ ചുറ്റുന്നു എന്നു കരുതി ജീവിക്കുകയാണിന്നും. റവ. ഡോ. തേനായന്റെ കത്ത് കണ്ടപ്പോൾ റവ. ഡോ. സ്റ്റാൻലിയെ ഓർത്തുപോയി എന്നു മാത്രം!

**ടോമി ജോസഫ്,** ചിങ്ങവനം

## ക്നാനായിത്തൊമ്മനും ജോസഫ് മെത്രാനും

തെക്കുംഭാഗ വിഭാഗത്തിനെ അടുത്തറിയാൻ ജനുവരി ലക്കം കാരുണികൻ അവസരമൊരുക്കിയത് കേരള സമൂഹത്തിന് ഒരനുഗ്രഹമായിരുന്നു. ദേവാലയത്തിനുള്ളിലെ വൈദികരുടെയും വിശ്വാസികളുടെയും പെരുമാറ്റങ്ങൾക്ക് വിമർശനാത്മകമായ നീതിബോധം ഉപദേശിച്ച കാരുണികന് അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

ഫെബ്രുവരിയിലെ കാരുണികനിലെ തേനായൻ അച്ചന്റെ തെക്കുംഭാഗക്കാരെപ്പറ്റിയുള്ള അഭിപ്രായങ്ങൾ അതിരു കടന്നുപോയി എന്ന് പല അച്ചന്മാരും (ക്നാനായക്കാരല്ലാത്ത) സംസാരിച്ചപ്പോൾ തുറന്നുപറഞ്ഞിരുന്നു. മറ്റു കത്തോലിക്കാ രൂപതകളെപ്പോലെ തന്നെ കോട്ടയം രൂപതക്കാരും ഒന്നിനും പുറകിലല്ല. സുവിശേഷം പ്രസംഗിക്കുന്ന കാര്യമാണ് പ്രശ്നമെങ്കിൽ, "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ..." എന്നു യേശു പറഞ്ഞെങ്കിൽ, തെക്കുംഭാഗ കത്തോലിക്കർ ഒന്നരലക്ഷത്തിൽ കൂടുതൽ ആ അതിരൂപതയിൽ ഉള്ളതായി മനസ്സിലാക്കുന്നു. അവർക്ക് അവരുടെ ആളുകളോട് തേനായൻ അച്ചൻ പറഞ്ഞ സുവിശേഷം പരസ്പരം പങ്കുവെയ്ക്കുന്നതിൽ അച്ചന് എതിർപ്പ് ഉണ്ടാകേണ്ട കാര്യമില്ലല്ലോ.

യേശു പറയുന്നു: നിങ്ങൾക്ക് പരസ്പര സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യരാണെന്ന് അത് മൂലം എല്ലാവരും അറിയും എന്ന്. ബഹുമാനപ്പെട്ട പോൾ തേനായൻ അച്ചന്റെയും എന്റെയും പരസ്പര സ്നേഹം കണ്ടിട്ട് എത്രപേർ കേരള സഭയിൽ ക്രിസ്തുവിനെ സ്വന്തം രക്ഷിതാവും ദൈവവുമായി സ്വീകരിച്ചു എന്നത് ഒരു ഗവേഷണ വിഷയം മത്രമാക്കാവുന്ന വിഷയമാണ്.

കണ്ണിലെ കരട് നമുക്ക് അസഹ്യതയുണ്ടാക്കുമെങ്കിൽ, തടിക്കഷ്ണം അതിലും വലിയ ഇറിറ്റേഷനായിരിക്കും.

**ജയിംസ് കെ.ജെ,** വെളിയനാട്, ആലപ്പുഴ

## ഏറ്റവും വലിയ പ്രശ്നം

ജനുവരിമാസത്തെ കാരുണികൻ ശ്രദ്ധാപൂർവ്വം വായിച്ചു. അതിൽ ക്നാനായസമുദായത്തെ സംബ

www.malankaralibrary.com

ന്ധിച്ച് പ്രത്യേക പരാമർശങ്ങൾ ഉണ്ടായിരുന്നല്ലോ. കാരിത്താസിലെ Priest Home - ൽ താമസിക്കുന്ന വൈദികനാണ് ഞാൻ. ഒത്തിരി അനുഭവജ്ഞാനം കൈമുതലായി ഉണ്ട്.

അനുഭവം പങ്കിടാം. ക്നാനായ സമുദായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അതിന്റെ ന്യൂനപക്ഷപരാധീനതയാണ്. മൊത്തം ജനസംഖ്യ രണ്ടര ലക്ഷം (യാക്കോബായക്കാർ ഉൾപ്പെടെ). Endogamy എടുത്തുകളഞ്ഞാൽ ഈ പരാധീനത ഒഴിവാക്കാമെന്ന ആശയം ശക്തമാകുന്നുണ്ട്. എന്നാൽ പ്രായോഗികമായി ഏറെ തടസ്സങ്ങൾ ഉണ്ട്.

കേരളത്തിലെ ഏറ്റവും പ്രഗത്ഭരായ ചരിത്രകാരന്മാരായിരുന്നു ഷെവ. ഐ. സി. ചാക്കോയും ഡോ. പി. ജെ. തോമസ് പകലോമറ്റവും. അവർ കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികളുടെ അപ്പസ്തോലിക പാരമ്പര്യവും ബ്രാഹ്മണ പൈതൃകവും യുക്തിസഹമായി സമർത്ഥിച്ചിട്ടുണ്ട്. അതേപോലെ ക്നാനായസമുദായത്തെപ്പറ്റിയും നന്നായി എഴുതിയിട്ടുണ്ട്.

എന്റെ അഭിപ്രായത്തിൽ ക്നാനായ സമുദായത്തിന്റെ ആത്മീയവളർച്ചയ്ക്ക് സീറോമലബാർ സഭ ഏറെ സംഭാവന നല്കിയിട്ടുണ്ട്. നിരവധി മിഷനറിമാരും സന്യാസിമാരും ഉണ്ടായത് ഇതുകൊണ്ടാണ്. പൊതുസെമിനാരികളിൽ പഠിച്ചതുകൊണ്ട് വൈദികർക്ക് ഇടവകകളിൽ സഹവർത്തിത്വം നിലനിർത്താൻ കഴിയുന്നു. ഇത് ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്.

ക്നാനായ സമുദായത്തിന്റെ plus points രണ്ടാണ്. 1. വംശീയ ഐക്യം 2. ആതിത്യമര്യാദ. ആർഭാടവും അച്ചടക്കരാഹിത്യവുമെന്ന കുറവുണ്ടെന്ന് പറയാതെ വയ്യ. അതേസമയം വടക്കുംഭാഗരിൽ ഈ കുറവ് വിരളമാണെന്നു പറയാം.

1970 വരെ കോട്ടയം രൂപതാംഗങ്ങൾ സാധാരണ (Middle class)ക്കാരായിരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസം ലഭിച്ചതോടെ വിദേശകുടിയേറ്റം നടത്തി സാമ്പത്തിക വളർച്ച തേടി. ഇന്ന് Upper middle കാരുടെ സമൂഹമായി. അതിന്റെ പച്ചപ്പ് ഇന്ന് എല്ലാ ഇടവകകളിലും കാണാം.

ഒരു നൂറ്റാണ്ടിലെ ഏറ്റവും വലിയ സംഭവം കോട്ടയം അതിരൂപത ആയതാണ്. രണ്ടു സാമന്തരൂപതകൾക്കുള്ള എല്ലാ സംവിധാനങ്ങളും സാമ്പത്തികശേഷിയും ഇന്ന് കോട്ടയം അതിരൂപയ്ക്കുണ്ട്. ജനങ്ങളെ വിശ്വാസത്തിൽ പിടിച്ചുനിർത്താൻ രൂപതകൾക്കേ സാധിക്കൂ. ഭാവിയെപ്പറ്റി ആകുലപ്പെടാനില്ല. ശുഭാപ്തിവിശ്വാസമാണ് പ്രധാനം.

**ഫാ. സിറിയക് പെരിങ്ങേലിൽ,** കോട്ടയം

deepika.com
The Largest Read Malayalam Internet Daily
കേരള വാർത്തകൾ

## ശതാധിപന്റെ പാഠം പഠിപ്പിക്കാനൊരുങ്ങി; പ്രവൃത്തിയുടെ പാഠം നൽകി മടങ്ങി



പാലാ: "നിന്റെ കാര്യങ്ങൾക്കപ്പുറത്തേക്ക് നിന്റെ പ്രാർഥന വ്യാപിപ്പിക്കുന്നുണ്ടോ? നിന്റെ പ്രിയരുടെയും ചുറ്റുമുള്ളവരുടെയും വിഷയങ്ങൾ നിന്റെ പ്രാർഥനയ്ക്കു വിഷയമാകാറുണ്ടോ? എങ്കിൽ അപ്പോഴാണു നിന്റെ ഹൃദയം വിശാലമാകുന്നത്."

ഉാലം പുത്തൻ പള്ളി വികാരി ഫാ. മാത്യു തൊണ്ടാംകുഴിയുടെ ആകസ്മിക വിയോഗമറിഞ്ഞ് പള്ളിമേടയിലെത്തി അദ്ദേഹത്തിന്റെ മുറിയിൽ കയറിയപ്പോൾ തുറന്നുവച്ചിരുന്ന 'കാരുണികൻ' എന്ന പുസ്തകത്തിലെ വാചകങ്ങളാണിവ. വാക്കുകളിലൂടെയുള്ള പഠനം പ്രവൃത്തികളിലൂടെ യാഥാർഥ്യമാക്കി മാതൃകയായ ഫാ. തൊണ്ടാംകുഴി ഇന്നലെ ഉച്ചയൂണിനുശേഷം തുറന്നുവായിച്ച ഈ പുസ്തകത്താള് ഞായറാഴ്ച പ്രസംഗത്തിനായുള്ള തയാറെടുപ്പായിരുന്നുവെന്നു വ്യക്തം.

ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ വായിക്കാൻ നിർദേശിച്ചിരുന്നത് വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ എട്ടാം അധ്യായത്തിലെ അഞ്ചു മുതൽ 13 വരെയുള്ള തിരുവചന ഭാഗങ്ങളാണ്. ശതാധിപന്റെ ഭൃത്യനെ യേശു സുഖപ്പെടുത്തുന്ന സംഭവമാണ് ഈ വചനഭാഗത്തിലൂടെ പങ്കു വയ്ക്കേണ്ടിയിരുന്നത്. അധികമാരും അറിയാതെ അന്യരുടെ ദുഃഖങ്ങളൊപ്പുന്ന ഫാ. തൊണ്ടാം കുഴിയും ചെയ്തിരുന്നത് ഈ ശതാധിപന്റെ ദൗത്യമായിരുന്നുവെന്നത് യാദൃച്ഛികതയാകാം.

ശതാധിപൻ യേശുവിനോട് അപേക്ഷിച്ചതു സ്വന്തം കാര്യമല്ല, ഭൃത്യന്റെ തളർവാതം സുഖപ്പെടുത്തണമെന്നാണ്. ഫാ. തൊണ്ടാംകുഴിയും ജീവിച്ചതും പ്രവർത്തിച്ചതും മറ്റുള്ളവർക്കു വേണ്ടിയായിരുന്നു. സ്വന്തം ജീവൻ പണയപ്പെടുത്തി മറ്റൊരു ജീവൻ രക്ഷിക്കാനുള്ള ശ്രമത്തിനിടയിലാണ് ഈ മാതൃകാവൈദികൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

തൊട്ടുമുമ്പിൽ പതിയിരിക്കുന്ന അപകടം എന്നതിനപ്പുറം ഒരു ജീവൻ രക്ഷിക്കാനുള്ള ശ്രമത്തിലായിരുന്നു ഫാ. മാത്യു തൊണ്ടാംകുഴിയെന്നു വ്യക്തം.

മരണം കീഴടക്കിയപ്പോഴും മറ്റൊരു ജീവൻ രക്ഷിക്കാനായി കൈയിൽ കരുതിയിരുന്ന വലിയൊരു പിവിസി പൈപ്പിൽ നിന്നും അദ്ദേഹം പിടിവിട്ടിരുന്നില്ല.

ഞായറാഴ്ച പ്രസംഗത്തിനായി ഒരുങ്ങിക്കൊണ്ടിരുന്ന വൈദികൻ ഷോക്കേറ്റ അച്ചാമ്മ അലറിക്കരഞ്ഞതുകേട്ടു മറ്റൊന്നും ചിന്തിക്കാതെ ഓടിയെത്തുകയായിരുന്നു. സംഭവം നടന്ന പള്ളി പുരയിടത്തിന്റെ വശത്തേക്കുള്ള വാതിൽ തുറന്ന നിലയിലായിരുന്നു. പള്ളിമേടയ്ക്കു സമീപം തന്നെ വച്ചിരുന്ന പിവിസി പൈപ്പാണ് അച്ചന്റെ കൈവശമുണ്ടായിരുന്നത്.

www.malankaralibrary.com



# കാരുണ്യശ്ശേരി

ബിഷപ് ജോസഫ് കാരിക്കശ്ശേരി/ / ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

തച്ചന്റെ മകൻ ദൈവരാജ്യം പണിയുന്ന അത്ഭുതമാണ് കോട്ടപ്പുറം രൂപതയിൽ നടക്കുന്നത്. കിടപ്പാടം നഷ്ടപ്പെട്ട മൂലമ്പിള്ളിക്കാരുടെ തൊണ്ടയിൽ കുരുങ്ങിയ നിലവിളിക്ക് രംഗഭാഷ നല്കിയതും ഈ ചെറിയ മനുഷ്യൻ തന്നെ. മടിയിൽ കനമില്ലാത്തവന് വഴിയിൽ ഭയം കാണില്ലെന്ന നാട്ടറിവിനെ ജീവിതപ്രമാണമാക്കിയ പുരോഹിതശ്രേഷ്ഠൻ. സ്ഥാനാരോഹണദിവസം കോട്ടപ്പുറം രൂപത നല്കിയ ഗംഭീര വരവേല്പിനുശേഷം ബിഷപ് കാരിക്കശ്ശേരി പറഞ്ഞു: "ഇന്ന് എന്റെ ഓശാന ഞായറാണ്. ഇന്നുമുതൽ ഞാനെന്റെ കുരിശിന്റെ വഴിയിലേയ്ക്ക് നീങ്ങുകയാണ്". കാരിക്കശ്ശേരി കാരുണ്യശ്ശേരിയാവുന്ന അത്ഭുതം!

■ "സാധാരണക്കാരുടെ പിതാവ്" എന്നാണല്ലോ എല്ലാവരും പിതാവിനെ വിളിക്കുന്നത്. ജീവിതശൈലിയിലും പെരുമാറ്റത്തിലും കാണുന്ന അതിശയകരമായ ലാളിത്യത്തിന്റെ രഹസ്യമെന്താണ്?

ഒരു സാധാരണ കുടുംബത്തിൽ നിന്നാണ് ഞാൻ വരുന്നത്. എന്റെ അപ്പച്ചൻ ഒരു മരപ്പണിക്കാരനായിരുന്നു. അപ്പൻ കഷ്ടപ്പെട്ട് അദ്ധ്വാനിച്ചാണ് ഞങ്ങളെ വളർത്തിയത്. അപ്പന്റെ വിയർപ്പിന്റെ വിലയാണ് ഞങ്ങളുടെ ചെറിയ വീടും പറമ്പും. അന്നുള്ള ആ ചെറിയ വീട്ടിൽത്തന്നെയാണിന്നും ഞങ്ങൾ താമസിക്കുന്നത്. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളും ചുറ്റുപാടുമുള്ളവരുടെ കഷ്ടപ്പാടുകളും വളരെ ചെറുപ്പത്തിൽ തന്നെ അനുഭവിച്ചറിയാൻ എനിക്കുസാധിച്ചു. അതുകൊണ്ടുതന്നെ അച്ചനായാലും മെത്രാനായാലും ഞാനെന്റെ വേരുകൾ മറന്നിട്ടില്ല. പച്ചമണ്ണിൽ ചവിട്ടി നടക്കാൻ തന്നെയാണ് ഞാനിന്നും ഇഷ്ടപ്പെടുന്നത്.

■ പിതാവ് ചെറുപ്പത്തിലേ ഒരു ഫുട്ബോൾ കളിക്കാരനായിരുന്നെന്ന് കേട്ടിട്ടുണ്ട്?

എന്റെ ദൈവവിളി ഫുട്ബോൾ കളിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നത് സത്യമാണ്. വലവീശിക്കൊണ്ടിരിക്കുമ്പോഴാണ് പത്രോസിനെ കർത്താവ് വിളിച്ചതെങ്കിൽ, എന്നെ വിളിച്ചത് ഫുട്ബോൾ ഗ്രൗണ്ടിൽ നിന്നാണ്. ഞാനൊരു വികൃതിച്ചെറുക്കനായിരുന്നു. വികൃതികളെയാണല്ലോ കർത്താവ് വിളിക്കുന്നത്. ഞങ്ങളുടെ കർത്തേടം പള്ളിയിൽ ഒരു പുതിയ വികാരിയച്ചൻ വന്നപ്പോൾ ഞങ്ങൾക്കൊരു ഫുട്ബോൾ വാങ്ങിത്തന്നു. കളിക്കാൻ വന്നവരെയെല്ലാം അച്ചൻ കുർബാനയ്ക്കു കൂടാൻ വിളിച്ചു. ലാറ്റിൻ കുർബാനയുടെ പ്രാർത്ഥനകളെല്ലാം ഞങ്ങളെ കാണാപാഠം പഠിപ്പിച്ചു. വീട്ടിൽ ഞങ്ങൾ കുർബാന ചൊല്ലി കളിക്കുമായിരുന്നു. വലിയ പുതപ്പൊക്കെയായിരുന്നു കുർബാന കുപ്പായം. വീട്ടിലുണ്ടായിരുന്ന ഭക്ഷണ സാധനങ്ങൾ കുർബാന അപ്പമായി നല്കി. എട്ടാം

www.malankaralibrary.com



ക്ലാസ്സിൽ പഠിക്കുമ്പോൾ അച്ചൻ എന്നോടു ചോദിച്ചു; നിനക്ക് സെമിനാരിയിൽ ചേരാനാഗ്രഹമുണ്ടോ? സെമിനാരിയെന്താണെന്നൊന്നും അന്നെനിക്കറിയില്ലായിരുന്നു. സമ്മതം മൂളിയ എന്നെ സെന്റ് ആൽബർട്ട്സ് സ്കൂളിൽ ചേർത്തു. പിന്നീട് ആർച്ച് ബിഷപ്പായ കൊർണേലിയൂസ് ഇലഞ്ഞിക്കലായിരുന്നു എന്റെ റെക്ടർ.

■ കെ. ആർ. എൽ. സി. എ. യുടെ ആഭിമുഖ്യത്തിൽ മറൈൻഡ്രൈവിൽ രാഷ്ട്രീയക്കാർക്ക് താക്കീതായി ലത്തീൻ സമുദായസംഗമം നടത്തിയല്ലോ. സഭാ രാഷ്ട്രബന്ധങ്ങളിലെ സമകാലിക പ്രതിസന്ധികളെയും ഇടപെടലുകളേയും പിതാവ് എങ്ങനെ കാണുന്നു?

സഭയോട് താത്പര്യം കാണിക്കുന്നതുപോലെ ഗ്രാമസഭയോടും താത്പര്യം കാണിക്കണമെന്നാണ് ഞാൻ വിശ്വാസികളോട് പറയാറ്. രാഷ്ട്രനിർമ്മിതിയിൽ ജനങ്ങളെ പങ്കുകാരാക്കുക എന്നത് വൈദികരുടെ കടമയാണ്, സഭയുടെ ധർമ്മമാണ്. ദൈവരാജ്യനിർമ്മിതിയുടെ ഭാഗംതന്നെയാണ് രാഷ്ട്രനിർമ്മിതിയും. ഇവിടെ പാർട്ടികളല്ല ജനങ്ങളാണ് പ്രധാന ഘടകം. നീതിബോധമുള്ള, സ്വഭാവശുദ്ധിയുള്ള സത്യസന്ധരായ സ്ഥാനാർത്ഥികൾ വരട്ടെ. അവരെ ശാക്തീകരിക്കാൻ, പിന്തുണയ്ക്കാൻ, സഭയും ജനങ്ങളും തയ്യാറാകും. ഇലക്ഷൻ സമയമാകുമ്പോൾ കക്ഷത്തൊരു ഡയറിയും വച്ച് "പിതാവേ, എന്റെ പേരൊന്നു പറയണം" എന്ന് പറഞ്ഞ് വരുന്നവരുണ്ട്. അത്തരം കലാപരിപാടികൾ ഇനി നടക്കില്ല. ജനപിന്തുണയുള്ള ആദർശധീരർക്കായിരിക്കും സഭയുടേയും പിന്തുണ.

■ സഭയുടെ സാമൂഹിക ഇടപെടലുകൾക്ക് ശക്തിപോരാ എന്ന വിമർശനമുയരാറുണ്ട്. മൂലമ്പിള്ളി പ്രശ്നത്തിലും മറ്റും കത്തോലിക്കാ സഭയുടെ തീനാവായിരുന്നല്ലോ പിതാവ്. ഈ വിമർശനത്തെ എങ്ങനെ വിലയിരുത്തുന്നു?

ആത്മീയം, ഭൗതികം (sacred and secular) എന്നിങ്ങനെ സഭാശുശ്രൂഷകളെ വേർതിരിക്കരുതെന്ന അഭിപ്രായക്കാരനാണ് ഞാൻ. മൂലമ്പിള്ളിയിലെ ജനങ്ങളെ എനിക്ക് നേരിട്ടറിയാം; അവരനുഭവിക്കുന്ന യാതനകളും. എനിക്കു ജീവശ്വാസമുള്ളിടത്തോളം കാലം ഞാൻ അവരുടെ അവകാശങ്ങൾക്കായി പൊരുതും. മന്ത്രിമാരും നേതാക്കളും ഇരിക്കുന്ന വേദികളിലും ഞാനെന്റെ വികാരം പ്രകടിപ്പിച്ചിട്ടുണ്ട്. "രാജ്യത്തിന്റെ വികസനത്തിനായി സ്ഥലം വിട്ടുകൊടുത്ത ജനത്തിന്റെ നെഞ്ചിലൂടെയല്ലേ അവർ ട്രെയിനോടിച്ചത്? വാഗ്ദാനങ്ങളുടെ പെരുമഴയിൽ കുളിപ്പിച്ചിട്ട് പിറന്ന നാടും വീടും അവർക്കന്യമാക്കുകയല്ലേ ഇവിടുത്തെ രാഷ്ട്രീയക്കാർ ചെയ്തത്. സഭ പഴയനിയമത്തിൽ നീതിക്കായി തുടങ്ങിയ യുദ്ധം അതിന്റെ നൂതനരൂപങ്ങളിൽ ഇന്നും തുടരുകയാണ്. പാവപ്പെട്ടവന്റെ കാര്യം നോക്കാൻ രാഷ്ട്രീയക്കാർക്ക് സമയമില്ല. ജനങ്ങളെ മറന്നുള്ള വികസനം വികസനമല്ല.

■ അത്ഭുതങ്ങളും അടയാളങ്ങളും രോഗശാന്തിയും ഉദ്ദിഷ്ടകാര്യസാധ്യവും മാത്രം അന്വേഷിക്കുന്ന വിശ്വാസികളുടെ എണ്ണം പെരുകുകയാണല്ലോ. സഭയ്ക്കുള്ളിലെ ഈ പ്രവണതയെ, കരിസ്മാറ്റിക് പ്രസ്ഥാനത്തെ പിതാവ്

www.malankaralibrary.com

എങ്ങനെ വിലയിരുത്തുന്നു?

ഞാനൊരു കരിസ്മാറ്റിക് പ്രചാരകനാണ്. പക്ഷെ അന്ധവിശ്വാസം എനിക്കില്ല. യേശു വിഭാവനം ചെയ്യാത്ത പല പ്രവണതകളും ഇന്ന് കരിസ്മാറ്റിക് പ്രസ്ഥാനത്തിൽ ശക്തമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സൃഷ്ടിയാണ് കരിസ്മാറ്റിക് പ്രസ്ഥാനമെന്നൊക്കെ പറയുന്നവരുണ്ട്. അതിൽ വലിയ കഥയൊന്നുമില്ല. കരിസ്മാറ്റിക് പ്രസ്ഥാനം പോയാലും

> മാധ്യമങ്ങളെ ഭയപ്പെടാതെ സുതാര്യമായും സ്വതന്ത്രമായും മുന്നോട്ടുപോവുക എന്നതായിരിക്കണം സഭയുടെ നയം.

സഭയുണ്ടാകും. എന്റെ അമ്മ 94 വയസ്സുള്ളപ്പോഴാണ് മരിച്ചത്. എന്റെ അമ്മ കരിസ്മാറ്റിക് ധ്യാനമൊന്നും കൂടിയിട്ടില്ല. പക്ഷെ സന്തോഷത്തിലും ദുഃഖത്തിലും ദൈവത്തെ സ്തുതിച്ച എന്റെ അമ്മ ഏറ്റവും വലിയ കരിസ്മാറ്റിക്കായിരുന്നു. ഓരോ കാലഘട്ടത്തിലും വിവിധ പ്രസ്ഥാനങ്ങൾ സഭയിലുണ്ടാകും. അതുപോലൊന്നാണ് കരിസ്മാറ്റിക് പ്രസ്ഥാനവും. അതിനപ്പുറം അതിശയോക്തി കലർത്തിയ പ്രചാരങ്ങൾ ഒരു പക്ഷേ അപകടം സൃഷ്ടിച്ചേക്കാം.

■ നവീകരണ പ്രസ്ഥാനത്തിൽ നവീകരിക്കപ്പെടേണ്ട വസ്തുതകളെന്തൊക്കെയാണ്?

ഒരു പട്ടിക്ക് പതിനാറുമൂപ്പൻ എന്നു പറയുന്നതുപോലാണ് ചില കരിസ്മാറ്റിക് പ്രഘോഷകരും പ്രേഷിതരും. വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടന്മാരാകുന്ന അവസ്ഥ. ധ്യാനകേന്ദ്രങ്ങളിൽ നിന്ന് പിരിച്ചുവിടപ്പെട്ടവരും ഇടവകകളിൽ സത്പ്പേരില്ലാത്തവരും വെളിപാടു കിട്ടിയെന്ന അവകാശവാദവുമായി നടക്കുകയാണ്. പല വിശ്വാസികളുടെയും ജീവിതങ്ങളെ ചൂഷണം ചെയ്യുന്നവരാണിവർ. പല കേന്ദ്രങ്ങളിലും നടന്നെന്നു പറയുന്ന അത്ഭുതങ്ങളും വിശ്വാസത്തിനെതിരായിട്ടുള്ളവയാണ്. സമ്പന്നവർഗ്ഗത്തിനായി മാത്രം Upper Room കൾ (ജോസ് ആനത്താനത്തിന്റെ വിഭാഗം) ഇവിടെ സൃഷ്ടിച്ചതാരാണ്? ഞാൻ മെത്രാന്മാരെ വരെ ധ്യാനിപ്പിച്ചിട്ടുണ്ടെന്നാണ് മുല്ലക്കര ദേവസ്യ പറഞ്ഞുനടക്കുന്നത്. ആൾദൈവങ്ങളും വ്യാജസിദ്ധന്മാരും അരങ്ങു തകർക്കുന്ന ഒരു വേദിയായിമാറിയിരിക്കുന്നു സമകാലിക ഭക്തിവ്യവസായം. പൂർവ്വിക ശാപത്തിന്റെ കഥകൾ പറഞ്ഞ് വിശ്വാസികളെ പേടിപ്പിക്കുന്നവരും ഇക്കൂട്ടത്തിലുണ്ട്. നിലവിളക്കും അന്യമതപ്രതീകങ്ങളും പിശാചിന്റെ ഉപകരണങ്ങളാണെന്നു പഠിപ്പിക്കുന്നവർ ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും ഇവരുടെയിടയിലുണ്ട്.

■ വൈദികരുടെയും സമർപ്പിതരുടെയും ജീവിതശൈലിയെക്കുറിച്ച് ധാരാളം വിമർശനങ്ങളുയരുന്നുണ്ടല്ലോ. കാർമ്മൽഗിരി സെമിനാരിയിൽ പ്രവർത്തിച്ചതിന്റെ പശ്ചാത്തലത്തിൽ പിതാവ് എങ്ങനെയാണീ പ്രശ്നങ്ങളെ കാണുന്നത്?

ഞാൻ വികാരി ജനറാളായിരിക്കുമ്പോൾ ഒരാളെന്നെ വഴിയിൽ തടഞ്ഞുനിർത്തി ദേഷ്യപ്പെടാൻ തുടങ്ങി. "എന്താണീ കൊച്ചച്ചന്മാർ കാണിച്ചുകൂട്ടുന്നത്? അരമണിക്കൂറോളം തുടർന്നു ഈ രോഷപ്രകടനം. അവസാനം ഞാനയാളോട് ചോദിച്ചു: "താങ്കളുടെ മകൻ അച്ചനായാൽ ഏതു സ്വഭാവക്കാരനായിരിക്കും"? അദ്ദേഹം നിശബ്ദനായി തിരിച്ചുപോയി. അച്ചന്റെ Quality എന്നുപറയുന്നത് കുടുംബത്തിൽ നിന്നു ലഭിക്കുന്നതാണ്. അടിസ്ഥാനപരമായി നല്ല വ്യക്തികൾക്കേ പരിശീലനം വഴി നല്ല വൈദികരാകാൻ പറ്റൂ. മാതാപിതാക്കൾ നല്ല മക്കളെ സഭയ്ക്കു തരട്ടെ. അപ്പോഴിവിടെ നല്ല വൈദികരുണ്ടാകും. ദാരിദ്ര്യാരൂപിയും പങ്കുവയ്ക്കാനുള്ള മനസ്സും വീടുകളിൽ നിറയട്ടെ. അടിസ്ഥാനഘടകമായ കുടുംബത്തിന്റെ വിശുദ്ധി വീണ്ടെടുക്കപ്പെടുമ്പോൾ നല്ല ദൈവവിളികളും സഭയിലുണ്ടാകും.

■ ജനാധിപത്യത്തിലെ ഫോർത്ത് എസ്റ്റേറ്റാണ് മാധ്യമങ്ങൾ. ന്യൂനപക്ഷങ്ങളേയും പാർശ്വവത്ക്കരിക്കപ്പെട്ടവരേയും ശാക്തീകരിക്കേണ്ടവർ. എന്നാൽ കേരളത്തിലെ മാധ്യമങ്ങളുടെ ഒരു പൊതുസ്വഭാവമാണല്ലോ അന്ധമായ സഭാവിരോധം?

ക്രിസ്തുവിന്റെ പ്രകാശത്തെ തല്ലിക്കെടുത്തുന്ന അന്ധകാരശക്തികൾ എല്ലായിടത്തുമുണ്ടാകും. എന്നാൽ എതിർപ്പുള്ളിടത്തേ സഭ ശക്തിപ്പെടുകയുള്ളൂ.

www.malankaralibrary.com



രക്തസാക്ഷികളുടെ രക്തമാണ് പള്ളിയുടെ ബീജമെന്ന് പറയാറില്ലേ. മങ്കുഴിക്കരി പിതാവ് പറഞ്ഞതോർക്കുകയാണ്. "മതമർദ്ദനമുള്ളിടത്തെ സഭയാണ് കരുത്തുള്ള സഭ, ചലനാത്മകമായ സഭ". സഭ ചെയ്യുന്നത് ഇവിടെ മറ്റുസമുദായങ്ങൾക്കോ ഗ്രൂപ്പുകൾക്കോ ചെയ്യാനാകുന്നില്ല. കേരളത്തിലെ ജനസംഖ്യയുടെ ചെറിയവിഭാഗമായ ക്രൈസ്തവർക്ക് ഇവിടുത്തെ സാമൂഹിക-സാംസ്കാരിക രംഗങ്ങളിലുള്ള വലിയ സ്വാധീനവും നിയന്ത്രണവും ഒരുപക്ഷെ ഇതരവിഭാഗങ്ങളിൽ അസംതൃപ്തിയോ അസൂയയോ സൃഷ്ടിച്ചേക്കാം.

എന്നാൽ മാധ്യമങ്ങൾ ജാഗ്രവത്തായതുകൊണ്ട് സഭയ്ക്ക് പല നന്മകളുമുണ്ട്. പല സർക്കുലറുകളും വായിക്കുമ്പോൾ പള്ളിയിൽ പലരും ഉറങ്ങുകയായിരിക്കും. എന്നാൽ മാധ്യമങ്ങൾ ഈ സർക്കുലറുകളും ഇടയലേഖനങ്ങളും ഏറ്റുപിടിക്കുന്നതോടെ എല്ലാവരിലേയ്ക്കും അത് എത്തുന്നതിന് കാരണമാകുന്നുണ്ട്. മാധ്യമങ്ങളെ ഭയപ്പെടാതെ സുതാര്യമായും സ്വതന്ത്രമായും മുന്നോട്ടുപോവുക എന്നതായിരിക്കണം സഭയുടെ നയം.

■ **കേരള കത്തോലിക്കാസഭയുടെ പ്രതികരണങ്ങൾ ചിതറിക്കപ്പെടുന്ന അവസ്ഥ നിലവിലുണ്ടല്ലോ? ഒരുസഭ, ഒറ്റശബ്ദം എന്ന നിലയിലേയ്ക്കു വളരുന്നതിൽ തടസ്സമാകുന്ന ഘടകങ്ങളെന്തെല്ലാമാണ്?**

കത്തോലിക്കാ സഭയ്ക്ക് സെക്കുലർതലത്തിൽ ഒരു പൊതുമാധ്യമമില്ല എന്നത് അടിയന്തര പരിഗണനയർഹിക്കുന്ന ഒരു പ്രശ്നമാണ്. അതുകൊണ്ടു തന്നെ നേതൃതലത്തിലുള്ള വ്യത്യസ്ത ശബ്ദങ്ങളെ ഗൗരവമായ അഭിപ്രായ വ്യത്യാസമായി പല മാധ്യമങ്ങളും ദുർവ്യാഖ്യാനിക്കുകയും വളച്ചൊടിക്കുകയും ചെയ്യുന്നു. ഇലക്ഷന്റെ ദിവസം കർദ്ദിനാൾ വിതയത്തിൽ പിതാവിന്റെ പ്രസ്താവനയ്ക്കു സംഭവിച്ചതും അതാണ്. കത്തോലിക്കാസഭ പൊതുവായെടുക്കുന്ന തീരുമാനങ്ങൾക്കപ്പുറത്ത് ചിലരെങ്കിലും തത്വങ്ങളെ ബലികഴിച്ച് കാര്യസാധ്യത്തിനായി പല വഴികൾ തേടുന്നത് പ്രതിലോമശക്തികൾക്ക് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമൊരുക്കിക്കൊടുക്കുന്നുണ്ട്.

വ്യക്തിസഭകളുടെ പ്രവർത്തനരീതികളിലും ആരാധനാക്രമങ്ങളിലുമുള്ള അനാവശ്യമായ നവീകരണങ്ങൾ സ്ഥാപനങ്ങളുടെ വീതംവയ്പ്, റീത്ത് അടിസ്ഥാനത്തിലുള്ള വിഭജനങ്ങൾ എന്നിവ ഐക്യചിന്തയെ ശിഥിലമാക്കുന്ന പ്രവണതകളാണ്. കത്തോലിക്കാവിരോധം മുഖമുദ്രയാക്കിയ ഒരു മാധ്യമസംസ്കാരം നിലനില്ക്കുന്നിടത്ത് ചെറിയ വിടവുകൾപോലും വൻഗർത്തങ്ങളായി ചിത്രീകരിക്കപ്പെട്ടേക്കാം. കരുതിയിരിക്കേണ്ടത് നമ്മളാണ്.

■ **കോട്ടപ്പുറം രൂപതാഭരണത്തിൽ പിതാവിന്റെ സ്വപ്നങ്ങളെന്തൊക്കെയാണ്?**

തീർത്ഥാടകനെന്ന വാക്ക് എന്റെ ജീവിതത്തെ നയിക്കുന്ന ഒന്നാണ്. എങ്ങോട്ടുപോകാൻ പറഞ്ഞാലും ഞാൻ പോകും; അബ്രാഹാം പോയതുപോലെ. ഒരു മരപ്പണിക്കാരന്റെ മകനായ എനിക്ക് ദൈവരാജ്യം പണിയുക എന്നതിൽ കവിഞ്ഞ് മറ്റു സ്വപ്നങ്ങളൊന്നുമില്ല. ■

www.malankaralibrary.com



# നവ സഭാവിഭാഗങ്ങൾ

ഫാ. ജോമോൻ ഫ്രാൻസിസ്

കേരളത്തിൽ പൊട്ടിമുളച്ച് പ്രചാരം നേടുന്ന പുതിയ സഭാവിഭാഗങ്ങളെയും അവയുടെ സവിശേഷതകളെയും പരിചയപ്പെടുത്തുകയാണിവിടെ.

നവീകരണ മുഖ്യധാരയിൽ നിന്നു വഴിമാറി വ്യാഖ്യാനങ്ങളുടെ പുതുപഞ്ചാംഗം ചമയ്ക്കുന്ന നവസഭാവിഭാഗങ്ങളുടെ പെരുമഴക്കാലമാണിപ്പോൾ കേരളസഭയിൽ. ദൈവശാസ്ത്രപരമായി നിരക്ഷരരായ വിശ്വാസികളുടെ ഭയവും നിസ്സഹായതയും ചൂഷണം ചെയ്ത് നട്ടാൽ കുരുക്കാത്ത നുണകൾ പ്രചരിപ്പിക്കുന്ന നേതാക്കളും സഭാവിഭാഗങ്ങളും സുലഭമാണിവിടെ. ദൈവവചനത്തിൽ മായംചേർത്ത് ആത്മീയതയെ കച്ചവടച്ചരക്കാക്കാനുള്ള ഇത്തരക്കാരുടെ കുത്സിത ശ്രമങ്ങളിൽ ബലിയാടാകുന്നത് പാവപ്പെട്ട വിശ്വാസികൾ തന്നെ.

## പൊതുസവിശേഷതകൾ

കേരളത്തിൽ പ്രചാരത്തിലിരിക്കുന്ന പ്രധാന നവസഭാവിഭാഗങ്ങൾക്കെല്ലാം ചില പൊതു സവിശേഷതകളുണ്ട്. പരസ്പരം അവ ഓരോന്നും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ പോലും അവയിലെല്ലാം കാണുന്ന പൊതുലക്ഷണങ്ങൾ താഴെപ്പറയുന്നവയാണ്.

1. പാരമ്പര്യനിഷേധവും പുരോഹിതവിദ്വേഷവും; 2. രക്ഷയ്ക്ക് ദൈവവചനം മാത്രം മതിയെന്ന നിലപാട് (Sola Scriptura); 3. കൂദാശാനിഷേധം; 4. നേതാക്കളുടെ സർവ്വാധിപത്യം; 5. ബൈബിളിന്റെ ലിഖിതാർത്ഥ വ്യാഖ്യാനവും തന്നിഷ്ട വ്യാഖ്യാനവും; 6. അന്യമത പ്രതീകങ്ങളോടുള്ള കടുത്ത അസഹിഷ്ണുത; 7. വെളിപാട് പുസ്തകത്തിനു നൽകുന്ന അമിത പ്രാധാന്യം; 8. കത്തോലിക്കാ സഭയോടുള്ള വിരോധം; 9. യുക്തിവിരോധം – രക്ഷയ്ക്ക് വിശ്വാസം മാത്രം മതിയെന്ന ചിന്ത (Sola Fide)

## സ്പിരിറ്റ് ഇൻ ജീസസ്

ടോം സഖറിയ 1988 ൽ ഇടുക്കി ജില്ലയിലെ സൂര്യനെല്ലിയിൽ ആരംഭിച്ച പ്രസ്ഥാനമാണിത്. കെട്ടിലും മട്ടിലും കത്തോലിക്കാ പ്രസിദ്ധീകരണമെന്ന് തോന്നിക്കുന്ന 'ഇതാ നിന്റെ അമ്മ' എന്ന മാസികയാണ് ഔദ്യോഗിക ജിഹ്വ. 1997 ൽ ദേവികുളത്താരംഭിച്ച സമാഗമ കൂടാരമെന്ന പ്രാർത്ഥനാ ഭവനത്തിലൂടെയായിരുന്നു ഇതിന്റെ വളർച്ച.

2000 ൽ തൃശൂരിലെ മണ്ണുത്തിയിൽ 'മരിയൻകൂടാരം' സ്ഥാപിക്കപ്പെട്ടു. 2008 ൽ തൃശൂരിനടുത്തുള്ള ചീയാരത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ട മരിയൻ കൂടാരമാണ് സ്പിരിറ്റ് ഇൻ ജീസസിന്റെ പ്രധാന കേന്ദ്രം. യേശുവിന്റെ ആത്മാവ് (Spirit in Jesus) എന്ന പേര് പ്രത്യേക ദൈവിക വെളിപാടിലൂടെ ടോം സഖറിയക്കു ലഭിച്ചതാണ് എന്നതാണവകാശം. ഈ സംഘടനയിലെ അംഗങ്ങൾക്കുമാത്രം പരിശുദ്ധാത്മാവ് നൽകുന്ന ദാനമാണ് 'യേശുവിന്റെ ആത്മാവെ'ന്നാണ് ഇക്കൂട്ടർ വാദിക്കുന്നത്.

## സ്പിരിറ്റ് ഇൻ ജീസസിന്റെ ദൈവശാസ്ത്ര പ്രമേയങ്ങൾ

ഒരു വ്യക്തിയുടെ മരണസമയത്ത് ദൈവം ആത്മാവിനെ സംബന്ധിച്ച് നടത്തുന്ന തനതുവിധിയെന്ന

www.malankaralibrary.com



ആശയത്തെ സ്പിരിറ്റ് ഇൻ ജീസസ് നിരാകരിക്കുന്നു. പൊതുവിധി മാത്രമാണ് യാഥാർത്ഥ്യമെന്ന് ഇക്കൂട്ടർ വാദിക്കുന്നു.

നരകം നിത്യമല്ലെന്നും തിന്മ പ്രവർത്തിക്കുന്നവരെ വിധിദിനം വരെ സൂക്ഷിക്കുവാനുള്ള താത്ാലികമായ ഒരു സംവിധാനമാണ് നരകം, പാതാളം എന്നീ പദങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നതെന്നുമാണ് സ്പിരിറ്റ് ഇൻ ജീസസ് പറയുന്നത്.

മരിച്ച ആത്മാവിന് കാണാനും കേൾക്കാനും ചലിക്കുവാനും സംസാരിക്കുവാനും ചിന്തിക്കാനും തീരുമാനമെടുക്കാനും കഴിയുമെന്നും ആത്മീയ ഹൃദയത്തിൽ ഭാവന, ചിന്ത, ആഗ്രഹങ്ങൾ, വംശീയവിചാരങ്ങൾ എന്നിവ കുടികൊള്ളുന്നുണ്ടെന്നും സ്പിരിറ്റ് ഇൻ ജീസസ് പറയുന്നു.

ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം മാത്രമാണ് സത്യവിശ്വാസ പ്രമാണമെന്നും ഇവർ പറയുന്നു. യേശു പാതാളത്തിലിറങ്ങി അസംഖ്യം തടവുകാരെ കൂടെ കൊണ്ടുപോയെന്ന ലേഖനഭാഗത്തെ (എഫേ. 4/8) വ്യച്യാർത്ഥത്തിൽ മാത്രം വ്യാഖ്യാനിക്കുന്ന അവർ വികലമായ അർത്ഥതലങ്ങൾ നൽകി ദൈവവചനത്തിൽ മായം ചേർക്കുന്നു.

പാപത്തിന്റെ വ്യക്തിപരമായ ഉത്തരവാദിത്വത്തെ നിഷേധിക്കുന്ന ഇവർ പൂർവ്വികരിലേക്കു നീളുന്ന ശാപത്തിന്റെ ചങ്ങലയെക്കുറിച്ച് പറഞ്ഞ് വ്യക്തികളെ ഭൂതകാലത്തിന്റെ വ്യാകുലതകളിൽ കുരുക്കിയിടുന്നു.

മനുഷ്യർ അനുഭവിക്കുന്ന പലവിധ ആന്തരിക സംഘർഷങ്ങളും മാനസികരോഗങ്ങളും ശാരീരിക പ്രശ്നങ്ങളും സ്വർഗ്ഗപ്രാപ്തി കിട്ടാതെ അലഞ്ഞുനടക്കുന്ന പ്രേതാത്മാക്കളുടെ പ്രവർത്തന ഫലമെന്നാണ് സ്പിരിറ്റ് ഇൻ ജീസസ് പഠിപ്പിക്കുന്നത്.

മതമൗലികവാദപരമായ നിലപാടുകളെടുക്കുന്ന ഇവർ നിലവിളക്ക് പോലുള്ള ഭാരതീയ പ്രതീകങ്ങളെയും അന്യമത പ്രതീകങ്ങളെയും അപഹസിക്കുകയും പൈശാചികമെന്ന് മുദ്രകുത്തുകയും ചെയ്യുന്നു.

സഭാധികാരത്തെയും പുരോഹിത നേതൃത്വത്തെയും രൂക്ഷമായി വിമർശിക്കുന്ന ഇവർ വ്യവസ്ഥാപിത സഭയ്ക്കുള്ളിൽ പിളർപ്പ് സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു.

## എംപറർ എമ്മാനുവേൽ ട്രസ്റ്റ്

ഇരട്ടയാറിൽനിന്നുള്ള ചിത്രകലാദ്ധ്യാപകനായ ജോസഫ് പൊന്നാറ എന്ന അത്മായനാണ് എംപറർ എമ്മാനുവേൽ ട്രസ്റ്റിന്റെ പ്രാരംഭകൻ. 2000–മാണ്ടിൽ തൊടുപുഴയിലാണ് ഈ ട്രസ്റ്റ് ആരംഭിക്കുന്നത്. ഇന്ന് ചാലക്കുടി-ഇരിങ്ങാലക്കുട റൂട്ടിലെ മുരിയാടുള്ള സീയോൻ ധ്യാനകേന്ദ്രമാണ് ഇവരുടെ ആസ്ഥാനം.

യുഗാന്ത്യത്തിലെ പ്രളയത്തിൽ നിന്നു രക്ഷപ്പെടുന്നതിനായി മുരിയാട് പെട്ടകരൂപത്തിലുള്ള ആലയ നിർമാണത്തിലാണ് എംപറർ എമ്മാനുവേൽ ട്രസ്റ്റ് ഇന്ന് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ലോകാവസാനം

www.malankaralibrary.com

സമാഗതമായെന്നും ബൈബിളിൽ പറയുന്ന യുഗാന്ത്യത്തിന്റെ ലക്ഷണങ്ങൾ സമകാലിക ലോകത്തിൽ കാണപ്പെടുന്നുവെന്നും ഇവർ പറയുന്നു. ഇവർ തങ്ങളെത്തന്നെ വിശേഷിപ്പിക്കുന്നത്, "ലോകസ്ഥാപനത്തിനു മുമ്പേ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവർ", ചെറിയ അജഗണം, വെളിപാട് പുസ്തകത്തിലുള്ള ഇസ്രായേൽ മക്കളായ 144000 പേർ എന്നിങ്ങനെയാണ്.

സകല ജനപഥങ്ങളെയും ഇരുമ്പുദണ്ഡുകൊണ്ട് ഭരിക്കാനുള്ള എമ്മാനുവേൽ 1000 വർഷത്തെ ഭരണം നടത്തുമെന്ന വെളിപാട് ഗ്രന്ഥത്തിലെ സൂചനയിൽ നിന്നാണ് (വെളിപാട് 20/1-6) എംപറർ എമ്മാനുവേൽ എന്ന പേര് സ്വീകരിച്ചിരിക്കുന്നത്. മിക്കാ പ്രവാചകന്റെ പുസ്തകത്തിൽ 4-ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്ന രക്ഷാമലയായ സീയോന്റെ പശ്ചാത്തലത്തിലാണ് തങ്ങളുടെ കേന്ദ്രത്തിന് സീയോൻ എന്ന പേര് ഇവർ നൽകിയിരിക്കുന്നത്.

> കെട്ടിലും മട്ടിലും കത്തോലിക്കാ പ്രസിദ്ധീകരണമെന്ന് തോന്നിക്കുന്ന 'ഇതാ നിന്റെ അമ്മ' എന്ന മാസികയാണ് ഔദ്യോഗിക ജിഹ്വ

ക്രിസ്തുവിന്റെ രണ്ടാം ജനനം സംഭവിച്ചു കഴിഞ്ഞു എന്ന് പഠിപ്പിക്കുന്ന ഇവർ രക്ഷയിലേക്കുള്ള ഏകവാതിൽ ജോസ് പൊന്നാറയാണെന്നും പറയുന്നു. തികച്ചും ഭൗതികവും ബാലിശവുമായ ഒരു ദ്വിതീയാഗമന സങ്കൽപം പുലർത്തുന്ന ഇവർ പറയുന്നതനുസരിച്ച് തങ്ങളെ കൂട്ടിക്കൊണ്ട് പോകുന്നതിനായി ക്രിസ്തു ഭൂമിയിലേക്കിറങ്ങിവരും.

അസത്യങ്ങളെയും അർദ്ധസത്യങ്ങളെയും തന്റെ യുഗാന്ത്യോന്മുഖ ദൈവശാസ്ത്ര വിശദീകരണത്തിനായി ഉപയോഗിക്കുന്ന ജോസ് പൊന്നാറയുടെ പ്രഖ്യാപനമനുസരിച്ച് 2014 ൽ QQ47 എന്ന് ശാസ്ത്രജ്ഞന്മാർ പേരിട്ടിരിക്കുന്ന ഗ്രഹം ഭൂമിയെ ഇടിക്കുകയും അതുവഴി ലോകാവസാനം ഉണ്ടാവുകയും ചെയ്യും.

ലോകസൃഷ്ടിക്കു മുമ്പുതന്നെ മറിയം ഉണ്ടായിരുന്നെന്നും പൂർണ്ണഗർഭിണിയായ മറിയം രാജാവായ എമ്മാനുവേലിനെ പ്രസവിക്കുന്നതോടെ എംപറർ എമ്മാനുവേൽയുഗം ആരംഭിക്കുമെന്നും ഇവർ പറയുന്നു.

## ദേവസ്യാമുല്ലക്കരയുടെ ആത്മാഭിഷേക സഭ

കോട്ടയം ജില്ലയിലെ മുട്ടുചിറയിൽ ജനിച്ച എം.വി. ദേവസ്യാ ആണ് ആത്മാഭിഷേക സഭ സ്ഥാപിച്ചത്. കത്തോലിക്കാ നവീകരണ പ്രസ്ഥാനത്തിലൂടെ വളർന്ന മുല്ലക്കര പിന്നീട് കടലിൽനിന്നു കിട്ടിയ കടലാസു കഷ്ണത്തിൽ നിന്നു ലഭിച്ച വെളിപാടിന്റെ പിൻബലത്തിലാണ് ആത്മാഭിഷേക സഭ സ്ഥാപിച്ചത്.

2007 ൽ കുർബാനയ്ക്കും കൂദാശകൾക്കുമെതിരെ പ്രസംഗിച്ചതിനാൽ നിരവധി താക്കീതുകൾക്കു ശേഷം അദ്ദേഹത്തെ കത്തോലിക്കാ സഭയിൽനിന്നും പുറത്താക്കി. തലശേരി അതിരൂപതയിലെ കണ്ണൂർ ചെറുപുഴയ്ക്കടുത്തുള്ള പുളിങ്ങോത്ത് പ്രവർത്തിക്കുന്ന ആത്മാഭിഷേകം ധ്യാനകേന്ദ്രമാണ് മുല്ലക്കര സഭ യുടെ ആസ്ഥാനം. മുല്ലക്കര ദേവസ്യ രണ്ടാം സ്നാനം സ്വീകരിച്ചത് പാസ്റ്റർ ദിനകരനിൽ നിന്നാണെന്നു പറയപ്പെടുന്നു. പെന്തക്കോസ്ത് വിഭാഗങ്ങൾതന്നെ മുല്ലക്കരയുടെ രണ്ടാം സ്നാനത്തെ ചോദ്യം ചെയ്യുന്നുണ്ട്.

വി. ഗ്രന്ഥം മാത്രമെന്ന (Sola Scriptura) എന്ന പ്രൊട്ടസ്റ്റന്റ് ചിന്ത അദ്ദേഹം ഇന്നും ചുമക്കുന്നു. കുമ്പസാരത്തെ ദൈവത്തിന്റെ അധികാരത്തിലുള്ള കൈകടത്തലായിട്ടാണ് മുല്ലക്കര വിശേഷിപ്പിക്കുന്നത്.

വിദേശ പാസ്റ്റർമാരെ അനുകരിച്ച് സംഭ്രമജനകമായ രോഗശാന്തി ശുശ്രൂഷകൾ അദ്ദേഹം നടത്താറുണ്ട്. കുർബാനയിലെ ക്രിസ്തുസാന്നിദ്ധ്യത്തെ നിഷേധിക്കുന്ന മുല്ലക്കര ശിശുസ്നാനം ബൈബിൾ വിരുദ്ധമെന്ന് പഠിപ്പിക്കുന്നു. പൗരോഹിത്യം, ബ്രഹ്മചര്യം എന്നിവ പിശാചിന്റെ പ്രേരണയാൽ രൂപമെടുത്തതാണെന്ന് അദ്ദേഹം പറയുന്നു.

## കവനന്റ് പീപ്പിൾ

കാഞ്ഞിരപ്പിള്ളിയിലെ കത്തോലിക്കരുടെ ഇടയിൽ രൂപപ്പെടുകയും പിന്നീട് പെന്തക്കോസ്ത് പ്രസ്ഥാനമായി പരിണമിക്കുകയും ചെയ്ത ഒരു പ്രസ്ഥാനമാണ് കവനന്റ് പീപ്പിൾ. 1997 ൽ ജോസ് ആനത്താനത്തിന്റെ



നേതൃത്വത്തിൽ ആരംഭിച്ചു. തുടക്കത്തിൽ കത്തോലിക്കാ പ്രസ്ഥാനമായിരുന്നെങ്കിലും പിന്നീടത് ആവേമരിയ കിസ്റ്റ്യൻ കമ്യൂണിറ്റി എന്ന ട്രസ്റ്റിന്റെ കീഴിലായി. കാഞ്ഞിരപ്പിള്ളിയിലെ സീയോൻ കുന്നിൽ 'അപ്പർ റൂം' (Upper Room) എന്ന പേരിൽ ഒരു പ്രാർത്ഥനാലയം സ്ഥാപിക്കുകയും ചെയ്തു. എക്യുമെനിക്കൽ കൂട്ടായ്മയായതോടെ പ്രൊട്ടസ്റ്റന്റ്, സി.എസ്.ഐ., ലൂഥറൻ, പെന്തക്കോസ്ത്, യാക്കോബായ വിഭാഗങ്ങളിൽ നിന്നു വന്ന ആളുകളെ തൃപ്തിപ്പെടുത്താൻ മരിയഭക്തി തള്ളിപ്പറയുകയും കൂദാശകളെ നിഷേധിക്കുകയും ചെയ്തു.

2001 സെപ്തംബർ 26-ാം തീയതി പാറത്തോട് എന്ന സ്ഥലത്തെ ആട്ടവളവ് എന്ന കടവിൽവച്ച് തന്റെ അനുയായികൾക്ക് ജോസ് ആനത്താനം സ്നാനം നൽകി. ഇത്തരം വിശ്വാസവിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള മുന്നറിയിപ്പുകളും താക്കീതുകളും അവഗണിച്ച ഇദ്ദേഹത്തെ കത്തോലിക്കാസഭയിൽനിന്നും പുറത്താക്കി.

ബൈബിളിലെ 66 പുസ്തകങ്ങൾ മാത്രം അംഗീകരിക്കുന്ന കവനന്റ് പീപ്പിളിന്റെ ആധികാരിക ഗ്രന്ഥം 'സത്യവേദപുസ്തകമാണ്'. വിശുദ്ധരോടുള്ള വണക്കവും മരിയഭക്തിയും വിഗ്രഹാരാധനയുടെ ഭാഗമാണെന്ന് ഇവർ പഠിപ്പിക്കുന്നു. കൂദാശകളെല്ലാം നിഷേധിക്കുന്ന ഇവർ രണ്ടാംസ്നാനത്തെ മാത്രം അംഗീകരിക്കുന്നു. വി.കുർബാനയിലെ ദൈവസാന്നിദ്ധ്യത്തെ നിരാകരിക്കുന്ന ഇവർ പാപങ്ങൾ നേരിട്ട് ദൈവത്തോട് പറയണമെന്ന് കരുതുന്നവരാണ്.

കത്തോലിക്കാ സഭയെ നിയന്ത്രിക്കുന്നത് സാത്താനാണെന്നു പറയുന്ന ജോസ് ആനത്താനത്തിന്റെ അപ്പർ റൂമിൽ കൂടുതലായെത്തുന്നത് സമൂഹത്തിലെ സമ്പന്നരും ഉന്നതശ്രേണികളിൽ വ്യാപരിക്കുന്നവരുമാണ്.

## അമ്മ

ഇരിങ്ങാലക്കുട രൂപതയിലെ പുത്തൻചിറ ഗ്രാമത്തിൽ സ്ഥാപിതമായ നവസഭാവിഭാഗമാണ് അമ്മ. ഇരിങ്ങാലക്കുട രൂപതയിൽനിന്ന് പുറത്താക്കപ്പെട്ട ഫാ. ജോൺ ആലപ്പാട്ടാണ് സ്ഥാപകൻ. 1996 ജൂൺ 8 നാണ് അമ്മ സ്ഥാപിക്കപ്പെട്ടത്.

സംശയകരമായ ബന്ധങ്ങളും പണമിടപാടുകളും മൂലം സജീവശുശ്രൂഷയിൽനിന്നും നിർബന്ധമായി മാറ്റിനിർത്തപ്പെട്ട ഫാ. ജോൺ ആലപ്പാട്ട് താൻ തന്നെ ആസൂത്രിതമായി വളർത്തിയെടുത്ത 'സിദ്ധൻ' പരിവേഷത്തിന്റെ പിൻബലത്തിലാണ് അമ്മ സ്ഥാപിച്ചത്.

ബന്ധനത്തിലായ ആത്മാക്കളെ മോചിപ്പിക്കാനും അനാഥരായ ആത്മാക്കൾക്കായി പരിഹാര കർമ്മങ്ങൾ ചെയ്യാനും പ്രത്യേക ശുശ്രൂഷകൾ അമ്മ ആലയത്തിലുണ്ട്. ആത്മാക്കളെ അടക്കം ചെയ്യുന്ന പ്രത്യേക ശുശ്രൂഷകളും കബർസ്ഥാനം ആശീർവദിക്കലുമൊക്കെ വഴി ദൈവശാസ്ത്രപരമായി നിരക്ഷരരായ

*......ശേഷം പേജ് 29-ൽ*

www.malankaralibrary.com



# നവയുഗപ്രസ്ഥാനങ്ങൾ

ഫാ. മനോജ് ഫ്രാൻസിസ്

ന്യു ഏജ് മൂവ്മെന്റ്സ് എന്ന നവീന ആത്മീയ രീതികളുടെ പ്രത്യേകതകൾ എന്തൊക്കെയാണ്? വ്യവസ്ഥാപിത ക്രൈസ്തവ മതങ്ങളിൽ നിന്നും അവ എങ്ങനെ വ്യതിരക്തമാകുന്നു?

പാശ്ചാത്യ സമൂഹത്തിൽ നിലനിൽക്കുന്ന അന്യവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന കൂടുതൽ മനുഷ്യത്വപരവും മനോഹരവുമായതിനുവേണ്ടിയുള്ള അന്വേഷണങ്ങളിൽ നിന്നാണ് നവയുഗപ്രസ്ഥാനങ്ങൾ (New Age Moments-NAM) രൂപപ്പെട്ടത്. സിസ്റ്റമാറ്റിക്ക് ദൈവശാസ്ത്രത്തിന്റെ സങ്കേത സങ്കീർണ്ണതകളിലും മതജീവിതത്തിന്റെ അനുഷ്ഠാനപരതയിലും മനസുമടുത്തവരാണ് നവയുഗ പ്രസ്ഥാനങ്ങളിൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചത്.

## നവയുഗത്തിന്റെ ട്രേഡ് സീക്രട്ട്സ്

മതം, കല, ശാസ്ത്രം, ആരോഗ്യം, ധ്യാനം, യോഗ, ചികിത്സ, സിനിമ, സാഹിത്യം, തത്വചിന്ത, സംഗീതം എന്നിവയിലെ ചേരുവകൾ ആവശ്യാനുസരണം ചേർത്ത് ഇന്നത്തെ ലോകത്തിനുവേണ്ടി ഉണ്ടാക്കപ്പെട്ട ഒരു അവിയൽ പാചകവിധിയാണ് നവയുഗ പ്രസ്ഥാനങ്ങൾ. പ്രാചീന ഈജിപ്തിലെ നിഗൂഢ അനുഷ്ഠാനങ്ങൾ, ജ്ഞാനവാദം (gnosticism), സൂഫിസം, മധ്യകാലരസതന്ത്രം, നവോത്ഥാന താപസ പാരമ്പര്യം, സെൻബുദ്ധിസം, യോഗവിദ്യ എന്നിവയിലാണ് നവയുഗത്തിന്റെ വേരുകൾ കിടക്കുന്നത്.

നവയുഗത്തിന് നിയതമായ ചട്ടക്കൂടുകളോ വിശ്വാസപ്രമാണങ്ങളോ ഇല്ല. പ്രസ്ഥാനങ്ങളിലേക്കോ സംഘടനകളിലേക്കോ അതിനെ ചുരുക്കുന്നതും ശരിയല്ല. നവയുഗത്തെക്കുറിച്ചുള്ള വത്തിക്കാൻ രേഖ പരിചയപ്പെടുത്തുന്ന നവയുഗകേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്. കാലിഫോർണിയായിലെ എസാലൻ (Esalen), സ്കോട്ട്ലന്റിലെ ഫിന്തോൻ (Findhorn), സ്വിറ്റ്സർലണ്ടിലെ മൊണ്ടെവേരീത്ത (Monte Verita), ലണ്ടനിലെ ബദലുകൾ (Alternatives), ന്യൂയോർക്കിലെ തുറന്ന കേന്ദ്രം (open Centre), ഒമേഗ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയാണവ. ഭാരതത്തിലെ ശ്രീ ശ്രീ രവിശങ്കറിന്റെ 'ആർട്ട് ഓഫ് ലിവിംഗ്', ഓഷോ ആശ്രമങ്ങൾ, അമൃതാനന്ദമയീ മഠം എന്നിവയൊക്കെ നവയുഗ പ്രസ്ഥാനങ്ങളുടെ പൗരസ്ത്യ പതിപ്പുകളായി കാണാം.

## ദൈവ-മനുഷ്യ സങ്കൽപ്പങ്ങൾ

പ്രാപഞ്ചിക മതാത്മകത, പ്രകൃതിദേവാതാവാദം (Pantheism), സ്ത്രൈണദൈവികതയുടെ പൗരസ്ത്യ സങ്കൽപ്പങ്ങൾ, പൗരസ്ത്യപാരമ്പര്യങ്ങളിലെ ആവിഷ്ക്കാര സാദ്ധ്യതകൾ, മോക്ഷസങ്കൽപങ്ങൾ എന്നിവ മതത്തിന്റെ ലേബലില്ലാതെ നവയുഗക്കാർ വിപണനം ചെയ്തു. സ്ഥാപിതമതങ്ങളുടെ നിയതമായ വിശ്വാസ പ്രമാണങ്ങളോ സൈദ്ധാന്തികാടിത്തറയോ നവയുഗ

www.malankaralibrary.com

പ്രസ്ഥാനങ്ങൾക്കവകാശപ്പെടാനാവില്ല.

നവയുഗ ചിന്തകളിൽ ദൈവം എന്ന പദംതന്നെ വ്യത്യസ്തങ്ങളായ അർത്ഥധ്വനികളുണർത്തുന്നുണ്ട്. അവരെ സംബന്ധിച്ച് ദൈവമെന്നത് ഒരു വ്യക്തിയല്ല; മറിച്ച് പ്രപഞ്ചത്തിൽ അന്തർലീനമായ അമൂർത്തമായ ഒരു ശക്തിവിശേഷമാണ്.

സ്ത്രൈണ ദൈവികഭാവങ്ങൾക്ക് നവയുഗക്കാർ നൽകുന്ന പ്രാധാന്യം പിതാവായ ദൈവം എന്ന സങ്കൽപ്പത്തിന് ബദൽ സൃഷ്ടിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി വേണം കരുതാൻ. അതുകൊണ്ടുതന്നെ ഫെമിനിസ്റ്റുകളും ഭൂമീദേവതാവാദക്കാരുമൊക്കെ നവയുഗത്തിന്റെ കൊടിക്കീഴിൽ തങ്ങളെത്തന്നെ അടയാളപ്പെടുത്താൻ ശ്രദ്ധിക്കാറുണ്ട്.

""Historical Jesus does not exhaust logos" ദൈവശാസ്ത്രജ്ഞനായ റെയ്മണ്ട് പണിക്കരുടെമേൽപ്പറഞ്ഞ പ്രസ്താവം നവയുഗക്കാർ നെഞ്ചിലേറ്റിയ ഒന്നാണ്. ചരിത്രത്തിൽ ജീവിച്ച യേശു നവയുഗക്കാരെ സംബന്ധിച്ച് ക്രിസ്തുഭാവത്തിന്റെ അനേകരൂപങ്ങളിൽ ഒന്നു മാത്രമാണ്. കാരണം ബോധോദയവും ജ്ഞാനോദയവും സിദ്ധിച്ച വിശ്വഗുരുക്കന്മാരുടെ പൊതുനാമമാണ് ക്രിസ്തു. ബുദ്ധനും മഹാവീരനും പോലുള്ള മഹാത്മാക്കളൊക്കെ ഈ ക്രിസ്തുനാമത്തിന്റെ ഭിന്നരൂപങ്ങളത്രെ!

തത്വചിന്തയിലെ വിശ്വദേവതാവാദം അതിന്റെ പൂർ ണ്ണതയിൽ വിടരുന്നിടമാണ് നവയുഗ പ്രസ്ഥാനങ്ങൾ. അവരെ സംബന്ധിച്ച് ദൈവവും പ്രപഞ്ചവും രണ്ടല്ല ഒന്നുതന്നെയാണ്. അനാദികാലം മുതലെയുള്ള പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതല്ലെന്നും സ്വയംഭൂവാണെന്നും കരുതുന്ന നവയുഗക്കാർ മതങ്ങളിലെ പ്രപഞ്ചസൃഷ്ടി സങ്കൽപ്പത്തെ ബോധപൂർവ്വം നിരാകരിക്കുന്നവരാണ്. പ്രപഞ്ചത്തിനും ചരിത്രത്തിനുമൊരു ലക്ഷ്യമുണ്ടെന്നും ക്രിസ്തുവെന്ന ഒമേഗപോയിന്റിലേക്ക് അവ നടന്നടുത്തുകൊണ്ടിരിക്കുകയുമാണെന്ന ക്രൈസ്തവ ചിന്തയ്ക്ക് ബദലായി സ്വതസിദ്ധമായ പരിണാമത്തിലൂടെ പ്രപഞ്ചം പൂർണ്ണതയിലേക്ക് വളരുകയാണെന്ന് ഈ പ്രസ്ഥാനക്കാർ വിശ്വസിക്കുന്നു.

ദൈവമാകാനുള്ള മനുഷ്യന്റെ സാദ്ധ്യതകളെക്കുറിച്ച് പറഞ്ഞ Abraham Masslow യും മനുഷ്യമനസിന്റെ വികാസപരിണാമങ്ങളിലൂടെയാണ് ഒരുവൻ ദൈവികതയിലേക്കുണരുന്നതെന്ന് പഠിപ്പിച്ച Ken Wilber ഉം നവയുഗപ്രസ്ഥാനങ്ങളുടെ മോക്ഷസങ്കൽപ്പത്തെ രൂപപ്പെടുത്തിയവരിൽ ചിലരാണ്. തന്നിലുള്ള ദൈവികാംശത്തിന്റെ സാദ്ധ്യതകളുടെ പൂർണ്ണമായ ദൈവികാവിഷ്ക്കാരമാണ് നവയുഗപ്രസ്ഥാനങ്ങൾ വിഭാവനം ചെയ്യുന്ന രക്ഷ. അതിനാൽതന്നെ രക്ഷാകർമ്മത്തിൽ അതിസ്വാഭാവിക വെളിപാടുകൾക്കോ ബാഹ്യകർമ്മങ്ങൾക്കോ യാതൊരു സ്ഥാനവുമില്ല. ഇവർക്ക് രക്ഷയെന്നാൽ സ്വയംരക്ഷയാണ്.

മതത്തെയും ആത്മീയതയെയും വേർതിരിച്ച് കാണാനുള്ള നവയുഗചിന്തകരുടെ ശ്രമത്തെ നവയുഗ



www.malankaralibrary.com

ത്തെക്കുറിച്ചുള്ള വത്തിക്കാൻ രേഖ അഭിനന്ദിക്കുന്നുണ്ട്. ജീവിതത്തിന് അർത്ഥം തേടുവാനും മതജീവിതത്തിന്റെ അനുഭവതലത്തെ പരിപോഷിപ്പിക്കാനുമുള്ള നവയുഗശ്രമങ്ങൾ ശ്ലാഘനീയം തന്നെയാണ്. പ്രകൃതിജീവനത്തെയും പരിസ്ഥിതി സംരക്ഷണത്തെയും കുറിച്ചുള്ള ഭാവാത്മകമായ കാഴ്ചപ്പാടുകളും നവയുഗത്തെ ആകർഷകമാക്കുന്ന ഘടകങ്ങളാണ്.

വി. അഗസ്റ്റിനുമായി കൊമ്പുകോർത്ത പെലജിയസിന്റെ അബദ്ധ സിദ്ധാന്തങ്ങൾ നവയുഗചിന്താധാരയിൽ അടുക്കും ചിട്ടയുമില്ലാതെ ചിതറിക്കിടക്കുന്നുണ്ട്. രക്ഷനേടാനുള്ള മനുഷ്യന്റെ സ്വയംപര്യാപ്തത (Self Sufficiency) ഊന്നിപ്പറഞ്ഞ പെലാജിയസിന്റെ പിൻമുറക്കാരാണ് പല ന്യൂഏജ് ഗുരുക്കളും. മാനസിക വികാസത്തിന്റെ താന്ത്രിക വിദ്യകളും (Techniques) ചികിത്സകളും (Therapies) വഴിയും മതങ്ങൾക്കു മുമ്പേയുള്ള ചിരസ്ഥായിയായ വിജ്ഞാനം (Perennial Knowledge) നേടുന്നതുവഴിയും ദൈവികതയിലേക്കുയരാൻ കഴിയുമെന്നവർ പഠിപ്പിച്ചു.

> ദൈവമെന്നത്
> ഒരു വ്യക്തിയല്ല; മറിച്ച്
> പ്രപഞ്ചത്തിൽ അന്തർലീനമായ
> അമൂർത്തമായ
> ഒരു ശക്തിവിശേഷമാണ്.

അതിഭൗതിക യാഥാർത്ഥ്യമായ (Transcendent Reality) ദൈവത്തെ ഭൗതികമാനദണ്ഡങ്ങൾകൊണ്ട് അവർ അളന്നെടുത്തു. സ്രഷ്ടാവ് സൃഷ്ടിക്കു താഴെയാകുന്ന അവസ്ഥ മനുഷ്യൻ അവന്റെ സ്വത്വത്തിന്റെ സ്രഷ്ടാവോ സഹസ്രഷ്ടാവോ ആയി. "ആറാം ദിവസം മനുഷ്യൻ സ്വന്തം ഛായയിലും സാദൃശ്യത്തിലും ദൈവങ്ങളെ സൃഷ്ടിച്ചു" വെന്ന് മലയാള കവിയായ സച്ചിദാനന്ദൻ!

## നവയുഗധാർമ്മികത

നവയുഗക്കാർ മുന്നോട്ടുവച്ച "സർവ്വം ദൈവമയമെന്ന" മോണിസ്റ്റിക് (monistic) ചിന്ത നന്മതിന്മകളുടെ അതിർത്തിരേഖ മായിച്ചുകളഞ്ഞു. പാപത്തെ വെറും ബോധോദയത്തിന്റെ മനോഭാവമായും അജ്ഞാനമായും ചുരുക്കിക്കളഞ്ഞു ഇക്കൂട്ടർ. കേവലമൂല്യങ്ങളുടെ അപേക്ഷികവൽക്കരണം ഇവിടെ പാപ- പുണ്യ സങ്കൽപ്പം തന്നെ ഇല്ലാതാക്കി. ഇത് എല്ലാത്തരം തിന്മകളും ഇവിടെ തഴച്ചുവളരുന്നതിന് കാരണമായി.

ധാർമ്മികതയുടെ മാനദണ്ഡം പൂർണ്ണമായും അന്യനായ (totally other) ഒരു ദൈവമാണ്. എന്നാൽ അഹത്തെ ദൈവമായി കണ്ടവർ അഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ ദൈവത്തിന്റെ പ്രിയാ–അപ്രിയങ്ങളായി വ്യാഖ്യാനിച്ചു. മതമൂല്യങ്ങളുടെ ഹൃദയശൂന്യമായ തടവറയിൽനിന്ന് മനുഷ്യനെ മോചിപ്പിക്കുന്നുവെന്നവകാശപ്പെട്ടവർ ക്രമീകൃതമായ കോസ്മോസിൽ (Cosmos) നിന്ന് അരാജകത്വത്തിന്റെ കേയോസിലേക്ക് (Chaos) മനുഷ്യനെ തള്ളിയിട്ടു.

## ആത്മീയതയും സാമൂഹ്യപ്രതിബദ്ധതയും

പ്രശ്നങ്ങളെ വൈകാരികതയിൽ ഒതുക്കി നിർത്തി വൈകാരികാനുഭൂതിയുടെ തിരതള്ളലിൽ ആത്മസന്തോഷം അനുഭവിക്കുന്ന നവയുഗക്കാർ ആത്മീയതയെ ഒരു സ്വകാര്യ ഏർപ്പാടാക്കി ചുരുക്കുന്നു. "ഞാനും എന്റെ ദൈവവും", "എന്നിൽ കുടികൊള്ളുന്ന ഈശ്വരൻ", "ഞാൻ കണ്ടുമുട്ടിയ ദൈവാത്മാവ്" ഇത്തരം പദാവലികളൊക്കെത്തന്നെ ആത്മീയതയെ വ്യക്തിയിലേക്ക് ചുരുക്കുന്നതിന്റെ നാനാർത്ഥരൂപങ്ങളാണ്.

സാമൂഹ്യ പ്രതിബദ്ധതയില്ലാത്ത ആത്മീയതയെ പരിപോഷിപ്പിക്കുന്ന നവയുഗക്കാർ കഴിയുന്നതും സാമൂഹ്യപരവും ചരിത്രപരവുമായ മനുഷ്യയത്നങ്ങളിൽനിന്നും വിരമിക്കും. എന്നിട്ട് പ്രാർത്ഥനയുടെയും സ്തുതിപ്പിന്റെയും വൈകാരികാനുഭൂതിയെ ഉച്ചസ്ഥായിയിലേക്കുണർത്തുന്ന സാമൂഹ്യകൂട്ടായ്മയെ മതാത്മകതയുടെ സമ്പൂർണ്ണതയായി അവതരിപ്പിക്കും. 'സ്പിരിചൽ എലീറ്റിസം' (Spiritual Elitism) മുഖമുദ്രയാക്കുന്നവർ തങ്ങളുടെ ഗ്രൂപ്പുകൾക്കും സംഘങ്ങൾക്കുമപ്പുറത്തേക്ക് ലോകമില്ലാത്തവരാണ്.

നവയുഗപ്രസ്ഥാനങ്ങളുടെ നിഗമനമനുസരിച്ച് വേണ്ടത്ര റിലാക്സേഷൻ ഇല്ലാത്തതാണ് എല്ലാ

www.malankaralibrary.com

പ്രശ്നങ്ങളുടെയും അടിസ്ഥാനകാരണം. അതിനാൽ വിശ്രമവും ഉല്ലാസവും വഴി മനശാന്തിനേടുവാൻ അവർ അനുയായികളെ ഉദ്ബോധിപ്പിക്കുന്നു. ഇവരെ സംബന്ധിച്ച് മതവും ആത്മീയതയും കുളിർമ്മ നൽകുന്നതിനുവേണ്ടിയുള്ള അമ്യൂസ്മെന്റ് പാർക്കുകളാണ്.

ജീവിതം ആഘോഷമാണെന്നു പറയുന്ന ഇക്കൂട്ടരുടെ സഹനത്തെക്കുറിച്ചുള്ള മൗനം (ഒളിച്ചോട്ടം?) തന്നെ നവയുഗത്തിന്റെ ചെമ്പ് തെളിയിക്കുന്നുണ്ട്. ജീവിത സമ്മർദ്ദങ്ങളെ വിജയകരമായി നേരിടാനുള്ള സ്വയംമാനേജ്മെന്റ് തന്ത്രങ്ങൾ വിപണനം ചെയ്യുന്ന മോട്ടിവേഷൻ സൈക്കോളജിയുടെ മുഖംമൂടിയല്ലേ നവയുഗപ്രസ്ഥാനങ്ങൾക്കുമുള്ളത്. നവയുഗ പ്രസ്ഥാനങ്ങൾ അത്ര നവമല്ലെന്നു സാരം. കുപ്പിയേ മാറിയിട്ടുള്ളു; വീഞ്ഞ് പഴയതുതന്നെ.

## ഭീഷണിയല്ല, വെല്ലുവിളി മാത്രം

സെന്റ് പോൾ റോമക്കാർക്കെഴുതിയ ലേഖനത്തിലെ യഹൂദനേതാക്കൾക്കെതിരായ പരാമർശം നവയുഗനേതാക്കൾക്കും ബാധകമാണ്. "അവർക്കു ദൈവികകാര്യങ്ങളെക്കുറിച്ച് തീക്ഷ്ണതയുണ്ട്. അത് ശരിയായ അറിവിന്റെ അടിസ്ഥാനത്തിലല്ലെന്നേയുള്ളൂ" (റോമാ 10/2). നവയുഗപ്രസ്ഥാനങ്ങൾ ക്രൈസ്തവ സഭയ്ക്കൊരു വെല്ലുവിളിയാണ്. കാലഘട്ടത്തിനനുസരിച്ച് നിത്യസത്യങ്ങളെ വെള്ളം ചേർക്കാതെ അവതരിപ്പിക്കാനുള്ള വെല്ലുവിളി. ആരെയോപ്പഗസിലെഅജ്ഞാതദേവനെ ക്രിസ്തുവായി തദ്ദേശിയർക്കു പരിചയപ്പെടുത്തിയ പൗലോസ് വ്യാഖ്യാന സാദ്ധ്യതകളുടെ മഹാമേരുവായി അജപാലകർക്കു മുന്നിൽ നിൽക്കുന്നു. യഹൂദസമുദായത്തിലെ വെറുമൊരു 'സെക്റ്റ്' മാത്രമായിരുന്ന ക്രൈസ്ത വികതയെ ലോകമതമാക്കിയത് പൗലോസിന്റെ കാലദേശമനുസരിച്ചുള്ള വ്യാഖ്യാനചാതുര്യമാണ്. കാലഘട്ടത്തിന്റെ ചുവരെഴുത്തുകൾക്കനുസരിച്ചുള്ള പ്രഘോഷണ ശൈലികൾ സഭയ്ക്കുള്ളിൽ രൂപപ്പെടട്ടെ.

## സഹായകഗ്രന്ഥങ്ങൾ


1. *നവീന മതപസ്ഥാനങ്ങൾ, പി.ടി. മാതു. എസ്.ജെ., ജീവധാര, ഒക്ടോബർ, 2003*

2. *"Jesus Christ the Bearer of the water of Life' - A Christian Reflection on new age' Published by Pontifical Council for culture and for inter religious dialogue.* ■


---

......*പേജ് 25-ൽ നിന്ന് തുടർച്ച*

വിശ്വാസികളെ ഇവിടെ ചൂഷണം ചെയ്യുന്നുണ്ട്. ഭീമമായ തുകയാണ് ആത്മാവിനെ അടക്കം ചെയ്യുന്ന ശുശ്രൂഷകൾക്കായി ഇവിടെ ഈടാക്കിയിരുന്നതെന്ന് അനുഭവസ്ഥർ പറയുന്നു.

## ബ്രദർ തങ്കുവിന്റെ ഹെവൻലി ഫീസ്റ്റ്

കോട്ടയത്ത് പണമിടപാട് സ്ഥാപനം നടത്തിയിരുന്ന തങ്കു എന്ന മാത്യുകുരുവിള ഒരു അപകടത്തെ തുടർന്ന് ശരീരം തളർന്ന് കിടപ്പിലായി. 1997 ൽ കോട്ടയത്തുവച്ചു നടന്ന കൺവെൻഷനിൽ രോഗശാന്തി ലഭിച്ച തങ്കു തനിക്ക് പ്രത്യേക ദൈവവിളി വെളിപാടുകളും ലഭിച്ചെന്ന് അവകാശപ്പെടുന്നു.

2001 ൽ കോട്ടയം നാഗമ്പടം മൈതാനത്തിനടുത്ത് ഒന്നര ഏക്കർ സ്ഥലം വാങ്ങി സ്വർഗ്ഗീയവിരുന്ന്ശാല തുടങ്ങി. പെന്തക്കൊസ്തുകാരുടെ പൊതുചാനലായ പവർവിഷനിലൂടെ പ്രഭാഷണങ്ങൾ സംപ്രേഷണം ചെയ്യുന്ന ഇദ്ദേഹം കേരളത്തിലെ വിവിധ നഗരങ്ങളിലും വിദേശത്തും തന്റെ കൂട്ടായ്മകളിലേക്ക് ആളുകളെ ചേർക്കുന്നുണ്ട്.

'കർത്താവിന്റെ ബാലശിക്ഷ' എന്ന പ്രയോഗത്തിലൂടെ രോഗവും ദാരിദ്ര്യവും ദൈവത്തിന്റെ സ്നേഹമയമായ നോട്ടം മാത്രമാണെന്നും, ദൈവവഴിവിട്ട് നടക്കുന്നവർക്കായി ദൈവം അയക്കുന്ന ശുദ്ധീകരണ മാർഗ്ഗങ്ങളാണെന്നും ഇവർ പഠിപ്പിക്കുന്നു. സമ്പദ് സമൃദ്ധിയുടെ സുവിശേഷം മാത്രം പ്രഘോഷിക്കുന്ന ബ്രദർ തങ്കുവും കൂട്ടരും മായികമായ പറുദീസയാണ് വിശ്വാസികൾക്കായി കാത്തുവയ്ക്കുന്നത്.

## സഹായക ഗ്രന്ഥങ്ങൾ


1. *വഴിതെറ്റുന്ന വിശ്വാസം, എഡിറ്റർ ഫാ. കുര്യാക്കോസ് മുണ്ടാടൻ. S.H. League ആലുവ*

2. *വചനവും വ്യാഖ്യാനവും, ഫാ. ജോസഫ് പാംബ്ലാനി, സന്ദേശഭവൻ, തലശ്ശേരി* ■

www.malankaralibrary.com



# കരിസ്മാറ്റിക് - നെല്ലും പതിരും

ഫാ. മാർട്ടിൻ ശങ്കൂരിക്കൽ

കരിസ്മാറ്റിക് നവീകരണപ്രസ്ഥാനം ഒരു പുതിയ പന്തക്കുസ്താ ആയിരുന്നു. കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ തുടക്കവും ചരിത്രവും അതിന്റെ നന്മ തിന്മകളെക്കുറിച്ചുള്ള ഒരു വിലയിരുത്തൽ.

സഭാ ഭൂപടത്തിൽ ഊഷരതയും ജലക്ഷാമവും രേഖപ്പെടുത്തിയ കാലയളവിലാണ് അനിവാര്യമായ ഒരു വസന്തം പോലെ കരിസ്മാറ്റിക് പ്രസ്ഥാനം കത്തോലിക്കാ സഭയിൽ ആവിർഭവിച്ചത്. രണ്ടാം വത്തിക്കാൻ കൗൺസിലിനു മുന്നോടിയായി ആഗോള സഭയ്ക്കായി ജോൺ 23-ാമൻ പാപ്പ നൽകിയ പ്രാർത്ഥനയുടെ തുടക്കം ഇപ്രകാരമായിരുന്നു. "പരിശുദ്ധാത്മാവേ, ഒരു പുതിയ പന്തക്കുസ്തയിലെന്നപോലെ ഇക്കാലഘട്ടത്തിലും അങ്ങയുടെ അത്ഭുതങ്ങൾ പ്രവർത്തിക്കണമേ." 1986ൽ സഭയെക്കുറിച്ചു നൽകിയ ഒരു അഭിമുഖത്തിൽ കാർഡിനൽ റാറ്റ്സിംഗർ പറഞ്ഞു. "ജോൺ 23-ാമൻ പാപ്പയുടെ പ്രാർത്ഥന നിഷ്ഫലമായില്ല. പന്തക്കുസ്താനുഭവം ചരിത്രമായുറങ്ങിയില്ല. രണ്ടാം വത്തിക്കാൻ കൗൺ സിലിന്റെ 'ജനതകളുടെ പ്രകാശം' (L.G. 12) എന്ന പ്രമാണരേഖയിൽ പറയുന്നതുപോലെ "തന്റെ ഇഷ്ടമനുസരിച്ച് ദാനങ്ങൾ നൽകിക്കൊണ്ടും പരിശുദ്ധാത്മാവ് ഇന്നും ജനത്തെ വിശുദ്ധീകരിക്കുകയും സുകൃതങ്ങളാൽ സമ്പന്നമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

## ചരിത്രം

അമേരിക്കയിലെ പീറ്റ്സ്ബർഗിൽ ഹോളിഗോസ്റ്റ് ഫാദേഴ്സ് നടത്തുന്ന ഡ്യൂക്കെയിൻ സർവ്വകലാശാല (Duquesne University) യിലാണ് കത്തോലിക്കാ കരിസ്മാറ്റിക് പ്രസ്ഥാനം ആരംഭിക്കുന്നത്. കത്തോലിക്കാ ആദ്ധ്യാത്മിക ജീവിതം ശക്തിപ്പെടുത്തുക എന്ന ആഗ്രഹത്തോടെ 1966 ആഗസ്റ്റ് മാസത്തിൽ കുർസില്ലോ (cursillo) എന്ന ഭക്തപ്രസ്ഥാനത്തിന്റെ സമ്മേളനത്തിൽ പങ്കെടുത്ത ഡ്യൂക്കെയിൻ യൂണിവേഴ്സിറ്റിയിലെ ഒരു കൂട്ടം അദ്ധ്യാപകർക്ക് വേണ്ടത്ര ആത്മീയ ഉണർവുണ്ടായില്ല. കത്തോലിക്കാ സഭയിലെ ആരാധനാക്രമ നവീകരണ ശ്രമങ്ങളിലും പ്രേഷിത സേവന മേഖലകളിലും പ്രവർത്തിച്ചിരുന്നെങ്കിലും ജീവിതത്തിൽ അപൂർണ്ണതകളുടെ വേദനകൾ ഉള്ളിൽ പേറുന്നവരായിരുന്നു അവർ. നിയോപെന്റക്കോസ്റ്റൽ സഭകളിലെ ഭക്തജനപങ്കാളിത്തവും ആത്മപ്രചോദിതത്വവും ഔപചാരികതയുടെ മുഖംമൂടിയില്ലാതെ തികച്ചും മാനുഷികമായ പെരുമാറ്റവും ഇവരെ ആകർഷിക്കുകയും ചെയ്തിരുന്നു.

ഇത്തരമൊരു സാഹചര്യത്തിലാണ് 2967 ഫെബ്രുവരി മാസത്തിൽ ഡ്യൂക്കെയിൻ സർവ്വകലാശാലയിലെ വാരാന്ത്യധ്യാനം നടക്കുന്നത്. അപ്പസ്തോല പ്രവർത്തനങ്ങൾ 4-ാം അദ്ധ്യായത്തെ ആധാരമാക്കി നടത്തിയ ഈ ധ്യാനത്തിൽ പങ്കെടുത്തവർക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭിച്ചു. റാൽഫ് കെയ്ഫർ (Ralph Keifer), അദ്ദേഹത്തിന്റെ ഭാര്യ പാറ്റ് കെയ്ഫർ (Pat Keifer), പാട്രിക് ബോർജിയോസ് (Patric Bourgeious), ഡ്യൂക്കെയിൻ സർവ്വലാശാലയിലെ ചരിത്ര പ്രൊഫസറായിരുന്ന വില്ല്യം സ്റ്റോറി എന്നിവരുടെ പേരുകൾ ഇക്കൂട്ടത്തിൽ പ്രത്യേകം എടുത്തുപറയേണ്ട

www.malankaralibrary.com

താണ്. നിയോ പെന്റക്കോസ്റ്റൽ സഭകളിൽ സജീവമായിരുന്ന കരിസ്മാറ്റിക് പ്രസ്ഥാനം കത്തോലിക്കാസഭയിലേക്ക് കടക്കുന്നത് ഡ്യൂക്കെയിൻ വാരാന്ത്യം (Duquesne Week End) എന്നറിയപ്പെടുന്ന ഈ സംഭവത്തോടുകൂടിയാണ്.

ഡ്യൂക്കെയിൻ യൂണിവേഴ്സിറ്റിയിൽ മുളച്ച ഈ കടുകുമണി മറ്റു കത്തോലിക്കാ യൂണിവേഴ്സിറ്റികളിലേക്കും ഇടവക കേന്ദ്രങ്ങളിലേക്കും അതിവേഗം വ്യാപിച്ചു. ഡ്യൂക്കെയിനിൽ നിന്നെത്തിയ ഈ പ്രസ്ഥാനം നോട്ടർഡാം യൂണിവേഴ്സിറ്റിയിലും ഒരു തരംഗമായി മാറി. നോട്ടർഡാമിലെ കരിസ്മാറ്റിക് വാർഷിക സമ്മേളനങ്ങളിൽ പങ്കെടുത്തവരുടെ എണ്ണത്തിലെ അഭൂതപൂർവ്വകമായ വർദ്ധനവ് ഈ പ്രസ്ഥാനത്തിന്റെ ക്രമാനുഗതമായ വളർച്ചയെ സൂചിപ്പിക്കുന്നതാണ്. (പട്ടിക കാണുക)

| വർഷം | പങ്കെടുത്തവരുടെ എണ്ണം |
|---|---|
| 1967 | 90 |
| 1968 | 100 |
| 1969 | 450 |
| 1970 | 1300 |
| 1971 | 4500 |
| 1972 | 11000 |
| 1973 | 25000 |
| 1974 | 30000 |

1974-ൽ തന്നെ അമേരിക്കയിലെ 47 ദശലക്ഷം കത്തോലിക്കരിൽ 3 ദശലക്ഷംപേർ കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ അനുഭാവികളായി തീർന്നു. 1970 കളിൽ തന്നെ ഈ പ്രസ്ഥാനം കാനഡ, പോർട്ടോറിക്കോ, ഫ്രാൻസ്, ഇറ്റലി എന്നിവിടങ്ങളിലേക്ക് വ്യാപിച്ചു. 1975 ൽ റോമിൽ വച്ചുനടന്ന അന്തർദേശീയ കരിസ്മാറ്റിക് കോൺഗ്രസിനെ അഭിസംബോധന ചെയ്ത് പോൾ ആറാമൻ പാപ്പാ സംസാരിച്ചതോടെയാണ് കരിസ്മാറ്റിക് പ്രസ്ഥാനത്തിന് നിയോപെന്റക്കോസ്റ്റർ വിഭാഗങ്ങളിൽനിന്നു വ്യത്യസ്തമായി ഒരു കത്തോലിക്കാ പ്രതിച്ഛായയും സഭയ്ക്കുള്ളിൽ ഒരു വ്യക്തിത്വവും ലഭിച്ചത്.

## ഇന്ത്യൻ മണ്ണിൽ

1972 ജൂലൈ 10 ന് മുംബൈയിലെ സെന്റ് സേവ്യേഴ്സ് കോളേജിൽ കൂടിയ ഭാരതത്തിലെ ആദ്യ കരിസ്മാറ്റിക് പ്രാർത്ഥനാ യോഗത്തിൽ 8 വൈദികർ, 15 കന്യാസ്ത്രീകൾ, 37 അത്മായർ എന്നിങ്ങനെ 60 പേർ സംബന്ധിച്ചു. കൃത്യമായ ഇടവേളകളിൽ നടന്നി രുന്ന പ്രാർത്ഥനായോഗങ്ങളും സെമിനാറുകളും 1975 ൽ റോമിൽ വച്ചു നടന്ന അന്തർദേശീയ കരിസ്മാറ്റിക് കോൺഗ്രസിൽ പങ്കെടുത്തവരുടെ ഊർജ്ജിത പ്രവർത്തനവും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'അധുനാധുനീകരണക്കാറ്റും' ഈ പ്രസ്ഥാനത്തെ തഴച്ചുവളരാൻ സഹായിച്ചു.

കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ അഖിലേന്ത്യാതലത്തിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ 1977 ൽ ദേശീയസേവാസമിതി (National Service Team) രൂപീകരിക്കുയും മതിന് എപ്പിസ്കോപ്പൽ അഡൈ്വസറെ ലഭിക്കുകയും ചെയ്തു. 1996ൽ ഇന്ത്യൻ ബിഷപ്പ്സ് കോൺഫറൻസ് ഇതിനെ ദേശീയ കത്തോലിക്കാ കരിസ്മാറ്റിക് സേവന സമിതി (National Charismatic Renewal Services: NCCRS) എന്ന് പുനർ നാമകരണം ചെയ്യുകയും ഔദ്യോഗികമായി അംഗീകരിച്ച് മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു. ദേശീയ സേവന സമിതിക്കു വിധേയമായി കേരളത്തിലെ നവീകരണ സംരംഭങ്ങളെ ഏകോപിപ്പിക്കുന്നത് കേരള സേവന സമിതിയാണ്. (Kerala Service Team: KST). 1978 മുതൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെ.എസ്. ടി.യെ 2001 ൽ കെ.സി.ബി.സി. ഔദ്യോഗികമായി അംഗീകരിക്കുകയും മാർഗനിർദ്ദേശങ്ങൾക്കായി ഒരു എപ്പിസ്കോപ്പൽ അഡൈ്വസറെ നിയമിക്കുകയും ചെയ്തു. കേരളത്തിൽ ഇപ്പോൾ 22 സോണുകളും 7 സബ് റീജിയണുകളും 40ലധികം ധ്യാനകേന്ദ്രങ്ങളും, ധ്യാനടീമുകൾ, ലോർഡ്സ്കപ്പിൾ, ജീസസ് യൂത്ത്, മരിയൻ സിംഗിൾസ്, ക്രിസ്റ്റീൻ, ആതുരശുശ്രൂഷകൾ തുടങ്ങിയ വിവിധ മിനിസ്ട്രികളും ഉണ്ട്.

## കരിസ്മാറ്റിക് പ്രസ്ഥാനമുളവാക്കിയ നന്മകൾ

*ദൈവവചനാഭിമുഖ്യം*

വിശ്വാസികൾക്കിടയിൽ ദൈവവചനത്തോട് വ്യക്തമായ ആഭിമുഖ്യവും ശക്തമായ പ്രതിബദ്ധതയും വളർത്താൻ കരിസ്മാറ്റിക് പ്രസ്ഥാനത്തിനായി എന്നത് അന്ധമായ കരിസ്മാറ്റിക് വിരോധം വച്ചുപുലർത്തുന്നവർ പോലും സമ്മതിക്കുന്ന വസ്തുതയാണ്. വെറുതെ വചനം വിളമ്പി ശ്രോതാക്കളുടെ സ്വകാര്യ വ്യാഖ്യാനങ്ങൾക്കും അനുഭൂതികൾക്കും

www.malankaralibrary.com




വിട്ടുകൊടുക്കാതെ ദൈവവചനത്തെ കൂദാശകളുമായി ബന്ധിപ്പിച്ചു എന്നതാണ് കത്തോലിക്കാ കരിസ്മാറ്റിക് പ്രസ്ഥാനത്തെ പ്രൊട്ടസ്റ്റന്റ് നവീകരണത്തിൽനിന്നും വ്യത്യസ്തമാക്കുന്നത്. ഉപരിപഠനങ്ങളുടെ അക്കാദമിക് തലങ്ങളിലും സെമിനാരികളുടെ അകത്തളങ്ങളിലും ഒതുങ്ങിയിരുന്ന വി.ഗ്രന്ഥപഠനത്തെ ജനകീയവൽക്കരിക്കാനും വചനത്തെ ജീവിതഗന്ധിയായി വ്യാഖ്യാനിച്ച് മുറിവുണക്കുന്ന സൗഖ്യസാന്നിദ്ധ്യമായി അവതരിപ്പിക്കാനും കരിസ്മാറ്റിക് പ്രസ്ഥാനത്തിനായിട്ടുണ്ട്.

### *അത്മായ പങ്കാളിത്തം*

പൗരോഹിത്യ കേന്ദ്രീകൃതമായ ഒരു സഭാജീവിത ശൈലിയിൽനിന്നും കൗൺസിൽ വിഭാവനം ചെയ്തതുപോലെ വിശ്വാസികൾക്കു കൂടുതൽ പങ്കാളിത്തമുള്ള കൂട്ടായ്മാ സ്വഭാവമുള്ള (അപ്പ. പ്രവ. 2/42) ഒരു സഭാ ജീവിതശൈലിയിലേക്കുള്ള മാറ്റത്തിന് രാസഹത്വരകമായത് ഒരു പരിധിവരെ കരിസ്മാറ്റിക് പ്രസ്ഥാനമാണ്. ഓരോ ക്രൈസ്തവനും അടിസ്ഥാനപരമായി ഒരു പ്രേഷിതനാണെങ്കിലും മയക്കത്തിലാണ്ടുപോയ ഈ പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള അവബോധം വിശ്വാസികളിലുണർത്താൻ കരിസ്മാറ്റിക് പ്രസ്ഥാനം കാരണമായിട്ടുണ്ട്.

### *ജീവിത പ്രതിബദ്ധതയുടെ സാക്ഷ്യം*

തൊലിപ്പുറത്തൊതുങ്ങുന്ന അനുഷ്ഠാനപരതയിൽനിന്ന് മാംസത്തെ തൊടുന്ന ജീവിത സാക്ഷ്യങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ നവീകരണ പ്രസ്ഥാനം കരാണമായിട്ടുണ്ട്. ധാരാളം വ്യക്തികൾക്ക് പ്രത്യേകിച്ച്, യുവതീയുവാക്കൾക്ക് ജീവിതത്തിൽ മതാത്മകമായ ഒരു ദിശാബോധം നൽകുന്നതിൽ ഈ പ്രസ്ഥാനം വിജയിച്ചിട്ടുണ്ട്. നിഷേധാത്മകതയുടെ നിരീശ്വര പ്രസ്ഥാനങ്ങളിലും തലവെട്ടിസമത്വം നടപ്പിലാക്കുന്ന വിപ്ലവപ്രസ്ഥാനങ്ങളുടെ ചതിക്കുഴികളിലും നിന്ന് അനേകം ക്രൈസ്തവ യുവാക്കളെ മോചിപ്പിച്ചത് കരിസ്മാറ്റിക് പ്രസ്ഥാനമാണ്.

തങ്ങളുടെ വരുമാനത്തിന്റെ നിശ്ചിത ശതമാനം പരസ്നേഹ പ്രവർത്തനങ്ങൾക്കായി നൽകുന്ന അത്മായരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. പ്രതിബദ്ധതയോടും വിശ്വസ്തതയോടും കൂടെ കർത്തവ്യ നിർവ്വഹണം നടത്താനും കൈക്കൂലിക്കും അഴിമതിക്കുമെതിരെ പ്രതിരോധാത്മക സംവിധാനങ്ങളൊരുക്കാനും നവീകരണ പ്രസ്ഥാനത്തിന്റെ സന്തതിയായ ഉദ്യോഗസ്ഥ പ്രാർത്ഥനാ കൂട്ടായ്മക്കായിട്ടുണ്ട്. വ്യവസ്ഥാപിത മതത്തിന്റെ ആതുരശുശ്രൂഷകൾക്കും അനാഥാലയങ്ങൾക്കും പുറമേ നിരാലംബർക്കും അഗതികൾക്കുമാതി ത്യാഗസന്നദ്ധതയോടെ സേവനം ചെയ്യുന്ന സ്ഥാപനങ്ങൾ നടത്തുന്ന അനേകം അത്മായരെ സൃഷ്ടിക്കാൻ കരിസ്മാറ്റിക് പ്രസ്ഥാനത്തിനായിട്ടുണ്ട്. ക്രിസ്റ്റീൻ, ജീസസ് യൂത്ത് പോലുള്ള നവീകരണ സംരംഭങ്ങളുടെ പല മിനിസ്ട്രികളും സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളിയിൽ ഗുണകരമായ വർദ്ധനവു രേഖപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്.

### *അനുഭൂതിയും അനുഭവപരതയും*

കേരളസഭയെ ചലനാത്മകമാക്കുന്നതിൽ കരിസ്മാറ്റിക് പ്രസ്ഥാനം വഹിച്ച പങ്ക് വളരെ വലുതാണ്. പലരും അർത്ഥം കണ്ടെത്താൻ പരാജയപ്പെട്ടിരുന്നതികച്ചും അനുഷ്ഠാനപ്രധാനമായ ഒരു ആരാധനാ

www.malankaralibrary.com

ശൈലിയിൽനിന്നും കുറേക്കൂടി ജീവിതഗന്ധിയായ രു ആരാധനാനുഭവത്തിലേക്ക് വിശ്വാസികളെ ആനയിക്കാൻ ഈ പ്രസ്ഥാനത്തിനായിട്ടുണ്ട്.

*സുവിശേഷാവതരണത്തിന് നൂതന വഴികൾ*

കരിസ്മാറ്റിക് പ്രസ്ഥാനത്തിലെ ശക്തമായ അത്മായ സാന്നിദ്ധ്യം ആധുനിക ദൃശ്യമാധ്യമങ്ങൾ സുവിശേഷവൽക്കരണത്തിനായി ഉപയോഗപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. ജീസസ് യൂത്തിന്റെ റെക്സ്ബാന്റ് ട്രൂപ്പ്, വെബ്സൈറ്റുകൾ, ശാലോം ടി.വി., ജോയ്നെറ്റ് എന്ന പേരിലറിയപ്പെടുന്ന ജീസസ് യൂത്ത് ഇ–മെയിൽ കൂട്ടായ്മ, പ്രെയർനെറ്റ് എന്നിവ കാലത്തിന്റെ ചുവരെഴുത്തനുസരിച്ച് സുവിശേഷവൽക്കരണത്തിന് നൂതനവും വ്യത്യസ്തവുമായ രീതിശാസ്ത്രങ്ങൾ അവലംബിക്കുന്നതിൽ ഉദാഹരണങ്ങളാണ്.

## അപശബ്ദങ്ങൾ

നവീകരണം സമ്മാനിച്ച നേട്ടങ്ങളുടെ ഇടയിലും ചില പോരായ്മകളും പരിമിതികളും എടുത്തു പറയാതിരിക്കാൻ ആവില്ല.

*യുക്തിവിരോധത്തിന്റെ കരിസ്മാറ്റിക് ഭാവങ്ങൾ*

വിശ്വാസവും യുക്തിയും ദൈവാന്വേഷണ നാണയത്തിന്റെ ഇരുപുറങ്ങളാണെന്ന വസ്തുത ചില നവീകരണക്കാർ മറക്കുന്നു. ഇതു മനസിലാക്കാതെ യുക്തിവിരോധത്തിന്റെ കണ്ണട ധരിക്കുകയും മതജീവിതത്തിന്റെ വൈകാരികതലത്തെ മാത്രം പോഷിപ്പിക്കുകയും ചെയ്യുന്ന നവീകരണക്കാർ അസ്ഥിരമായ ഒരു ഒഴുക്കൻ ആദ്ധ്യാത്മിക സമീപനം സ്വീകരിക്കുന്നവരാണ്. യുക്തിയെ എതിർക്കുന്നു എന്നതു മാത്രമല്ല, യുക്തിയെ വിശ്വാസത്തിന്റെ എതിർവശത്തു പ്രതിഷ്ഠിക്കുകയും ചെയ്യുന്നു എന്നതാണ് ഇവർ ചെയ്യുന്ന തെറ്റ്.

സഭാനേതൃത്വത്തിന്റെ പ്രബോധനാധികാരത്തിന് ബദലുകൾ സൃഷ്ടിക്കുകയും ക്രിസ്തുവിന്റെ സുവിശേഷത്തിനു പകരം സ്വന്തം സുവിശേഷം പ്രഘോഷിക്കുകയും ചെയ്യുന്ന പ്രേഷിതന്മാരാണ് പെന്റക്കോസ്റ്റൽ സഭകളിലേക്കും സെക്റ്റുകളിലേക്കുമുള്ള വിശ്വാസികളുടെ ഒഴുക്കിനെ തടയുന്ന തടയണകൾ തകർക്കുന്നത്.

*നവീകരണ രംഗത്തെ മൗലികവാദികൾ*

അപൂർണ്ണങ്ങളെങ്കിലും ഇതര മതങ്ങളിൽ കാണുന്ന സത്യത്തിന്റെ അംശങ്ങളെ (Traces of Truth) ആദരിക്കണമെന്നാണ് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്. എന്നാൽ മദ്ധ്യകാലസഭയുടെ മൗലികവാദ പ്രവണതകളുടെ അവശിഷ്ടങ്ങൾ മനസിൽ പേറുന്ന നവീകരണക്കാർ കൗൺസിൽ തുറന്നുവച്ച സംവാദത്തിന്റെയും സഹകരണത്തിന്റേതുമായ വാതിലുകൾ കൊട്ടിയടക്കുന്നവരാണ്. "സഭയ്ക്കു പുറമേ രക്ഷയില്ല" പോലുള്ള സിദ്ധാന്തങ്ങൾ സ്ഥാനത്തും അസ്ഥാനത്തും പ്രഘോഷിക്കുകയും അന്യമതവിശ്വാസങ്ങളെ പുച്ഛത്തോടെ അപഹസിച്ച് അന്ധവിശ്വാങ്ങളാക്കി തള്ളുകയും ചെയ്യുന്നവരുടെ എണ്ണം നവീകരണക്കാരുടെ ഇടയിൽ പെരുകുകയാണ്.

*അപകടകരമായ അതിവൈകാരികത*

വികാരക്കോളിളക്കം സൃഷ്ടിക്കുന്ന അന്തരീക്ഷത്തിൽ ആവേശം കൊള്ളിക്കുന്ന ശബ്ദായമാനമായ തകർപ്പൻ പാട്ടുകളിലൂടെയും മനസിനെ ഉത്തേജിപ്പിക്കുന്ന വിധം അത്യുച്ചത്തിലുള്ള പ്രാർത്ഥനകളിലൂടെയുമാണ് പലർക്കും 'ആന്തരികാനുഭവം' ഉണ്ടാകുന്നത്. ധ്യാനകേന്ദ്രങ്ങളിൽ നടക്കുന്ന മാനസാന്തരങ്ങൾക്ക് സ്ഥായിയായ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സാധിക്കാത്തതിന്റെ ഒരു കാരണം അത് മേൽപ്പറഞ്ഞ രീതിയിലുള്ള വൈകാരികാനുഭൂതിയിൽ മാത്രം അടിസ്ഥാനമിടുന്നു എന്നതാണ്.

*ദൈവവചനം വിഗ്രഹമാകുമ്പോൾ....*

വചനത്തെ വ്യാച്യാർത്ഥത്തിൽ മാത്രം വ്യാഖ്യാനിക്കുകയും മനസിലാക്കുകയും ചെയ്യുന്ന അപക്വ സമീപനം ഈ പ്രസ്ഥാനത്തിലെ പലരെയും പെന്തക്കോസ്ത് പാളയത്തിലെത്തിച്ചിട്ടുണ്ട്. പ്രൊട്ടസ്റ്റന്റ് ആദ്ധ്യാത്മികതയും നവീകരണ ആദ്ധ്യാത്മികതയും തമ്മിലുള്ള വ്യത്യാസം അതിലോലമാകുന്ന ഒരു തലമാണ്. ബൈബിളിനെ സഭ വിധിക്കണോ, അതോ സഭയെ ബൈബിൾ വിധിക്കണോ എന്നുള്ള ചോദ്യം പ്രസക്തമാകുന്ന ഒരു തലം കൂടിയാണിത്. ബൈബിൾ വ്യാഖ്യാനത്തിനായി ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് സഭകളുടെ കൈകളിലാണ്. ഇതു മനസിലാക്കാതെ

www.malankaralibrary.com

വ്യക്തികളുടെയും സെക്ടുകളുടെയും അബദ്ധ വ്യാഖ്യാനങ്ങൾക്കോ, സ്വകാര്യഅനുഭൂതികൾക്കോ വേണ്ടി ബൈബിളിനെ ഉപയോഗപ്പെടുത്തുകയും നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട വി. പാരമ്പര്യത്തെ നിഷേധിക്കുകയും ചെയ്യുന്ന നവീകരണ പ്രവണതകൾ സഭയെ പ്രൊട്ടസ്റ്റന്റ് കൂടാരത്തിലേക്ക് നയിക്കുന്നവയാണ്.



*അന്ധർ അന്ധനെ നയിച്ചാൽ*

നവീകരണരംഗത്തെ കൗൺസിലിംഗിനെ സംബന്ധിച്ച് പരാതികളേറെ ഉയരുന്ന കാലമാണിത്. കൗൺസിലിംഗിന്റെ പ്രാഥമിക പാഠങ്ങളെക്കുറിച്ചുള്ള അറിവും വൈകാരിക പക്വതയുമില്ലാത്ത കൗൺസിലർമാർ ഇന്ന് വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. രഹസ്യങ്ങൾ കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വവും ജിജ്ഞാസനിറഞ്ഞ ചോദ്യങ്ങൾ ഒഴിവാക്കാനുള്ള വിവേകവും ഇല്ലാത്തവർ നടത്തുന്ന കൗൺസിലിംഗ് പലപ്പോഴും കൈനോട്ടക്കാരുടെ നിലവാരത്തിലേക്ക് താഴ്ന്നുപോകാറുണ്ട്. ഗുരുതരമായ പ്രശ്നങ്ങളും പ്രതിസന്ധികളുമായി ധ്യാനത്തിന് എത്തുന്നവർക്ക് ലഭ്യമാകേണ്ടത് കൗൺസിലിംഗ് ശാസ്ത്രീയമായി അഭ്യസിച്ച ദൈവാനുഭവമുള്ള വിദഗ്ദരുടെ സേവനമാണ്.

ആധുനിക പന്തക്കുസ്തയെന്ന് വിശേഷിപ്പിക്കപ്പെടുന്ന കരിസ്മാറ്റിക് പ്രസ്ഥാനം കത്തോലിക്കാ സഭയെ ചലനാത്മകമാക്കുന്നതിൽ അനന്യമായ പങ്കാണ് വഹിച്ചിട്ടുള്ളത്. കരിസ്മാറ്റിക് പ്രസ്ഥാനത്തെ വിമർശനാത്മകമായി അപഗ്രഥിച്ചു വിലയിരുത്തി മാർഗനിർദേശങ്ങൾ നൽകി സഭാനിർമിതിയിൽ അതിന്റേതായ പങ്കുവഹിക്കാൻ ഈ പ്രസ്ഥാനത്തെ പ്രാപ്തമാക്കേണ്ടത് സഭാനേതൃത്വമാണ്. അപ്പോൾ ജനകീയവും സ്വതന്ത്രവും സജീവവുമായ ഈ പ്രസ്ഥാനത്തിന്റെ നന്മകൾ സഭയെ പടുത്തുയർത്തുന്നതിനായുള്ള ചുടുകട്ടകളായി മാറ്റാൻ സഭാപിതാക്കന്മാർക്കു കഴിയുകയും ചെയ്യും.

## സഹായകഗ്രന്ഥങ്ങൾ

1. BYRNE, J.E., Living in the Spirit: A handbook on Catholic Charistmatic Christanity (NewYork, Ny: Paulist Press, 1975)

2. പാലാട്ടി ജെ. കരിസ്മാറ്റിക് നവീകരണം അലകും പിടിയും (കളമശേരി: എമ്മാവൂസ് പബ്ലിക്കേഷൻസ്, 1991)

3. ആലപ്പാട്ട് ഐസക്, തിരുവചനം തെറ്റിദ്ധരിച്ചവർ, (തൃശൂർ: സർഗചേതന പബ്ലിക്കേഷൻസ്, 2004)

4. മുണ്ടോളിക്കൽ പോൾ: 'നവീകരണ പ്രസ്ഥാനങ്ങളുടെ സത്ഫലങ്ങളും വിപരീത ഫലങ്ങളും' (മതവും ചിന്തയും 83(2003) 61–74)

5. നായിക്കംപറമ്പിൽ തോമസ്, 'കരിസ്മാറ്റിക് പ്രസ്ഥാനം ഒരു അവലോകനം' ജീവധാര 303 (2003) 340–349.

6. WALSH V.M., A Key to Charismatic Renewal in the Catholic Church (Indiana: Abbey Press, 1975)

7. കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം- മാർഗ്ഗനിർദ്ദേശങ്ങൾ, Published by KCBC Episcopal Advisor to Kerala Catholic Charismatic Renewal Services, Emmavus, Kalamassery, 20th March 2004.

www.malankaralibrary.com





## Karunikan

Statement of Ownership and Other Particulars about Newspaper (Monthly)

1. Place of Publication : MCBS House, Perumanoor P.O, Kochi- 682 015, Kerala.
2. Periodicity of its publication : Monthly
   Language : Malayalam
3. Printer's Name : Fr. Jacob Naluparayil
   Nationality : Indian
   Address : MCBS House, Perumanoor P.O, Kochi- 682 015, Kerala.
4. Publisher's Name : Fr. Jacob Naluparayil
   Nationality : Indian
   Address : MCBS House, Perumanoor P.O, Kochi- 682 015, Kerala.
5. Editor's Name : Fr. Jacob Naluparayil
   Nationality : Indian
   Address : MCBS House, Perumanoor P.O, Kochi- 682 015, Kerala.
6. Name and Address of the Individuals who own the newspaper : Fr. Jacob Naluparayil, MCBS House Perumanoor P.O, Kochi- 682 015, Kerala.

I, Fr. Jacob Naluparayil, hereby declare that the particulars given above are true to the best of my knowledge and belief.

01.03.2010 sd/- Publisher

www.malankaralibrary.com



# ഭാരതവും കത്തോലിക്കാവിശ്വാസവും

ഡോ. ജേക്കബ് പറപ്പള്ളി എം.എസ്.എഫ്.എസ്
*ഇന്ത്യൻ തിയോളജിക്കൽ അസ്സോസിയേഷൻ പ്രസിഡന്റ്*

വിശ്വാസതിരുസ്സംഘവും ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാരുടെയും ദൈവ ശാസ്ത്രജ്ഞരുടെയും പ്രതിനിധികളും തമ്മിലുള്ള സംവാദം ജനുവരി 16–19 ന് ബാംഗ്ലൂരിൽ വച്ച് നടന്നു. ഇന്ത്യൻ തിയോളജിക്കൽ അസോസിയേഷൻ പ്രസിഡന്റ് ഫാ. ജേക്കബ് പറപ്പള്ളി സംവാദത്തിന്റെ വിശദാംശങ്ങളിലേയ്ക്ക് മനസ്സുതുറക്കുന്നു.

■ എന്തായിരുന്നു ഈ സംവാദം നടത്താനുണ്ടായ സാഹചര്യവും സംവാദത്തിന്റെ ലക്ഷ്യവും.

വിശ്വാസതിരുസ്സംഘമാണ് ഈ സംഭാഷണത്തിന് മുൻകൈ എടുത്തത്. തിരുസ്സംഘത്തിന്റെ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടായിരുന്നു ഇത്. കത്തോലിക്കാവിശ്വാസം സംരക്ഷിക്കാനും വളർത്താനും കാലാകാലങ്ങളിലുണ്ടാകുന്ന പുതിയ പ്രശ്നങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കാനും വേണ്ടി സംവാദങ്ങളും പഠനശിബിരങ്ങളും സംഘടിപ്പിക്കുക വിശ്വാസതിരുസ്സംഘത്തിന്റെ ചുമതലയാണ്.

ഇത്തവണ നടന്ന സംഭാഷണത്തിന്റെ പ്രത്യേകത അത് ഇന്ത്യയിൽ നടന്നു എന്നതാണ്. ആദ്യമായാണ് ഇന്ത്യയിൽ വച്ച് ഇത്തരമൊരു ചർച്ച നടക്കുന്നത്. വിശ്വാസതിരുസ്സംഘത്തിന്റെ അധ്യക്ഷൻ കർദ്ദിനാൾ വില്യം ലെവാഡയും, സെക്രട്ടറി ആർച്ചുബിഷപ് ലൂയിസ് ലദാറിയയും ഉൾപ്പെടുന്ന തിരുസ്സംഘം ചർച്ചയ്ക്കായി ഇന്ത്യയിലെത്തി.

യൂറോപ്പിനു പുറത്ത് ദൈവശാസ്ത്രമില്ലെന്നൊരു ചിന്ത ഒരുകാലത്ത് ഉണ്ടായിരുന്നു. ശ്രദ്ധിക്കപ്പെടേണ്ട ദൈവശാസ്ത്ര വിചിന്തനങ്ങളും ദർശനങ്ങളും ഇന്ത്യയിൽ രൂപപ്പെടുന്നുവെന്ന സത്യം വിശ്വാസതിരുസ്സംഘം അംഗീകരിച്ചുകഴിഞ്ഞുവെന്നു തോന്നുന്നു. ഈ സംഭാഷണത്തിന്റെ ശീർഷകം തന്നെ 'ഒന്നിച്ചുള്ള സത്യാന്വേഷണം' (Seeking Truth Together) എന്നായിരുന്നു.

■ ഈ സംഭാഷണത്തിന്റെ പ്രധാന ഫലം എന്തായിരുന്നു.

ഇരുപക്ഷത്തിനും പരസ്പരബഹുമാനത്തോടെ കേൾക്കാനും മനസ്സിലാക്കാനുമായി എന്നതാണ് ഈ ചർച്ചയുടെ ഏറ്റവും വലിയ സംഭാവന. യേശുവിനെയും അവന്റെ സന്ദേശത്തേയും ഇന്ത്യയിൽ പങ്കുവയ്ക്കുന്നതിന്റെ വെല്ലുവിളികൾ നിരവധിയാണ്. കാരണം ദാർശനികവും, സാംസ്ക്കാരികവും, മതപരവുമായ പാരമ്പര്യങ്ങളാൽ സമ്പന്നമാണ് ഭാരതം. കൂടാതെ ഇന്ത്യയുടെ ദർശനരീതി യൂറോപ്യൻ ദർശനരീതി




www.malankaralibrary.com

യിൽ നിന്നും തുലോം വ്യത്യസ്തമാണ്. അതിനാൽ കത്തോലിക്കാവിശ്വാസം ഇന്ത്യയിൽ പ്രഘോഷിക്കുന്നതിൽ ഇന്ത്യൻദൈവശാസ്ത്രജ്ഞർ നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കാൻ തിരുസ്സംഘത്തിന്റെ അംഗങ്ങൾക്ക് ഇത് അവസരമായി. കത്തോലിക്കാവിശ്വാസം സംരക്ഷിച്ചുപോരാനുള്ള ദൗത്യത്തിൽ തിരുസ്സംഘത്തിനുണ്ടാകുന്ന ഉത്കണ്ഠകൾ മനസ്സിലാക്കാൻ ഇന്ത്യൻ ദൈവശാസ്ത്രജ്ഞർക്കും ഇത് അവസരമൊരുക്കി.

**■ വിശ്വാസപ്രഘോഷണരംഗത്ത് ഇന്ത്യൻ ദൈവശാസ്ത്രജ്ഞർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?**

ദാർശനികരീതിയിലുള്ള വ്യത്യാസമാണ് അടിസ്ഥാനപ്രശ്നം. പടിഞ്ഞാറൻ ക്രൈസ്തവചിന്ത ഗ്രീക്ക് ദാർശനികപാതയിലാണ് വളർന്നത്. ഗ്രീക്ക് ചിന്തയിലെ പദങ്ങളും, സങ്കല്പങ്ങളുമാണ് ക്രൈസ്തവ ദൈവശാസ്ത്രം ഉപയോഗപ്പെടുത്തിയത്. എന്നാൽ ഭാരതീയദർശനം ഗ്രീക്കുദർശനത്തിൽ നിന്നും തുലോം വ്യത്യസ്തമാണ്. കാലത്തെക്കുറിച്ചും, ചരിത്രത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാടിൽ ഈ വ്യത്യാസം വ്യക്തമാണ്. ഭാരതീയ ചിന്തയനുസരിച്ച്, ചരിത്രത്തിലുള്ള ഒന്നിനും കേവലത്വം (absolutenses) അവകാശപ്പെടാനാവില്ല. കാരണം അത് സ്ഥലകാലബന്ധിതമാണ്; പരിമിതമാണ്. എന്നാൽ യേശുക്രിസ്തു ഏകമധ്യസ്ഥനാണെന്ന വിശ്വാസം കേവലസത്യമായി കത്തോലിക്കർ ഏറ്റുപറയുന്നു.

കത്തോലിക്കാവിശ്വാസത്തെ ഭാരതീയർ മനസ്സിലാക്കുന്നതിനും സ്വീകരിക്കുന്നതിനും അത് ഭാരതീയ ചിന്താരീതിയിൽ അവതരിപ്പിക്കപ്പെടണം. ഭാരതീയ ദർശനത്തിന്റെ സംജ്ഞകളിലൂടെയും സങ്കല്പങ്ങളിലൂടെയും അവ വിശദീകരിക്കപ്പെടണം. അതിന് ക്രൈസ്തവവിശ്വാസവും ഭാരതീയചിന്താരീതിയുമായുള്ള സംഭാഷണവും പരസ്പരവിനിമയവുമാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. ഈ രംഗത്താണ് ഇന്ത്യൻ ദൈവശാസ്ത്രജ്ഞർക്ക് സംഭാവന ചെയ്യാനാകുന്നത്.

**■ ഇന്ത്യൻ ദൈവശാസ്ത്രജ്ഞർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും ബുദ്ധിമുട്ടുകളും വിശ്വാസതിരുസ്സംഘാംഗങ്ങൾക്ക് മനസ്സിലായോ.**

ഇന്ത്യൻ ദൈവശാസ്ത്രജ്ഞരുടെ കഴിവും സമർപ്പണബുദ്ധിയും അവർക്ക് മനസ്സിലായിട്ടുണ്ടെന്നാണ് തോന്നുന്നത്. അതോടൊപ്പം പ്രശ്നത്തിന്റെ സങ്കീർണ്ണതകളും അവർക്ക് മനസ്സിലായിട്ടുണ്ടാവണം. എന്നാലും ക്രൈസ്തവവിശ്വാസത്തെ വ്യത്യസ്തമായൊരു ദാർശനികരീതിയിൽ അവതരിപ്പിക്കുന്നതിന്റെ സങ്കീർണ്ണതകൾ അവർ മനസ്സിലാക്കിയോ എന്ന് സംശയമാണ്. സമയം പരിമിതമായിരുന്നു. അതോടൊപ്പം അവരുടെ ബൗദ്ധിക പരിശീലനം അത്തരമൊരു മനസ്സിലാക്കലിനെ എളുപ്പമാക്കുന്നതുമായിരുന്നില്ല. എന്നിരുന്നാലും ഇന്ത്യൻ ദൈവശാസ്ത്രജ്ഞർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ശ്രദ്ധയോടെ ശ്രവിക്കാൻ അവർ തയ്യാറായി എന്നതാണ് ഏറ്റവും വലിയ കാര്യം.

**■ ഇന്ത്യൻ ദൈവശാസ്ത്രജ്ഞരുടെ ദാർശനികരീതികളെക്കുറിച്ചുള്ള വിശ്വാസതിരുസ്സംഘത്തിന്റെ ഉത്കണ്ഠകൾ എന്തൊക്കെയാണ്?**

അവർക്ക് അനേകം ഉത്കണ്ഠകൾ ഉണ്ടാകാം.

www.malankaralibrary.com

എന്നാലും ചർച്ചയിൽ അവർ അതൊന്നും ഉന്നയിച്ചില്ല. ധൈര്യപൂർവ്വം വിശ്വാസം അവതരിപ്പിക്കുന്നതിന്റെ ആവശ്യകത ആർച്ച് ബിഷപ് ലദാറിയ തന്റെ പേപ്പറിൽ ഊന്നിപ്പറഞ്ഞു. വിശ്വാസതിരുസ്സംഘം കഴിഞ്ഞകാലങ്ങളിൽ ഉന്നയിച്ച ഉത്കണ്ഠകൾ താഴെപ്പറയുന്നവയാണ്.

ഇന്ത്യൻ പശ്ചാത്തലത്തിൽ യേശുക്രിസ്തു ഏക രക്ഷകനാണെന്ന കേവലസത്യത്തിൽ ദൈവശാസ്ത്രജ്ഞർ വെള്ളം ചേർക്കുന്നുണ്ടോ? ഇതരമതങ്ങളുമായുള്ള സംവാദത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് അവർക്ക് വ്യക്തതയുണ്ടോ? സാംസ്ക്കാരികാനുരൂപണത്തിന്റെ കാര്യത്തിൽ അവർ അതിർത്തി ലംഘിക്കുന്നുണ്ടോ? ഇങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ചായിരുന്നു മുൻകാലങ്ങളിൽ വിശ്വാസതിരുസ്സംഘം ഇന്ത്യൻ ദൈവശാസ്ത്രജ്ഞരോട് വിശദീകരണം ചോദിച്ചുകൊണ്ടിരുന്നത്.

ഇന്ത്യൻ ദൈവശാസ്ത്രജ്ഞരേയും മെത്രാന്മാരേയും നേരിട്ടു കേട്ടപ്പോൾ ഇവയിൽ പല സംശയങ്ങളും മാറിയിട്ടുണ്ടാകാം. മുമ്പൊക്കെ വിശ്വാസതിരുസ്സംഘത്തിന് കിട്ടിയിരുന്നത് എഴുതപ്പെട്ട ചില കൃതികൾ മാത്രമായിരുന്നു. ഇത്തവണ എഴുത്തുകാരെ നേരിട്ടുകേൾക്കുവാനും അവരുടെ സാഹചര്യങ്ങൾ നേരിട്ടു മനസ്സിലാക്കാനുമായി.

■ ഈ ചർച്ചയിൽ സി. ബി. സി. ഐ. യുടെ പങ്ക് എന്തായിരുന്നു?

സി ബി സി ഐ യുടെ വിശ്വാസകമ്മീഷൻ ചെയർമാൻ ബിഷപ് ദാബ്രെയും സെക്രട്ടറി ഫാ. ഡൊമിനിക് വെളിയത്തും ഈ ചർച്ചയ്ക്കായി നല്ല ഒരുക്കങ്ങൾ നടത്തി. കഴിഞ്ഞ വർഷത്തെ ഇന്ത്യൻ ദൈവശാസ്ത്രജ്ഞരുടെ സമ്മേളനത്തിന്റെ വിഷയവും ഇതായിരുന്നു. പുതിയ ചെയർമാൻ ബിഷപ് ജോസഫ് കല്ലറങ്ങാട്ടും, ബാംഗ്ലൂർ സെന്റ് ജോൺസ് ആശുപത്രിയും സമ്മേളനം വിജയിപ്പിക്കുന്നതിന് അക്ഷീണം പരിശ്രമിച്ചു.

■ ഇന്ത്യൻ ദൈവശാസ്ത്രജ്ഞരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിൽ എന്ത് മാനദണ്ഡമാണ് പാലിച്ചത്? ഇന്ത്യൻ ദൈവശാസ്ത്രജ്ഞരുടെ സംഘടനയ്ക്ക് (ITA) ഇതിൽ എന്ത് പങ്കുണ്ടായിരുന്നു?

തിരഞ്ഞെടുപ്പിൽ എന്ത് മാനദണ്ഡമാണ് പുലർത്തിയതെന്ന് എനിക്കറിയില്ല. സി. ബി. സി. ഐ. യുടെ വിശ്വാസത്തിനായുള്ള കമ്മീഷൻ മൂന്ന് റീത്തുകളിൽ നിന്നുള്ള ചില ദൈവശാസ്ത്രജ്ഞരെ നിർദ്ദേശിച്ചു. തിരുസ്സംഘം അവരെ നേരിട്ടു ക്ഷണിച്ചു. ഒരു അല്മായനും രണ്ട് സിസ്റ്റേഴ്സും ദൈവശാസ്ത്രജ്ഞരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ പ്രതിനിധികളായിരുന്നു. പങ്കാളികളിൽ കുറച്ചുപേരൊഴിച്ച് ബാക്കിയെല്ലാവരും തന്നെ ഇന്ത്യൻ ദൈവശാസ്ത്രസംഘടനയുടെ അംഗങ്ങളായിരുന്നു. എങ്കിലും, പ്രതിനിധികളെ തിരഞ്ഞെടുത്തതിൽ സംഘടനയ്ക്ക് പങ്കൊന്നും ഉണ്ടായിരുന്നില്ല.



■ ഈ സംഭാഷണത്തെക്കുറിച്ചുള്ള പൊതുവിലയിരുത്തൽ എന്താണ്?

സമാനതകളില്ലാത്ത ഒരു സമ്മേളനം ആയിരുന്നു ഇത്. കാരണം സഭ, പഠിപ്പിക്കുന്ന സഭ മാത്രമല്ല, കേൾക്കുന്ന സഭ കൂടിയാണെന്ന് എല്ലാവർക്കും അനുഭവപ്പെട്ടു. കൂടാതെ വിശ്വാസതിരുസ്സംഘത്തിനും ഇന്ത്യൻ ദൈവശാസ്ത്രജ്ഞർക്കും പരസ്പരം കൂടുതൽ മനസ്സിലാക്കാനായി. ഇരുകൂട്ടരുടെയും ഉത്കണ്ഠകളും പ്രതിസന്ധികളും പരസ്പരം തിരിച്ചറിയാനായി. ചുരുക്കത്തിൽ, ഒന്നിച്ചുള്ള സത്യാന്വേഷണത്തിന്റെ ഒരു ദൈവാനുഭവമായി മാറി ഈ സംഭാഷണം. ■

www.malankaralibrary.com



# സ്നേഹത്തിന്റെ തിളക്കങ്ങൾ

പ്രൊഫ. തോമസ് പാറയ്ക്കൽ

അടുത്തയിടയ്ക്ക് പ്രസിദ്ധീകൃതമായ അഞ്ച് കവിതകളെ പരിചയപ്പെടുത്തുകയാണ്. ഉണ്ണികൃഷ്ണൻ കിടങ്ങൂരിന്റെ "രമണനും കന്യകയും", ബിന്ദുകൃഷ്ണന്റെ "തിളങ്ങുന്ന സ്ത്രീകൾ", രാജലക്ഷ്മിയുടെ "നിനക്കു ഞാൻ", രാജീവ് മുളക്കുഴയുടെ "വെറുതെ", എൻ. ഗോപാലകൃഷ്ണന്റെ "ആയി" എന്നിവയാണവ.

സ്നേഹഗാഥകൾ കവിതയിൽ ഇപ്പോഴുമുണ്ടാകുന്നുണ്ട്. ആദർശവത്കരണത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും വഴികളിൽ ചരിച്ച സ്നേഹം ഇന്നു മലയാളകവിതയിൽ ചുവടു വയ്ക്കുന്നത് നിഷേധഭാവനയുടെയും വൈരുദ്ധ്യഭാഷയുടെയും ഭാവരൂപങ്ങളിലാണ്.

നല്ലൊരു ഉദാഹരണം ഉണ്ണികൃഷ്ണൻ കിടങ്ങൂരിന്റെ *രമണനും കന്യകയുമാണ്* (കലാകൗമുദി 1847). രമണൻ വായിക്കുന്ന കന്യകമാരിന്നുണ്ട്. പലരിലും രമണന്റെ മുഖം കണ്ട് അവനെയും കൂട്ടി മാറ്റിനി കാണുന്ന കന്യകമാരാണവർ. രമണന്റെ മനം സന്തോഷഭരിതം. പക്ഷേ കന്യകയുടെ പരീക്ഷാപേപ്പറിൽ മുഴുവൻ പൂജ്യത്തിന്റെ മുട്ടകളുടെ പെരുക്കം. സ്വകാര്യമുറിയിലെ ട്യൂബ് ലൈറ്റിൻ പ്രകാശത്തിലെ അടുത്തടുത്തിരിപ്പിൽ 'പാടില്ല, പാടില്ല!' എന്നു രമണൻ പാടിയില്ല. കന്യകയുടെ ജാലകക്കണ്ണിൽ രാത്രിയാവുമ്പോൾ കിളിഞ്ഞിലിൻ നിഴലിൽ കാല്പനികപശ്ചാത്തലത്തിൽ രമണൻ നില്ക്കുന്നു. "രമണാ" എന്നവൾ നിറമിഴിയോടെ ഒലിച്ചിറങ്ങുന്നു.

*"കരയരുതെന്നും, കരഞ്ഞിട്ടു കാര്യമില്ലെന്നും*
*കരഞ്ഞു തീർക്കാനുള്ളതല്ലെന്നും*
*കഴുതകൾക്കുപോലുമറിയാമെന്നും പറഞ്ഞ്*
*രമണൻ പടിയിറങ്ങുന്നു."*

ഉണ്ണികൃഷ്ണൻ കിടങ്ങൂർ ഇക്കാലത്തിന്റെ സ്നേഹബന്ധങ്ങളുടെ പ്രയോഗക്ഷമത അറിയിക്കുകയാണ് ഈ കവിതയിൽ. വൈരുദ്ധ്യത്തിന്റെ ഭാഷയും നിഷേധത്തിന്റെ ഭാവനയുംകൊണ്ട് പ്രായാഗികമായ നിലപാടിലെത്തുന്നു പുതുതലമുറ.

*തിളങ്ങുന്ന സ്ത്രീകളെ* (മാതൃഭൂമി, ലക്കം 47) പരിചയപ്പെടുത്തുകയാണ് ബിന്ദുകൃഷ്ണൻ. ഉള്ളിലെ സ്നേഹത്തിന്റെ നിറവിലാണ് സ്ത്രീജന്മത്തിന്റെ സർവതിളക്കവും.

*"സ്നേഹിക്കപ്പെടുന്ന സ്ത്രീകളെ*
*പെട്ടന്ന് തിരിച്ചറിയാം*
*ഉള്ളിൽ ഒരു വിളക്കും കത്തിച്ചുവെച്ചതുപോലെ*
*അവർ തിളങ്ങിക്കൊണ്ടിരിക്കും."*

പ്രഭാതം മുതൽ രാപ്പാതിവരെ വീട്ടിലും ഓഫീസിലുമായി കറങ്ങിത്തിരിയുമ്പോൾ ഒരു പുഞ്ചിരിയും ഒരു തരി ഈണവും അവരുടെ ചുണ്ടിൽ തത്തിക്കളിക്കും. അവരുടെ ചലനങ്ങൾക്കെല്ലാം താളവും സുനിശ്ചിതം.

*"വഴിയിൽ ചിലർക്ക് പൂങ്കാവനങ്ങൾ*
*ചിലർക്ക് തമോഗർത്തങ്ങൾ*
*ചിലർ അനുനിമിഷം*
*പലതായ് പിളർക്കപ്പെട്ടുകൊണ്ടിരിക്കും*
*ഉള്ളിലെരിയുന്ന ദീപം*
*അവരുടെ ആത്മാവിന്റെ അരികുകളെ*
*കരയിച്ചുകൊണ്ടിരിക്കും*
*എങ്കിലും കാണും തിളക്കവും താളവും."*

www.malankaralibrary.com




സ്ത്രീജന്മത്തിന്റെ തിളക്കം, താളം, ഈണം, എന്നതെല്ലാം സ്നേഹിക്കപ്പെടുന്നതിന്റെ നേരടയാളങ്ങളാണ്. ആരാലും സ്നേഹിക്കപ്പെടാത്തവർ ചുമടേന്തി തലകുനിച്ച് നടന്നുകൊണ്ടേയിരിക്കും. നരകങ്ങളിലൂടെ സ്വർഗ്ഗമെന്ന സ്വപ്നത്തിലേയ്ക്ക്. സ്നേഹത്തെ ഭൗതികമാനങ്ങളിൽ കുടുക്കിയിടുന്ന ഭാഗികദർശനമേ ഈ കവിത നല്കുന്നുള്ളൂ.

ഭാഷാപോഷിണി ഫെബ്രുവരി ലക്കത്തിലെ കവിതകൾ പലതും സ്നേഹത്തിന്റെ സ്വാർത്ഥതലങ്ങളെ അവതരിപ്പിക്കുന്നു. *നിനക്കു ഞാൻ* (രാജലക്ഷ്മി പി.ടി.) എന്ന കവിത സ്വന്തമായിരിക്കുന്നതിന്റെ തീവ്രതയുടെ ആവിഷ്കരണമാണ്. കവിത ലഘുവെങ്കിലും നിനക്കു ഞാൻ എന്തെല്ലാമെന്ന് വികാരത്തിന്റെയും ശരീരത്തിന്റെയും ഭാഷയിൽ പറയുന്നു.

*"ഞാനില്ലാതാകുമ്പോൾ നിനക്കു നഷ്ടം*
*ഒരു മുഴുവൻ മനസ്സ് സ്നേഹം"*

എന്നവസാനിക്കുന്ന കവിത സ്വന്തമായിരിക്കുന്നതിന്റെ ആഹ്ലാദപ്രകർഷം വാരിവിതറുന്നു. ഒരു മനസ്സിൽ കുടിയിരിക്കുന്ന സ്നേഹം മുഴുവൻ നഷ്ടമാകാതെ നിനക്ക് ഞാനും എനിക്ക് നീയും കൂടിയേ മതിയാകൂ. അന്യോന്യം ആലംബനോദ്ദീപനങ്ങളായിരിക്കുന്നതിന്റെ ചാരിതാർത്ഥ്യം കവിതയുടെ ജീവനാണ്.

കലാകൗമുദിയുടെ 1849-ാം ലക്കത്തിലെ *വെറുതെ* (രാജീവ് മുളക്കുഴ) മലയാളിജീവിതത്തിന്റെ ആലസ്യം പൂണ്ട ചേതനയെ തൊടുന്നു. എന്തിനും ഏതിനും മലയാളികൊടുക്കുന്ന മറുപടിയാണ് വെറുതെ. എങ്ങോട്ടാ? വെറുതെ! വെറുതെ പ്രയോഗത്തിലടങ്ങിയിരിക്കുന്ന യാഥാർത്ഥ്യത്തിന്റെ പൊരുൾ വിശകലനവിധേയമാക്കുന്നു കവിതയിൽ. വെറുതെകളിലെല്ലാം സ്നേഹത്തിന്റെ അടയാളങ്ങളും അവശേഷിപ്പുകളുമുണ്ട്.

*"നോക്കരുത് ആരെയും വെറുതെ നീ..."*

നോട്ടത്തിൽ സ്നേഹത്തിന്റെ അടയാളുണ്ട്. വെറുതെ ചിരിക്കരുത്. ചിരിയിൽ സ്നേഹത്തിന്റെ നിക്ഷേപമുണ്ട്. വെറുതെ കരയരുത്. കാരണം കണ്ണീരിൽ സ്നേഹത്തിന്റെ ഫോസിലുകളുണ്ട്. ഒരിക്കലും വെറുതെ വാചാലമാകരുത്. വാക്കിൽ സ്നേഹത്തിന്റെ വിളംബരമുണ്ട്. ആരെയും വെറുതെ സ്പർശിക്കരുത്. സ്പർശത്തിൽ സ്നേഹമുദ്രകളുണ്ട്. വെറുതെ ആരെയും പ്രണയിക്കരുത്. പ്രണയത്തിൽ പ്രപഞ്ചത്തിന്റെ കയ്യൊപ്പുകളുണ്ട്. ഒന്നും ഒന്നും വെറുതെയാവരുത്.

*"വെറുതെയാവരുതൊരിക്കലും വെറുതെനീ*
*വെറുതെയിൽ സ്നേഹത്തിന്റെ നൊമ്പരമുണ്ട്"*

എന്ന ഹൃദയസ്പർശിയായ താക്കീതിലാണ് കാവ്യാന്ത്യം. വെറുതെയന്ന വെറുംവാക്ക് വെറുംവെറുതെയല്ല. വെറുതെയിലും സ്നേഹം കുടിയിരിക്കുന്നു. കുടിയിരിപ്പായ് സ്നേഹത്തിന്റെ വെറുമയല്ലാത്ത ചൈതന്യം ജീവിതരംഗങ്ങളെ കീഴടക്കട്ടെ.

ഭാഷാപോഷിണിയുടെ ഫെബ്രുവരി ലക്കത്തിൽ എൻ.ഗോപാലകൃഷ്ണന്റെതായി വന്ന *ആയി* എന്ന കവിത ശ്രദ്ധേയമാണ്. ഇംഗ്ലീഷ്ഭാഷയിലെ *to be* സംസ്കൃതത്തിലെ *ഭൂ- ഭവ* എന്നീ ക്രിയാരൂപങ്ങൾക്കു തുല്യമാണ് മലയാളത്തിൽ ആയി. ആയി ചേരുമ്പോൾ മനുഷ്യജീവിതത്തിന്റെ പ്രവേശനിഷ്ക്രമണങ്ങൾക്കുള്ളിൽ സംഭവിക്കുന്നവയെല്ലാം അടങ്ങിയിരിക്കുന്നു. കവിതയുടെ തുടക്കം ഇങ്ങനെ "ലോകമഹായുദ്ധത്തിനുമുൻപായി അവൻ ഭൂജാതനായി"

അവസാനമോ – "കാലക്രമേണ വൃദ്ധനായി പിന്നെ അല്പകാലം കിടപ്പിലായി നിര്യാതനായി"

ഇതിനിടയിൽ അവൻ വളർന്നു മിടുക്കൻ ബാലനായി. പള്ളിക്കൂടത്തിലെ വിദ്യാർത്ഥിയായി, വലുതായി യുവാവായി, ബിരുദധാരിയായി, ബിരുദാനന്തര ബിരുദധാരിയായി, ഉദ്യോഗസ്ഥനായി, ഭർത്താവായി, മക്കളുണ്ടായി, പിതാവായി, വലിയ ഉദ്യോഗസ്ഥനായി, വീടുപണിത് അതിൽ താമസമായി, ഉയർന്ന ഉദ്യോഗസ്ഥനായി, പലതുംനേടി പ്രസിദ്ധനായി, മുത്തച്ഛനായി, കൊച്ചുമക്കളെ കളിപ്പിച്ച് സംതൃപ്തനായി, പെൻഷനുമായി. ആയിയിൽ ജീവിതത്തിന്റെ നിരന്തരതയുണ്ട്. ഈ നൈരന്തര്യത്തിൽ ആയിത്തീരലുകൾ ഒന്നൊന്നായി ഭവിക്കുന്നു. ■

www.malankaralibrary.com



# ഭ്രമാത്മക കാഴ്ചകൾ

പ്രൊഫ. മാത്യു താഴത്തേൽ

മൂന്നു കഥകളെയാണ് ഇത്തവണ പരിചയപ്പെടുത്തുന്നത്. 'പുനർജനിമലയിലെ കാറോടിക്കുന്നഭൂതം', 'മഞ്ഞനിറമുള്ള കുതിര,' 'കവചിതം.'

വാക്കുകളിലൂടെ മാത്രം വിവരിക്കാൻ കഴിഞ്ഞിരുന്ന അത്ഭുതവിഷയങ്ങൾ ഇന്ന് ദൃശ്യമാധ്യമങ്ങൾ ത്രിമാനതലത്തിലൂടെ ഭംഗിയായി ചിത്രീകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപസർപ്പക- മാന്ത്രികകഥ കൾക്ക് ഇന്ന് പ്രചാരം കുറഞ്ഞിട്ടുണ്ട്. ഇന്ന് ഭ്രമാത്മകകഥകൾ രചിക്കപ്പെടുമ്പോൾ അതിന് ദൃശ്യമാധ്യമ ങ്ങളോട്, മത്സരിക്കേണ്ടി വരുന്നു. മാർഷൽ എഴുതിയ 'പുനർജനിമലയിലെ കാറോടിക്കുന്ന ഭൂതം' എന്ന ചെറുകഥ വളരെ തന്മയത്വത്തോടെ ഭ്രമാത്മകതയുടെ അവതരണം സാധിച്ചിരിക്കുന്നു (മലയാളം വാരിക, 4 ഫെബ്രുവരി 2011).

വിദേശത്തുനിന്ന് അവധിയിലെത്തിയ ബാബുവെന്ന യുവാവ് തിരുവില്വാമലയിലെ പുനർജ്ജനി തൊഴുവാൻ പോയി. കാറിലായിരുന്നു യാത്ര. മൺസൂൺ മഴതുടങ്ങിയിരുന്നു. കുന്നിന്റെ നെറുകയിൽ വച്ച് കാറിന് കേടുവന്നു. തികച്ചും വിജനമായ സ്ഥലം. മറ്റുമാർഗ്ഗങ്ങളില്ലാതെ താഴ്‌വാരത്തിലേക്ക് നടക്കുവാൻ ബാബു തീരുമാനിച്ചു. താഴേയ്ക്കു നടക്കുവാൻ തുടങ്ങുമ്പോൾ ഒരു കാർ വരുന്നത് ബാബു കണ്ടു. കാറിനു കൈ കാണിച്ചു. കാർ നിർത്തി. ഡോർ തുറന്ന് ബാബു കാറിൽ കയറി. കാർ മുന്നോട്ടു നീങ്ങി. പെട്ടെന്നാണ് ബാബു അത് ശ്രദ്ധിച്ചത്. ഡ്രൈവറുടെ സീറ്റിൽ ആളില്ല. കാറിന്റെ എഞ്ചിൻ പ്രവർത്തിക്കാതെയാണ് കാർ മുന്നോട്ടു നീങ്ങുന്നത്. ചുരങ്ങൾ ഓരോന്നായി താണ്ടി കാർ മുന്നോട്ടു നീങ്ങി. ബാബു ഭയപ്പെട്ട് കാറിനകത്തിരുന്നു. വേഗത കുറഞ്ഞപ്പോൾ ഡോർ തുറന്ന് ബാബു പുറത്തുചാടി. അടുത്തു കണ്ട തട്ടുകടയിൽ നിന്ന് ചായകുടിച്ചുകൊണ്ട് തന്റെ ഭീതിജനകമായ അനുഭവം അയാൾ വിവരിച്ചു. രണ്ടുപേർ അപ്പോൾ അവിടെ ചായ കുടിക്കാൻ എത്തി. എല്ലാം കേട്ടുകഴിഞ്ഞ അവർ പതുക്കെ ഇങ്ങനെ പറയുന്നത് ബാബു കേട്ടു. "ഈ പന്ന്യാന്ന് തോന്നണ് നമ്മള് പിന്നീന്ന് വണ്ടി ഉന്തി വരുമ്പോ കയറിയിട്ട് സുഗായിട്ട്, ഇരുന്ന് പോന്നത്. അല്ലേ ഡാ?". അത്യധികം നർമ്മത്തിൽ ചാലിച്ചാണ് ഈ കഥ എഴുതിയിരിക്കുന്നത്. അലൗകിക ലോകത്തിൽ നിന്നും സാധാരണ അവസ്ഥയിലേയ്ക്കുള്ള മടക്കം അത്ഭുതവും ആകാംക്ഷയും നിറഞ്ഞ രീതിയിലാണ് മാർഷൽ ചിത്രീകരിച്ചിരിക്കുന്നത്. ഈ കഥ വായനക്കാരെ ഏറെ ആഹ്ലാദിപ്പിക്കും.

മരണം എന്ന ഞെട്ടിക്കുന്ന സത്യത്തെ മുഖാമുഖം ദർശിക്കുന്നവന്റെ ഭ്രമിപ്പിക്കുന്ന സ്വപ്നങ്ങളാണ് എബ്രഹാം മാത്യു 'മഞ്ഞനിറമുള്ള കുതിര' എന്ന ചെറുകഥയിൽ അവതരിപ്പിക്കുന്നത്. പ്രതീകാത്മകവും ഒട്ടേറെ തനിമയുള്ള നിരീക്ഷണങ്ങളും കടന്നുവരുന്ന ഈ ചെറുകഥയിൽ ആന്തരികതയ്ക്ക് കൂടുതൽ ഊന്നൽ കൊടുത്തിട്ടുണ്ട് (കലാകൗമുദി മാർച്ച് ലക്കം).

മഞ്ഞനിറമുള്ള കുതിര വരുന്നു. ഈ കുതിരയെ എവിടെയാണ് കണ്ടതെന്ന് ഓർമ്മയില്ല. കാരെൻ ബ്രന്നറിന്റെ ഹോഴ്സ് പരമ്പര കുതിരകളിലാണോ അതോ വല്ല്യമ്മ പറഞ്ഞുതന്ന കുതിരക്കഥകളിലാണോ മഞ്ഞനിറമുള്ള കുതിരയെ കണ്ടതെന്ന് ഓർമ്മയില്ല. വൃത്തിയും വെടിപ്പുമുള്ള കുതിരകളാണ് വല്ല്യമ്മ പറഞ്ഞ കഥകളിലുള്ളത്. ഒറ്റക്കുതിരയെ കെട്ടിയ കുതിരവണ്ടിയിൽ സായിപ്പൻമാർ റബ്ബർക്കാടു

www.malankaralibrary.com

കൾ സന്ദർശിച്ചു. കുതിരയേക്കാൾ ശക്തനായിരുന്നു കുതിരവണ്ടിക്കാരൻ. സായിപ്പ് കുതിരവണ്ടിക്കാരനെ വെടിവെച്ചുകൊന്നു. മദാമ്മ കുതിരക്കാരനോട് ഇഷ്ടം കാണിച്ചതിനായിരുന്നു അത്. കുതിരക്കാരനെ റബ്ബർ മരക്കാട്ടിൽ കുഴിച്ചിട്ടു. പിന്നീട് ആ വഴി വരുന്ന കുതിരകൾ അവിടെ മറിഞ്ഞു വീണു. അല്ലെങ്കിൽ കുതിരകൾ അവിടെയെത്തുമ്പോൾ പെട്ടെന്നു നിന്നു. രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ മഞ്ഞനിറമുള്ള കുതിരകൾ വന്നുകൊണ്ടിരുന്നു. മഞ്ഞക്കുതിരയെത്തേടി റബ്ബർമരക്കാട്ടിൽ കുതിരക്കാരനെ അടക്കിയസ്ഥലത്ത് കഥാകൃത്ത് പോയിനിന്നു.

സർപ്പത്തിന്റേതുപോലുള്ള വാലും സിംഹത്തിന്റെ മുഖവുമുള്ള കുതിര അതാ മുന്നിൽ നിൽക്കുന്നു. കുതിര തന്റെ നേർക്കുവന്നു. കുതറിമാറാൻ ശ്രമിച്ചു. കിടയ്ക്കയ്ക്കരുകിൽ ഡ്രിപ്പ് തൂക്കിയിരുന്ന സ്റ്റാൻഡ് തട്ടിമറിഞ്ഞ് താഴെ വീണു. നേഴ്സ് ഓടി വന്നു. പ്രാർത്ഥിക്കുവാനും ശാന്തമായിരിക്കുവാനും പറഞ്ഞു. വേദപുസ്തകം വായിക്കാൻ കൊടുത്തു. കഥാനായകൻ ബൈബിൾ തുറന്ന് വായിച്ചു. “നാലാം മുദ്ര പൊട്ടിച്ചപ്പോൾ വരുക എന്ന് നാലാം ജീവി പറയുന്നതു കേട്ടു. അപ്പോൾ ഞാൻ മഞ്ഞനിറമുള്ള കുതിരയെ കണ്ടു. അതിന്മേൽ ഇരിക്കുന്നവന് മരണം എന്ന് പേര്. പാതാളം അവനെ പിന്തുടർന്നു.”

ബൈബിൾ ശൈലിയുടെ സ്വാധീനം ഈ ചെറുകഥയെ ഏറെ മനോഹരമാക്കുന്നു. വിവരണകല ബൈബിളിന്റേതു മാത്രമാണ്. ഒട്ടേറെ നിരീക്ഷണങ്ങൾ ഈ കഥയിൽ കടന്നു വരുന്നുണ്ട്. അവയിൽ ചിലത്.

“കുതിരകളും പക്ഷികളും എപ്പോഴും ആഹ്ലാദത്തിൽ ലയിക്കുന്നു. ആരേയും ഒന്നും ബോദ്ധ്യപ്പെടുത്തേണ്ടതില്ലാതെ സ്വന്തം വഴി തെരഞ്ഞെടുക്കുന്നതു കൊണ്ടാവാമിത്”. “മനുഷ്യന്റെ സ്വപ്നങ്ങൾക്ക് ചിറകുകൾ ഉയിർക്കുമ്പോൾ കുതിരകൾ ജന്മം കൊള്ളുന്നു.”

“നാലുകാര്യങ്ങൾ മറ്റു കാര്യങ്ങളേക്കാൾ മഹത്തരമാണെന്ന് റുഡ്യാഡ് കിപ്ലിങ് എഴുതിയതോർത്തു- സ്ത്രീകൾ, കുതിരകൾ, അധികാരം, യുദ്ധം”.

“മറ്റുമൃഗങ്ങൾ കാരണം ഉണ്ടെങ്കിൽ മാത്രം ഓടുമ്പോൾ കുതിരകൾ കാരണമില്ലാതെ ഓടിക്കൊണ്ടിരിക്കുന്നു. സ്വന്തം ശരീരത്തിൽ നിന്നും രക്ഷപെടാനെന്നപോലെ”യെന്ന് ടാഗൂർ. ജീവിതത്തിന്റെ ആഴങ്ങളെ സ്പർശിക്കുന്ന ഈവിധ നിരീക്ഷണങ്ങൾ ‘മഞ്ഞനിറമുള്ള കുതിര’യെ സൗന്ദര്യാനുഭവമാക്കുന്നു.

മനുഷ്യനിൽനിന്ന് ദൈവത്തിലേയ്ക്കുള്ള ദൂരം കുറയുന്നതിനെ നാം സംസ്ക്കാരമെന്നു വിളിക്കുന്നു. മനുഷ്യനിലെ കാടത്തങ്ങൾ സംസ്ക്കാരത്തിന്റെ പരിസരത്തും ഉണർന്നു വരാറുണ്ട്. മൃഗവാസനകളുടെ ബലത്തിൽ ഉയർന്നു വരുന്ന ഇരുകാലിമൃഗം മനുഷ്യനിലുണ്ടെന്ന് ചൂണ്ടിക്കാട്ടുന്ന ശക്തമായ ഒരു ചെറുകഥയാണ് സോക്രട്ടീസ്. കെ. വാലത്ത് എഴുതിയ ‘കവചിതം’ എന്ന കഥ (മാതൃഭൂമി ആഴ്ചപ്പതിപ്പ്. 2011 ഫെബ്രുവരി 26).

ഒരു കമ്മീഷണർ മാർസെയിൽ എന്ന അദ്ധ്യാപകനെ ചോദ്യം ചെയ്യുന്നു. അച്ഛൻ മകനെ കൊന്നതിന്റെ തെളിവെടുപ്പിന്റെ ഭാഗമായാണ് ചോദ്യം ചെയ്യൽ. മാംസവ്യാപാരിയായ റെയ്സറിനേക്കുറിച്ച് മകനായ ദിൽഷാദ് കഥകളെഴുതി. ആ കഥകൾ റെയ്സറിന്റെ ക്രൂരതകളെ പുറംലോകത്തെത്തിച്ചു. മാർസെയിൽ കഥകൾ വായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇളയച്ഛൻ അമ്മയെ കാമപൂർത്തിയ്ക്ക് ഇരയാക്കി കൊന്നതും മാംസവ്യാപാരത്തിൽ ചേർത്തതും ഗിൽഷാദിന്റെ കഥകളായി. ഗിൽഷാദ് എഴുതിയ മറ്റൊരു കഥയിൽ മൂർഖന്റെ വിഷമുള്ള കൊതുകുകൾ ഗ്രാമത്തെ ആക്രമിക്കുവാൻ വരുന്നതും പ്രതിരോധിക്കാൻ ഗ്രാമസഭ കമ്പി വലയിടുന്നതും അതിൽ അഴിമതി നടത്തിയ വിവരം റിപ്പോർട്ടു ചെയ്ത പത്രപ്രവർത്തകനെ ഇളയച്ഛൻ കൊന്നതും ഗിൽഷാദിന്റെ കഥകളിൽ വന്നിരുന്നു. റെയ്സർ മരക്കുറ്റിയെ പ്രസവിക്കുന്നതായിരുന്നു ഗിൽഷാദ് എഴുതിയ മറ്റൊരുകഥയിലെ വിഷയം. മാംസക്കച്ചവടക്കാരായ റെയ്സറും ഗിൽറോയും മൃതദേഹക്കച്ചവടം തുടങ്ങുന്നതായിരുന്നു മറ്റൊരു കഥയിലെ വിഷയം. ഗിൽറോ മാർസെയിലിന്റെ ഭാര്യയായ ഉമയ്നയെ ഭീഷണിപ്പെടുത്തി. കഥാനന്തരം മാർസെയിലിനെ മൃഗങ്ങൾ തിങ്ങി നിറഞ്ഞ വാഹനത്തിലേയ്ക്ക് എടുത്തെറിയുന്നതും അക്കൂട്ടത്തിൽ ഉമയ്നയെ കാണുന്നതുമാണ് കഥാന്ത്യം.

മനുഷ്യനിലെ മൃഗവാസനകളെ കണക്കറ്റ് പരിഹസിക്കുന്ന ഭ്രമാത്മകമായ തലമാണ് കഥയ്ക്കുള്ളത്. കഥയെഴുതുന്നവന് എന്നപോലെ കഥയെ പ്രോത്സാഹിപ്പിക്കുന്നവനും മൃഗങ്ങൾ എന്നപോലെ പരിഗണിക്കപ്പെട്ട് മരണത്തിന് വിധേയമാകുന്നു. സാഹിത്യം സത്യത്തിനു നേരെയുള്ള ധീരമായ പരീക്ഷണമാകുന്നുവെന്ന് കവചിതം എന്ന കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു. ■

www.malankaralibrary.com



# ഏകദിന സുൽത്താന്മാർ

ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
*മോറൽ തിയോളജി പ്രൊഫസർ, മംഗലപ്പുഴ*

അടുത്തുവരുന്ന തിരഞ്ഞെടുപ്പിനെ രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും അരാഷ്ട്രീയമേളയാക്കി മാറ്റികൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ തിരഞ്ഞെടുപ്പിൽ വിഷയമാകേണ്ട പ്രധാന ജനകീയ പ്രശ്നങ്ങൾ എന്തൊക്കെയാണ്?

ഇടതുകാലിലെ മന്ത് വലതുകാലിലേക്ക് മാറ്റുന്ന പരിപാടിയാണ് കേരളത്തിലെ തെരഞ്ഞെടുപ്പുകൾ എന്നു പറഞ്ഞാൽ അത് ഒരു അരാഷ്ട്രീയ വാദിയുടെ മുറുമുറുപ്പായേ ആദ്യം തോന്നൂ. എന്നാൽ നിയമസഭാ തെരഞ്ഞെ ടുപ്പിനെ തികച്ചും അരാഷ്ട്രീയമാക്കുന്ന നീക്കങ്ങളാണ് പൊതുരംഗത്ത് ഇന്ന് നടക്കുന്നത്. മുഖ്യധാരാ മാദ്ധ്യമങ്ങളും രാഷ്ട്രീയപാർട്ടികളും ഇതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ ദൃശ്യ- അച്ചടി മാദ്ധ്യമങ്ങൾ സർവ്വസന്നാഹങ്ങളുമായി പ്രായോഗിക രാഷ്ട്രീയത്തിന്റെ നടുക്കടലിൽ നങ്കൂരമുറപ്പിച്ചു കഴിഞ്ഞു. ഏതു വിനോദപരിപാടിയോടും കിടപിടിക്കുന്ന ഇനങ്ങളാണ് മാദ്ധ്യമങ്ങൾ തെരഞ്ഞെടുപ്പുരംഗത്തു നിന്നും വീശിപ്പിടിക്കുന്നത്. സെക്സും സ്റ്റണ്ടും വിലാപവും വീരസ്യവും കലർന്ന വിഭവങ്ങൾ ചൂടുപോകാതെ അവർ വിളമ്പിക്കൊണ്ടിരിക്കുന്നു. പക്ഷേ ഫലത്തിൽ ജനകീയ വിഷയങ്ങൾ തെരഞ്ഞെടുപ്പിൽ പാടെ അവഗണിക്കപ്പെടുന്നു.

ഇന്നാട്ടിലെ പ്രഖ്യാപിത രാഷ്ട്രീയമുന്നണികളും തെരഞ്ഞെടുപ്പിനെ ഒരു അരാഷ്ട്രീയ മേളയാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ പ്രശ്നങ്ങളേക്കാൾ നേതാക്കൾതന്നെ തെരഞ്ഞെടുപ്പുവിഷയമാകുന്ന ദുര്യോഗമാണിവിടെ സംഭവിക്കുന്നത്. ആരുവേണം ഭരണമെന്ന ശർക്കരക്കുടത്തിൽ കയ്യിടാൻ എന്നതാണ് പ്രധാന തർക്കവിഷയം. ജാതി, ഉപജാതി, സമുദായം, മതം, കുടുംബം എന്നിവ തെരഞ്ഞെടുപ്പുകളുടെ മാനദണ്ഡമാക്കുന്ന പാർട്ടികൾ ജനാധിപത്യപ്രക്രിയയുടെ രാഷ്ട്രീയസ്വഭാവത്തെ ഇല്ലാതാക്കുകയാണ്. ജനത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളും ആവശ്യങ്ങളും നേരിട്ട് അഭിസംബോധന ചെയ്യാത്ത തെരഞ്ഞെടുപ്പുകൾ അരാഷ്ട്രീയ മാമാങ്കങ്ങൾമാത്രമാണ്. എങ്കിലും ജനാധിപത്യ രാജ്യത്തെ പ്രജ താൻ 'ഏക് ദിൻ കാ സുൽത്താൻ' ആകുന്ന വോട്ടെടുപ്പുദിവസം ഒരു ജനാധിപത്യതിരുനാളുപോലെ ആസ്വദിക്കുന്നുണ്ട്. അത്തരം പ്രജകളാണ് വോട്ടിംഗ് ശതമാനത്തിന്റെ ഗ്രാഫ് പിടിച്ചു നിറുത്തുന്നത്.

അടുത്തുവരുന്ന തെരഞ്ഞെടുപ്പ് യഥാർത്ഥത്തിൽ ഒരു രാഷ്ട്രീയപ്രക്രിയ ആകണമെങ്കിൽ തെരഞ്ഞെടുപ്പ് നടക്കേണ്ടത് ജനങ്ങളെ നേരിട്ട് ബാധിക്കുന്ന അടിസ്ഥാന വിഷയങ്ങളുടെ പേരിലായിരിക്കണം. രാഷ്ട്രീയത്തിന്റെ പ്രാഥമികമായ അർത്ഥം ഒളിപ്പിച്ചുവച്ച് അതിന്റെ ഏറ്റവും ദുർബ്ബലമായ അർത്ഥം ആഘോഷിക്കുന്നവരുള്ള നാടാണ് നമ്മുടേത്. മീശവയ്ക്കുന്നതിന്റെ രാഷ്ട്രീയം, മുണ്ടുടുക്കുന്നതിന്റെ രാഷ്ട്രീയം എന്നൊക്കെ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നവരുണ്ടിവിടെ. ഈ സാഹചര്യത്തിൽ തെരഞ്ഞെടുപ്പിന്റെ

www.malankaralibrary.com



ശരിയായ രാഷ്ട്രീയസ്വഭാവം വീണ്ടെടുക്കാൻ ജനകീയ പ്രശ്നങ്ങൾ തെരഞ്ഞെടുപ്പുവിഷയങ്ങളാകണം. അത്തരത്തിൽ രാഷ്ട്രീയകക്ഷികളുടെ നയപരിപാടികൾ പരിഗണിക്കേണ്ട ഏതാനും പൊതുവിഷയങ്ങൾ ചൂണ്ടിക്കാണിക്കുകയാണിവിടെ.

## ജനകീയവിഷയങ്ങൾ

എല്ലാ രാഷ്ട്രീയകക്ഷികളും പറയാൻ മത്സരിക്കുന്ന വിഷയമാണ് വികസനം. മോഹമൂല്യമുണ്ട് വികസന വാഗ്ദാനത്തിന്. പക്ഷേ ആരുടെ വികസനം, ആരുടെ ചിലവിൽ തുടങ്ങിയ അസുഖകരമായ ചോദ്യങ്ങൾ മുന്നോട്ടു കയറിവരുന്നതോടെ വികസനമെന്നത് വെറുമൊരു മുദ്രാവാക്യം മാത്രമായി മാറുന്നു. വികസനത്തെക്കുറിച്ച് കാടടച്ചുള്ള വാഗ്ദാന വെടിവയ്പു മാത്രം പോര. ഇന്നത്തെ മനുഷ്യരുടെ അടിസ്ഥാന പ്രശ്നങ്ങൾ വ്യക്തമായി പരിഗണിക്കപ്പെടണം.

## കൃഷിയും ഭക്ഷ്യസുരക്ഷയും

കേരളത്തിൽ കൃഷിഭൂമി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. ഭക്ഷ്യവസ്തുക്കൾക്ക് അന്യസംസ്ഥാനങ്ങളെ നമുക്ക് ആശ്രയിക്കേണ്ടിവരുന്നു. ലഭ്യമാകുന്നതോ കൊടിയ വിഷംകലർന്ന വസ്തുക്കളും. ഭക്ഷ്യസുരക്ഷാക്കാര്യത്തിൽ എന്തുചെയ്യാൻ പറ്റുമെന്ന് ഭരണത്തിലേറാൻ വെമ്പുന്ന പാർട്ടികൾ വ്യക്തമാക്കേണ്ടതുണ്ട്. തമിഴ്നാട്ടിൽ നിന്നും ആന്ധ്രാപ്രദേശിൽ നിന്നും ലോറികൾ വരും എന്നുപറയാൻ മാത്രം എന്തിനാണ് കേരളത്തിലൊരു സർക്കാർ? കേന്ദ്രസർക്കാരിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ ഉറപ്പിൽ പാവപ്പെട്ടവരുടെ കഞ്ഞികുടി കേരളത്തിലെ ഭരണകൂടങ്ങൾക്ക് അവഗണിക്കാവുന്ന വിഷയമായി മാറുന്നില്ല.

## അഴിമതിവിരുദ്ധത

അഴിമതിവാർത്തകൾകൊണ്ട് മുഖരിതമാണ് നമ്മുടെ പൊതുരംഗം. കോടതികൾവരെ അഴിമതിക്ക് അടിപ്പെടുന്നു എന്നാണ് വാർത്തകളും സൂചനകളും. പൊതുവേ രാഷ്ട്രീയമാകട്ടെ അഴിമതിയുടെ പര്യായമായി മാറുന്ന സ്ഥിതിയിലാണ്. സ്വന്തം കക്ഷിയിലെ അഴിമതിക്കാരെ സംരക്ഷിക്കണം; കൂടാതെ എതിർകക്ഷികളിലെ അഴിമതിക്കാരെയും മൂടിവച്ചു സംരക്ഷിക്കണം. ചില്ലറ അഴിമതിയാരോപണങ്ങൾ അങ്ങോട്ടു മിങ്ങോട്ടും ഉന്നയിച്ചാലായി. രാഷ്ട്രീയ എതിരാളികൾ ഒത്തുചേരുന്ന വിചിത്രമായ ഒരു സഹകരണ പ്രസ്ഥാനം. ഒരു മുൻമന്ത്രി അടുത്തയിടെ ജയിലിലായതാണ് ഇതിനുള്ള ഏക അപവാദം. പൊതുപണവും സർക്കാർസ്ഥലവും ജോലികളും ആനുകൂല്യങ്ങളും അനർഹമായി കീശയിലാക്കുന്നവർക്കെതിരെ എന്തു ചെയ്യാനുണ്ട് എന്നതാണ് തെരഞ്ഞെടുപ്പിലെ നിർണ്ണായകമായ ചോദ്യം. കണ്ണിലെ കരടായ എതിരാളികളുടെ അഴിമതി കോടതിയിലെത്തിക്കുകയും വേണ്ടപ്പെട്ടവരുടെ അഴിമതികൾ മൂടിവക്കുകയും ചെയ്യുന്ന ഭരണനീതിയല്ല ജനങ്ങൾ അർഹിക്കുന്നത്. രാഷ്ട്രീയപാർട്ടികളുടെ അഴിമതിവിരുദ്ധത തെരഞ്ഞെടുപ്പു വിഷയമായേ മതിയാകൂ.

## സന്തുലിത വികസനം

സ്മാർട്ട് സിറ്റി, ക്രിക്കറ്റ് സ്റ്റേഡിയം, അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, എക്സ്പ്രസ്സ് ഹൈവേകൾ, ടൂറിസം വളർച്ച എന്നീ വികസനമുദ്രകൾവച്ച് രാഷ്ട്രീയമുന്നണികൾ കേരളത്തിലെ ജനങ്ങളെ കൊതിപ്പിക്കാനും ഭയപ്പെടുത്താനും തുടങ്ങിയിട്ട് കുറേക്കാല

www.malankaralibrary.com

മായി. ഇവയൊക്കെ വേണം. പക്ഷേ ഇതുമാത്രം പോര. കൊച്ചിയിൽ സ്മാർട്ട്സിറ്റിമാത്രം പോര, കുടിവെള്ളവും കിട്ടണം. അവിടവിടെ വിമാനത്താവളങ്ങൾ ഉണ്ടാകട്ടെ; പക്ഷേ കേരളത്തിലെ ഉൾപ്രദേശങ്ങളിൽ റോഡുവേണം; ഇന്നാട്ടിൽ റയിൽവേയുടെ വികസനവും നടക്കണം. സന്തുലിതമല്ലാത്ത വികസനം സാമൂഹികമായ ആപത്തുകൾ വിളിച്ചുവരുത്തും.

## പരിസ്ഥിതി സംരക്ഷണം

അനുദിനം വിഷമയവും ദുർബ്ബലവുമായിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥയാണ് നമ്മുടേത്. മാലിന്യം കുമിയുന്ന പട്ടണങ്ങൾ, ദുർലഭമായിക്കൊണ്ടിരിക്കുന്ന ശുദ്ധജലം, അതിവേഗം നശിച്ചുകൊണ്ടിരിക്കുന്ന വനങ്ങൾ, ഗുണമേന്മ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മണ്ണ്, വരണ്ടുണങ്ങുന്ന പുഴകൾ... ഇവയൊന്നും സംരക്ഷിക്കാതെ നമുക്ക് അതിജീവനമില്ല. ക്യാൻസർ രോഗികളുടെ എണ്ണപ്പെരുപ്പം പരിസ്ഥിതി നാശത്തിന്റെ ഒരു സൂചനയാണ്. ക്യാൻസർ രോഗികൾക്ക് ട്രെയിനിൽ സൗജന്യനിരക്ക് അനുവദിച്ചാൽ തീരുന്നതല്ല സർക്കാരിന്റെ ഈ രംഗത്തെ കടമകൾ. പ്രകൃതിയെ വിലപ്പെട്ട സമ്പത്തായി മാനിച്ച് വികസന പരിപാടികൾ ക്രമീകരിക്കണം ഭരണകൂടം. അതിനുള്ള നയപരിപാടികളാണ് തെരഞ്ഞെടുപ്പിൽ ജനങ്ങൾക്ക് മുമ്പാകെ വയ്ക്കേണ്ടത്.

## ബദൽ രാഷ്ട്രീയം

പരമ്പരാഗത രാഷ്ട്രീയസംവിധാനങ്ങളും മുന്നണികളും ജനകീയ വിഷയങ്ങളെ അവഗണിച്ചാൽ ജനങ്ങൾ ബദൽ രാഷ്ട്രീയം രൂപപ്പെടുത്തും. രാഷ്ട്രീയ കക്ഷികളുടെ തണൽക്കുടയ്ക്ക് പുറത്ത് വളരുന്ന ജനകീയ സമരങ്ങളാണ് അതിന്റെ ആദ്യപടി. കേരളത്തിൽ അത്തരം സമരങ്ങൾ പലതും ഉയർന്നുവന്നിട്ടുണ്ട്. പ്ലാച്ചിമട, മുത്തങ്ങ, ചെങ്ങറ, മൂലമ്പിള്ളി സമരങ്ങൾ; എക്സ്പ്രസ്‌വേ, കരിമണൽ ഖനനം, എൻഡോ സൾഫാൻ, ദേശീയപാത സ്വകാര്യവല്ക്കരണ വിരുദ്ധസമരങ്ങൾ... ഇവയൊക്കെ ജീവിക്കാൻ വേണ്ടിയുള്ള സമരങ്ങളാണ്; ഭരണകൂടത്തിന്റെ ഔദാര്യം തേടുന്ന അനുഷ്ഠാനസമരങ്ങളല്ലവ. അതിജീവനത്തിനുവേണ്ടിയുള്ള ഇത്തരം ജനകീയ രാഷ്ട്രീയനീക്കങ്ങളെ അധികാരം ലക്ഷ്യമാക്കി പായുന്ന മുന്നണികൾ അവഗണിക്കുന്നത് സ്വയംനശീകരണക്ഷമമാണ്.

ജനകീയ സമരങ്ങൾ പാടേ അവഗണിക്കപ്പെട്ടാലോ? അത് തീവ്രവാദമായും അട്ടിമറിപ്രസ്ഥാനങ്ങളായും രൂപം മാറും. നീതിചെയ്യാതെ പട്ടാളത്തെ ഇറക്കിയാലൊന്നും അവയെ അടിച്ചമർത്താൻ കഴിയുകയില്ല. ഇന്ത്യയിലെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ഉദാഹരണങ്ങൾ വേണ്ടുവോളമുണ്ട്. മരണമല്ലാതെ മറ്റൊരു മാർഗ്ഗവും മുന്നിലില്ലാത്ത ജനത ഭരണകൂടങ്ങൾക്കെതിരെ ആയുധമെടുക്കുന്നതിന് ഉദാഹരണങ്ങൾ ടുണീഷ്യയിലും ഈജിപ്തിലും ലിബിയയിലും നിലവിലുണ്ട്.

## സഭയുടെ രാഷ്ട്രീയം

ഏതെങ്കിലും മുന്നണിയുടെയോ കക്ഷിയുടെയോ സങ്കുചിത രാഷ്ട്രീയത്തിനതീതമാണ്, അങ്ങനെയായിരിക്കണം, സഭയുടെ രാഷ്ട്രീയപക്ഷം. പൊതുനന്മയും നീതിസംരക്ഷണവും ഏറ്റവും ദുർബ്ബലവിഭാഗങ്ങളുടെ ഉന്നമനവും ലക്ഷ്യംവയ്ക്കുന്ന രാഷ്ട്രീയമായ പക്ഷം ചേരലാണത്. രാഷ്ട്രീയത്തിന്റെ ജനകീയപരിവേഷം നിലനിറുത്തുകയും എന്നാൽ അതിനെ ജനവിരുദ്ധമാക്കി ചലിപ്പിക്കുകയും ചെയ്യുന്ന കൗശലമാണ് ഇപ്പോൾ നടക്കുന്നത്. രാഷ്ട്രീയപര്യടനത്തിനിടക്ക് ദരിദ്രന്റെ കൂരയിൽ അന്തിയുറങ്ങുകയും അവന്റെ പാത്രത്തിൽനിന്ന് ഭക്ഷിക്കുകയും ചെയ്തിട്ട് അവർക്കെതിരായുള്ള നയതീരുമാനങ്ങൾ എടുക്കുന്ന ശൈലിയാണിത്. രാഷ്ട്രീയത്തെ അരാഷ്ട്രീയമാക്കുന്ന ഇത്തരം ജനവിരുദ്ധ നീക്കങ്ങളെ പ്രതിരോധിക്കുന്നതും തുറന്നുകാട്ടുന്നതുമാകണം സഭയുടെ ഒന്നാമത്തെ രാഷ്ട്രീയ പ്രവർത്തനം. ഇതിന്റെ അനിവാര്യമായ ഭാവാത്മകഭാഗമാണ് പ്രാദേശികമായ ജനകീയ ആവശ്യങ്ങൾ തെരഞ്ഞെടുപ്പു വിഷയമാക്കുക എന്നതും. ഇങ്ങനെയുള്ള സഭ എല്ലാവരുടേതുമാകും; ഒരു സമുദായത്തിന്റേതുമാത്രമായിരിക്കുകയില്ല. ■



**ഡോ. മാത്യു ഇല്ലത്തുപറമ്പിൽ**

അറിയപ്പെടുന്ന മോറൽ തിയോളജിയൻ. ആലുവ മംഗലപ്പുഴ സെമിനാരിയിലെ പ്രൊഫസർ. വിവിധ സെമിനാരികളിലും പഠിപ്പിക്കുന്നു.

www.malankaralibrary.com



# മുക്കുവന്റെ കൂടാരത്തിലേക്ക്

ജാസ്മിൻ ജേക്കബ്

കൊച്ചി നഗരത്തിലെ രണ്ടായിരത്തോളം അനാഥ ബാല്യങ്ങൾക്ക് താങ്ങും തണലുമായിത്തീർന്ന ബ്ര.മാവൂരൂസെന്ന നിശ്ശബ്ദസഞ്ചാരിയുടെ ജീവിതത്തിലേയ്ക്ക്...

ഒരു ശനിയാഴ്ച സമയം. രാവിലെ ഒൻപതുമണി. എറണാകുളം കടവന്ത്രയിൽ ഗാന്ധിനഗർ കോളനിയിലെ 605-ാം നമ്പർ വീട്. വീടിന്റെ മുന്നിലെ ബോർഡ് കൗതുകമുണർത്തി. "മുക്കുവന്റെ കൂടാരം".

കയറിച്ചെന്നപ്പോൾ 70 വയസ് പ്രായമുള്ള ഒരു വൃദ്ധനും, ഇരുപത്തഞ്ചോളം കുട്ടികളും കണ്ണടച്ചു പ്രാർത്ഥിക്കുകയാണ്. അതിൽ രണ്ടുവയസ്സുകാരി മുതൽ ബി.കോം മൂന്നാം വർഷ വിദ്യാർത്ഥിവരെയുണ്ട്. ഓരോരുത്തരും തങ്ങളുടെ കൊച്ചുപ്രാർത്ഥനകൾ ഉരുവിടുകയാണ്. 10 വയസ്സുകാരൻ രാജീവിന്റെ ഊഴമെത്തി:

"യേശുവേ, എല്ലാ ദിവസവും രാവിലെ അമ്പലത്തിൽ പൊയ്ക്കൊള്ളാമെന്ന് പലതവണ ഞാൻ നിനക്ക് വാക്കുതന്നുവെങ്കിലും എന്റെ മടി അതിന് തടസ്സമായി നിൽക്കുന്നു. എന്റെ മടി മാറ്റി എന്നെ നല്ല കുട്ടിയാക്കണമെന്ന് അങ്ങയോട് ഞാനപേക്ഷിക്കുന്നു".

കഴിഞ്ഞ 26 വർഷമായി ചേരിനിവാസികളുടെ സുഖദുഃഖങ്ങൾ അനുഭവിച്ചറിഞ്ഞ്, അവരിലൊരാളായി ജീവിക്കുന്ന ബ്ര. മാവൂരൂസാണ് പ്രാർത്ഥനാഗ്രൂപ്പിന്റെ നേതാവായ വൃദ്ധൻ.

ചേരികളിലെ ഇരുളറകളിലേയ്ക്ക് സ്നേഹതീർത്ഥാടനം നടത്തുന്ന ഈ സഞ്ചാരി തെരുവിന്റെ മക്കൾക്കായി ആരംഭിച്ച ആശ്രയഭവൻ ഇന്ന് കൊച്ചിൻ കോർപ്പറേഷൻ അംഗീകരിച്ചിരിക്കുന്ന പ്രാർത്ഥനാലയമാണ്. ഗാന്ധിനഗറിലെ ചേരിനിവാസികളായ നാനാജാതിമതസ്ഥർ ദിവസേന ആശ്രയഭവനിൽ ഒത്തുചേരുന്നു.

"എല്ലാ ദിവസവും വൈകുന്നേരം ഇവിടെ പ്രാർത്ഥനയുണ്ട്. ശനിയാഴ്ച ദിവസങ്ങളിൽ രാവിലെ ഒൻപതുമണിമുതൽ പതിനൊന്നുമണിവരെ ഞങ്ങളിവിടെ ഒരുമിച്ചു ചേർന്നു പ്രാർത്ഥിക്കും. വിശേഷങ്ങൾ പങ്കുവയ്ക്കും. ആറുമണിയ്ക്കുള്ള ജപമാല പ്രാർത്ഥനയിൽ ഞങ്ങളുടെ വീട്ടിലെ മുതിർന്നവരെല്ലാം പങ്കെടുക്കും". – പ്രാർത്ഥനയ്ക്കുശേഷം ഭക്ഷണപൊതികൾ വിതരണം ചെയ്യുന്നതിനിടെ ഒൻപതാം ക്ലാസുകാരി മുത്തുലക്ഷ്മി പറഞ്ഞു.

39 വർഷങ്ങൾക്കുമുമ്പുള്ള ഒരു സായാഹ്നം. കളമശ്ശേരി രാജഗിരിയിലെ പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും നടക്കാനിറങ്ങിയതായിരുന്നു ബ്ര. മാവൂരൂസ്. നടന്നു നടന്ന് അദ്ദേഹം എറണാകുളം സൗത്ത് റെയിൽവേസ്റ്റേഷന്റെ അടുത്തെത്തി. റെയിൽവേസ്റ്റേഷൻ പരിസരത്തെ വെയ്സ്റ്റ് പാത്രത്തിനുചുറ്റും കുറെ കുട്ടികൾ എച്ചിൽ വാരിവലിച്ചു കഴിക്കുന്നു. പൊതികളിലെ എല്ലുകളിൽ അവശേഷിച്ചിരിക്കുന്ന മാംസക്കഷ്ണങ്ങൾ കൂട്ടത്തിലെ കുഞ്ഞുങ്ങൾക്ക് അവർ മാറ്റിവച്ചു കൊടുക്കുന്നു.

മാവൂരൂസിന്റെയുള്ളിൽ ഒരു ചോദ്യമുണർന്നു. "മാവൂരൂസേ, നീ സ്വർഗ്ഗത്തിൽ പോകാൻ നല്ലപോലെ ഭക്ഷണം കഴിച്ചും വസ്ത്രം ധരിച്ചും സുരക്ഷിതനായി നടക്കുന്നു. ഈ മക്കൾ എവിടെ പോകാനുള്ള



www.malayalamlibrary.com

വരാണ്?"

തുടർന്നുള്ള എല്ലാ ദിവസവും മാവൂരൂസ് സഞ്ചരിച്ചു. എറണാകുളം നഗരത്തിലെ ഓരോ മുക്കും മൂലയും അദ്ദേഹം അരിച്ചുപെറുക്കി. നിരാലംബരായ കുഞ്ഞുങ്ങളെ കൈകൊട്ടി വിളിച്ചു, കുളിപ്പിച്ചു, ഭക്ഷണം നൽകി, പ്രാർത്ഥിക്കാൻ പഠിപ്പിച്ചു, അനാഥാലയങ്ങളിൽ പാർപ്പിച്ചു. അവർക്ക് പേരും വീട്ടുപേരും നൽകി. അതും സ്വന്തം കുടുംബപേര്! സന്തോഷ് മാളിയേക്കൽ, സാം മാളിയേക്കൽ, ബാലുഗണേഷ് മാളിയേക്കൽ എന്നിങ്ങനെ...

സ്നേഹസേനയെന്ന പുസ്തകത്തിന്റെ ഒരു പതിപ്പുമായി ഓടിവരികയാണ് അഞ്ചു വയസ്സുകാരിയായ അഞ്ജലി. ആ പുസ്തകം തുറന്നുകാട്ടി അവൾ പറഞ്ഞു": "ഈ അച്ചൻ ഞാൻ വരച്ച പടം ഈ പുസ്തകത്തിന് അയച്ചുകൊടുത്തു. ഇതാ എന്റെ പടം ഈ പുസ്തകത്തിൽ വന്നു!"

ആശ്രയഭവനിൽ എത്തുന്ന ഓരോ കുട്ടിയേയും പേരുചൊല്ലി വിളിക്കുകമാത്രമല്ല, അവരുടെ ഓരോരുത്തരുടെയും കുടുംബസാഹചര്യങ്ങൾ, ആവശ്യങ്ങൾ എന്നിവയെല്ലാം അച്ചനെന്ന് അവർ വിളിക്കുന്ന ബ്രദർ മാവൂരൂസിനറിയാം. ഒന്നോ രണ്ടോ ദിവസം കണ്ടില്ലെങ്കിൽ അന്വേഷിച്ച് വീട്ടിൽ ചെല്ലും.

'ബ്രദറേ, കംപ്യൂട്ടർ ക്ലാസ് എന്നാണ് തുടങ്ങുന്നത്?"- അഞ്ചാം ക്ലാസുകാരൻ അരുണിന്റെ അന്വേഷണം.

"ആദ്യകാലത്തെ ശുഷ്ക്കാന്തി മാത്രം പോരാ, കൃത്യമായി ക്ലാസിൽ വന്നേക്കണം"- ബ്രദർ അവനെ ഓർമ്മിപ്പിച്ചു.

പാവപ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്ന ഗാന്ധിനഗറിൽ 26 വർഷങ്ങൾക്കുമുമ്പാണ് ബ്രദർ എത്തുന്നത്. അന്ന് പോലീസ് റെക്കോർഡുകളിൽ പേരു കേട്ട ഈ സ്ഥലം ഇന്നാകെ മാറിയിരിക്കുന്നു. വിളിപ്പേരുകളിൽ അറിയപ്പെട്ടിരുന്ന പലപ്രദേശങ്ങൾക്കും ബ്രദർ തനതായ അഡ്രസ് ഉണ്ടാക്കിക്കൊടുത്തു. ഗാന്ധിനഗറിലെ അന്ധകാരക്കോളനിയെ ഉദയാക്കോളനിയാക്കി. പി ആൻഡ് ടി കോളനിയിൽ നൂറുകണക്കിന് വീടുകൾ പണിതു നൽകി സ്നേഹനഗറാക്കി. ചേമ്പുക്കോളനിയെ പുഷ്പനഗറും തണ്ണിക്കോളനിയെ കൃപാനഗറുമാക്കി മാറ്റി.

പ്രദേശങ്ങൾക്കുവന്ന മാറ്റത്തെക്കാളുപരിയായിരുന്നു വ്യക്തികളിൽ വന്നമാറ്റം. കടവന്ത്രയിൽ ഓട്ടോഡ്രൈവറായ മുരുകൻ, ബ്രദറിൽ നിന്നും പ്രചോദനം സ്വീകരിച്ച് 5000-ത്തോളം തെരുവുജീവിതങ്ങൾക്ക് പ്രതീക്ഷയുടെ പച്ചപ്പായിത്തീർന്നിരിക്കുന്നു.

കണ്ടുമുട്ടുമ്പോൾ മുരുകൻ നൂറോളം അനാഥബാല്യങ്ങൾക്ക് ചോറുവിളമ്പുകയായിരുന്നു. അതിനിടയിൽ മുരുകൻ പറഞ്ഞു: "1993ലെ ഒരു ദിവസം എറണാകുളം ഓവൻ ബേക്കറിക്ക് മുന്നിലൊരു ചവറുകൂനയിൽ തെരുവുകുട്ടികൾക്കൊപ്പം എച്ചിൽ കഷ്ണങ്ങൾക്കായി കടിപിടികൂടുന്നതിനിടയിലാണ് 'മിഠായി അച്ചൻ' എന്റെ ജീവിതത്തിലേക്ക് കടന്നുവന്നത്. തെരുവിലെ അഴുക്കുചാലിൽ നിന്ന് എന്നെ കൈപിടിച്ചുയർത്തി 'സ്നേഹഭവനി'ലെത്തിച്ചു.

www.malankaralibrary.com

പിന്നീട് അച്ചനായിരുന്നു എനിക്കെല്ലാം. അച്ചന്റെ ജീവിതം മാതൃകയാക്കി ഞാനും എനിക്കാവുന്ന നന്മ പ്രവൃത്തികൾ ചെയ്തുവരുന്നു. അതിപ്പോൾ തെരുവോര പ്രവർത്തക അസോസിയേഷൻ എന്ന സംഘടനയിൽ എത്തിനിൽക്കുന്നു.

1936-ഏപ്രിൽ 26ന് തൃശ്ശൂർ മാളയ്ക്കടുത്ത് അമ്പഴക്കാട് ജനിച്ച ബ്ര. മാവുരൂസ് 1953-ൽ സി. എം. ഐ സഭയിൽ ചേർന്നു. മുത്തോലി, പുളിങ്കുന്ന്, ദേവഗിരി, രാജഗിരി, ആലുവ എന്നിവിടങ്ങളിൽ 45 വർഷത്തോളം സേവനമനുഷ്ഠിച്ചു. തുടർന്ന് സന്യാസത്തിന്റെ സുരക്ഷിതത്വമാർന്ന വേലിക്കെട്ടുകൾ വിട്ട് ചേരികളിലെ അഴുക്കുപുരണ്ട ജീവിതങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നു; അവരിലൊരാളായി.

പതിനേഴാം വയസ്സിൽ സി. എം. ഐ സഭയിൽ ചേർന്നതിനെക്കുറിച്ച് മാവുരൂസ് പറയുന്നു: "അമ്പഴക്കാട് കൊവേന്തയുടെ അടുത്തായിരുന്നു എന്റെ വീട്. അന്നൊരു ദിവസം മാള പള്ളിയിൽ അമ്പ് തിരുന്നാൾ. തിരുന്നാളാഘോഷത്തിന് കൂട്ടുകാരോടൊത്തു പോകാൻ ഒരുങ്ങുമ്പോൾ അമ്മ പറഞ്ഞു: മോനേ, കൊച്ചാഗസ്തി, നമുക്കൊരുമിച്ച് പോകാമെന്ന്. അത് കേൾക്കാതെ ഞാൻ പോയി- വെടിക്കെട്ട് കാണാൻ. തിരുന്നാൾ സ്ഥലത്ത് ചെന്ന് ഏതാനും നിമിഷങ്ങൾ കഴിഞ്ഞു. പെട്ടെന്നായിരുന്നു ഒരു പൊട്ടിത്തെറി. എന്റെ ഇടത്തെ കണ്ണിൽ എന്തോ ആഞ്ഞുതറച്ചു. ബോധം വന്നപ്പോൾ ഞാൻ ആശുപത്രിയിലാണ്. കരഞ്ഞുകലങ്ങിയ കണ്ണുകളുമായി അമ്മ അടുത്തിരിപ്പുണ്ട്. മുറിവ് ഉണങ്ങി കണ്ണുതുറന്നപ്പോഴാണ് ഞാൻ ആ യാഥാർത്ഥ്യം തിരിച്ചറിഞ്ഞത്. എന്റെ ഒരു കണ്ണിനേ കാഴ്ചയുള്ളൂ. അതേത്തുടർന്ന് എന്റെ പഠനം മുടങ്ങി. ആ അവസരത്തിലാണ് ബാല്യത്തിലുണ്ടായിരുന്ന സന്യാസതാത്പര്യം ചിറകുവിരിച്ചത്."

ഇന്ത്യയിലെ തെരുവുകളെ അടുത്തറിയുവാനും, വിശുദ്ധീകരിക്കുവാനും, അഗതികളെ സംരക്ഷിക്കുവാനും സമൂഹത്തിന് പ്രചോദനമേകാൻ ബ്രദർ 2003-ൽ എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലേയ്ക്കും പ്രാർത്ഥനാ തീർത്ഥാടനം നടത്തി. ഇന്ത്യൻ തലസ്ഥാനമായ ന്യൂഡൽഹിയിലടക്കം ബ്രദറിൽ നിന്നു പ്രചോദനം സ്വീകരിച്ച അനേകർ തെരുവോരങ്ങളിൽ സ്നേഹശുശ്രൂഷകൾ ചെയ്യുന്നു. ദയാനിലയം (നെടുങ്കണ്ടം), ആശ്വാസാലയം (ആലുവ), വിറ്റസ്കാൻ സെന്റർ (എറണാകുളം), അസ്സീസി ഗ്രാമം (അഗളി, പാലക്കാട്), സുഹൃത് ഭവൻ (കണ്ണിയപുറം, ഒറ്റപ്പാലം), എന്നിങ്ങനെ ബ്ര. മാവുരൂസിന്റെ പ്രവർത്തനങ്ങൾ വഴി സ്നേഹ സുഗന്ധം വീശുന്ന പ്രസ്ഥാനങ്ങളും, വ്യക്തികളും നിരവധിയാണ്.

ആശ്രയഭവനിൽ പ്രാർത്ഥനയ്ക്കായി ഒരുമിച്ചു ചേരുന്ന കുഞ്ഞുങ്ങൾക്ക് ഭക്ഷണം നല്കുന്നവരിൽ പ്രധാനിയായ സാബു ജോസിന്റെ ജീവിതത്തിലും ചാലകശക്തിയായി മാറിയത് ബ്ര. മാവുരൂസാണ്.

"വർഷങ്ങൾക്കുമുമ്പ് ബ്ര. മാവുരൂസിനെക്കുറിച്ച് ഞാൻ വായിച്ചറിഞ്ഞിരുന്നു. പിന്നീട് പരിചയപ്പെടുവാനും, ഒരുമിച്ചു പ്രവർത്തിക്കുവാനും, പ്രാർത്ഥിക്കുവാനും സാഹചര്യങ്ങൾ ലഭിച്ചു. ആശ്രയഭവനത്തിൽ ശനിയാഴ്ചയുള്ള പ്രാർത്ഥനകളിൽ ഞാനും, ഭാര്യയും, മക്കളും പങ്കെടുക്കാറുണ്ട്."

"ജീവകാരുണ്യപ്രവർത്തനങ്ങൾ തുടങ്ങുവാൻ എനിക്കും കുടുംബത്തിനും ബ്ര.മാവുരൂസിന്റെ ജീവിതശൈലി പ്രേരകമായി." തെരുവുകളെ സ്നേഹിക്കുക, അഗതികളെ സംരക്ഷിക്കുക എന്ന ആശയവുമായി പ്രവർത്തിക്കുന്ന 'ലൗ & കെയർ' കൂട്ടായ്മയുടെ കോ-ഓർഡിനേറ്റർ കൂടിയായ സാബു ജോസ് പങ്കുവച്ചു.

ബ്ര. മാവുരൂസെന്ന തണൽവൃക്ഷത്തിനു കീഴിൽ ഇതിനോടകം 2000 ത്തോളം അനാഥർ അഭയംതേടി എത്തിയിട്ടുണ്ട്. അവരെയെല്ലാം അദ്ദേഹം പുനരധിവസിപ്പിച്ചു. ക്ഷേമങ്ങൾ അന്വേഷിച്ചു. തന്റെ വളർത്തുമക്കളെ നല്ല ജീവിതാന്തസ്സുകളിൽ എത്തിക്കുന്നതിലും അദ്ദേഹം ജാഗരൂകനാണ്.

ബ്രദേഴ്സ് ഓഫ് ലൗ ആന്റ് സർവ്വീസസ്, സിസ്റ്റേഴ് സ് ഓഫ് ലൗ ആന്റ് സർവ്വീസസ് എന്നീ സ്നേഹ സംഘടനകൾക്കും ബ്രദർ ആരംഭംകുറിച്ചു. ഈ സംഘടനകളെക്കുറിച്ചു ചോദിക്കുമ്പോൾ ബ്രദർ പറയും, "നന്മ ചെയ്യാൻ ഉദ്ദേശിക്കുന്നവരെല്ലാം ഇതിലെ അംഗങ്ങളാണ്".


ലോകത്തിലെ ഓരോ നഗരത്തിലും ഗ്രാമത്തിലും ഒരു ബ്രദർ മാവുരൂസ് ഉണ്ടായിരുന്നെങ്കിൽ എന്ന് അദ്ദേഹത്തെ ഒരിക്കലെങ്കിലും കണ്ടിട്ടുള്ളവർ അറിയാതെ ആഗ്രഹിച്ചുപോകും. 75-ാം ജന്മ ദിനത്തിന്റെ മാധുര്യം നുണയുന്ന ഈ ക്രിസ്തുശിഷ്യൻ തനിക്കുള്ളതെല്ലാം പാവങ്ങൾക്ക് ദാനമായി നല്കി, മരണശേഷം സ്വന്തം ശരീരംപോലും!

തിരിച്ചിറങ്ങിയപ്പോൾ മുറിയുടെ മുന്നിലെ വാചകം മനസ്സിൽകൊണ്ടു: "നീ എന്തിന് വന്നിരിക്കുന്നു?". ■

www.malankaralibrary.com

# ഇത്തിരിവെട്ടം

## മാക്കിച്ചൻ




വില : ₹ 35

പ്രസാദകർ:
മെറിറ്റ് ബുക്സ്
പേജ് : 56

മാക്കിച്ചൻ എഴുതിയ **ഇത്തിരിവെട്ടം** അവനവനോടുള്ള സംസാരശകലങ്ങളുടെ സമാഹരമാണ്. ചിരിമുതൽ ജീവിതമെന്ന മൂന്നക്ഷരം വരെയുള്ള നൂറ്റിയേഴു ചെറുചിന്തകളാണ് ഇതിലുള്ളത്. ഓർമ്മ,ആശ, മറവി, ദു:ഖം, വേദന, സന്തോഷം, വേർപാട്, ക്ഷമ, കണ്ണീര്, ഈശ്വരൻ, സുകൃതം, സ്നേഹം, സ്വപ്നം, നന്ദി എന്നിങ്ങനെയുള്ള ചെറിയ കാര്യങ്ങളുടെ വലിപ്പം ബോധ്യപ്പെടുത്തുന്ന വിചാരങ്ങളാണ് ഗ്രന്ഥകാരനുള്ളത്. നാലോ അഞ്ചോ ആറോ വരികളിൽ ഒതുങ്ങുന്ന പദ്യരൂപത്തിലാണ് ഓരോന്നും വാർന്നുവീഴുന്നത്. തൊട്ടുപിന്നാലേ അതേക്കുറിച്ചുള്ള വിശദീകരണമോ വിചിന്തനമോ എന്ന മട്ടിലുള്ള ആഖ്യാനം. ജീവിതവിചിന്തനത്തിനും പ്രഘോഷണത്തിനും സഹായകമാകുന്ന ഒരു ചെറുഗ്രന്ഥം.

www.malankaralibrary.com

March 2011 / Karunikan Monthly RNI No. KERMAL/2007/19623 Postal Reg. No. KL/ALY/0010/2010-12
Licence No. KL/CR/ALY/WPP-02/2010-12 Licensed to Post Without Prepayment


# കാരുണ്യകിരണങ്ങൾ

## ഇമ്മാനുവേൽ ലെവിനാസിന്റെ മനുഷ്യദർശനം

എഡിറ്റർ

**ജോർജ്ജ് തേറുകാട്ടിൽ**

അപരനെക്കുറിച്ച് മനസ്സിലാക്കുവാനും ധ്യാനിക്കാനും മറ്റുള്ളവരെ പഠിപ്പിക്കാനുമുതകുന്ന ഗ്രന്ഥം. മനുഷ്യജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങളെ കോർത്തിണക്കിയുള്ള മഹത്തായ ആശയങ്ങളുടെയും ദർശനങ്ങളുടെയും ലളിതവും സുന്ദരവുമായ അവതരണം. ചിന്തകനായ ഇമ്മാനുവേൽ ലെവിനാസിന്റെ തത്ത്വദർശനത്തിന്റെ പ്രായോഗിക ആവിഷ്കാരം. കോട്ടയം വടവാതൂർ സെമിനാരിയിലെ മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ 55 ഈടുറ്റ ലേഖനങ്ങളുടെ സമാഹാരം.




വില
₹ 100

**കോപ്പികൾക്ക് ബന്ധപ്പെടുക**

**ഫാ. തോമസ് കുഴിയടിച്ചിറ**
Mob: 9495439106

**ഷിബു ജോൺ വിളയിൽ**
Mob: 9745215467

Printed and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O. Kochi-682015, Ernakulam Dt.
Printed at St.Joseph's Orphanage Press, Changanacherry, Kerala - 686 101, Editor: Fr. Jacob Naluparayil